SINCE 1976

# ഐക്യദീപം

വില ₹10

2021 ഫെബ്രുവരി-മാർച്ച്



# YEAR OF ST. JOSEPH

## PATRIS CORDE

POPE FRANCIS RECALLS THE 150TH ANNIVERSARY OF THE DECLARATION OF ST. JOSEPH AS PATRON OF THE UNIVERSAL CHURCH

www.malankaralibrary.com

# പുഷ്പഗിരി ഓട്ടിസം അരീന













ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുഞ്ഞുങ്ങൾക്കായി പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ പ്രതീക്ഷ ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ ലോകോത്തര നിലവാരത്തിലുള്ള സൗകര്യങ്ങളുമായി പ്രതീക്ഷ ഓട്ടിസം അരീന പ്രവർത്തനമാരംഭിച്ചു. കുട്ടികളിലുള്ള ബുദ്ധിപരവും, ശാരീരികവുമായ വെല്ലുവിളികളിൽ പ്രധാനമായ ഓട്ടിസം, അമിതബഹളം, പഠനവൈകല്യങ്ങൾ, ശ്രദ്ധക്കുറവ് തുടങ്ങിയ നിരവധി വെല്ലുവിളികൾക്കുള്ള പരിഹാരമാർഗ്ഗമാണ് പുഷ്പഗിരി ഓട്ടിസം അരീന. ശബ്ദം, വെളിച്ചം, സ്പർശം, ഗന്ധം തുടങ്ങിയവയിലൂടെ കുഞ്ഞുങ്ങളിലെ ഇന്ദ്രിയങ്ങളുടെ വികസനത്തിലൂന്നിയുള്ള ചികിത്സാരീതികളാണ് ഇത്. കൂടാതെ സെൻസറി ഇന്റഗ്രേഷൻ തെറാപ്പി, വെസ്റ്റിബുലാർ സ്റ്റിമുലേഷൻ, മ്യൂസിക് തെറാപ്പി, അരോമ തെറാപ്പി, ഓഡിയോ വിഷ്വൽ സ്റ്റിമുലേഷൻ, ഹൈപ്പർ ആക്ടിവിറ്റി നിയന്ത്രിക്കുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ പ്രതീക്ഷ ഓട്ടിസം അരീനയുടെ പ്രത്യേകതകളാണ്.

സെന്ററിന്റെ ഉദ്ഘാടനം പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രി എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ.ജേക്കബ് പുന്നൂസ് ഐ.പി.എസ്. നിർവഹിച്ചു. ആർച്ചുബിഷപ്പ് അഭി. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത അനുഗ്രഹ പ്രഭാഷണം നടത്തി. ശ്രീമതി ലക്ഷ്മി ഗിരീഷ് കുറുപ്പ്, ഫാ. ജോസ് കല്ലുമാലിക്കൽ, ഫാ. തോമസ് പരിയാരത്ത്, ഡോ. എബ്രഹാം വർഗീസ്, ഡോ. ജേക്കബ് എബ്രഹാം, പ്രതീക്ഷ ചൈൽഡ് ഡെവലപ്മെന്റ് സെന്റർ മേധാവി ഡോ. മഞ്ജു ജോർജ് ഇലഞ്ഞിക്കൽ എന്നിവർ പ്രസംഗിച്ചു.

www.malankaralibrary.com




2021 ഫെബ്രുവരി – മാർച്ച്
പുസ്തകം 52 ലക്കം 13

രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

അസോ. എഡിറ്റർ
**ഫാ. മാത്യു ചിറയിൽ**

പ്രസാധകൻ
**റൈറ്റ് റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

സർക്കുലേഷൻ മാനേജർ & കോ-ഓർഡിനേറ്റർ
**ഫാ. കോശി മണ്ണിൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

**പത്രാധിപസമിതി**

**ഫാ. ഡോ. തോമസുകുട്ടി പതിനെട്ടിൽ**
**ഫാ. ഡോ. തോമസ് പാറയ്ക്കൽ**
**റവ. സി. അലീന എസ്.ഐ.സി.**
**റവ. സി. റാണി മരിയ ഒ.എസ്.എസ്.**
**ലൈജു കോശി മാത്യു**
**ജയിസ് കോഴിമണ്ണിൽ**
**വർഗീസ് ഐസക് തെക്കേടത്ത്**

**Annual Subscription ₹ 120.00**
**Single Copy ₹ 10.00**
**Overseas : $40.00 or ₹ 2750**

**Bank Details :**
**Chief Editor, Aikyadeepam**
**Union Bank, Tiruvalla 689 101**
**A/c No. 110110100023901**
**IFSC. UBIN0811017**

**Printed at :**
**Mangalam Webmedia, Kottayam**
**Designed by :**
**St. Joseph Press**
**Kacherippady, Tiruvalla**
**Ph : 0469 2602936**
**sjtvla10@gmail.com**

# ഐക്യദീപം

## ഉള്ളടക്കം

**എഡിറ്റോറിയൽ** – വിശുദ്ധിയുടെ തുറമുഖത്തേക്ക് അടുപ്പിക്കുന്ന നോമ്പുകാലം ........ 04

**ഇടയശബ്ദം** ........ 06
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

**വലിയനോമ്പിലെ ഞായറാഴ്ചകളുടെ ധ്യാനചിന്തകൾ** ........ 08
ഫാ. ജോസഫ് പൂവത്തുംതറയിൽ

**ഓശാന മുതൽ ഉയിർപ്പുവരെ – ധ്യാനചിന്തകളിലൂടെ ഒരാത്മീയ യാത്ര** ........ 19
ഫാ. കുറിയാക്കോസ് തിരുവാലിൽ

**മരക്കുരിശിലെ മഹാസ്നേഹം** ........ 23
ഫാ. മാത്യു ആലുംമൂട്ടിൽ

**നീതിമാന്റെ വർഷം** ........ 30
പ്രൊഫ. കവിയൂർ ശിവപ്രസാദ്

**നിറഞ്ഞ മനസ്സോടെയും പൂർണ്ണ സംതൃപ്തിയോടെയും ഒരു പൗരോഹിത്യ ജീവിതം** ........ 33
ഫാ. ഏലിയാസ് തേക്കനാലുമായി ഫാ. ഐസക് പറപ്പള്ളിൽ നടത്തിയ അഭിമുഖം

**സുറിയാനി ഭാഷ – പഠന പരമ്പര (രണ്ടാം ഭാഗം)** ........ 40
ഫാ. ഡോ. രാജു പറക്കോട്ട്

**ശാപമോക്ഷം** ........ 43
ലെനി എബ്രഹാം പാക്കാനിക്കുഴിയിൽ

All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
St. John's Metropolitan Cathedral, Tiruvalla - 1.
Phone : 0469 2600626. E-mail : aikyadeepamtvla@gmail.com

www.malankaralibrary.com

## എഡിറ്റോറിയൽ



# വിശുദ്ധിയുടെ തുറമുഖത്തേക്ക് അടുപ്പിക്കുന്ന നോമ്പുകാലം

ആരാധനാജീവിതത്തിൽ നോമ്പിനും പ്രാർത്ഥനയ്ക്കും ഉപവാസത്തിനും അതുല്യമായ സ്ഥാനമാണുള്ളത്. എല്ലാ മതവിഭാഗങ്ങളിലും നോമ്പും അതോടനുബന്ധിച്ചുള്ള അനുഷ്ഠാനങ്ങളുമുണ്ട്. റംദാൻ മാസത്തിൽ മുസ്ലിം സഹോദരങ്ങളും, ശബരിമലയിൽ ഹൈന്ദവ സഹോദരങ്ങളുമൊക്കെ കഠിനമായ വ്യതമെടുത്ത് നോമ്പ് അനുഷ്ഠിക്കുന്നത് നമുക്കറിയാം. നോമ്പുകാലത്തിന്റെ പ്രധാന സന്ദേശം പശ്ചാത്താപവും മാനസാന്തരവുമാണ്. പഴയനിയമത്തിൽ പ്രവാചകന്മാർ ഉപവസിച്ച് പ്രാർത്ഥിച്ചിരുന്നതായി വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നു. ''ഇസ്രായേൽജനത്തെ നയിച്ച മോശ, സീനായ് മലയിൽ ദൈവകല്പനകൾ സ്വീകരിക്കുന്നതിനൊരുക്കമായി 40 ദിനരാത്രങ്ങൾ ഉപവസിച്ചു പ്രാർത്ഥിച്ചു'' (പുറ. 24:18). തപശ്ചര്യകളനുഷ്ഠിച്ച ദാനിയേലിനെയും (ദാനി. 9:3), ചാക്കു ധരിച്ച് വിലപിച്ച് ഉപവസിച്ച് പ്രാർത്ഥിക്കാനാവശ്യപ്പെടുന്ന ജോയേലിനെയും (ജോയേൽ 1:13), 40 ദിവസം ഉപവസിച്ച് പ്രാർത്ഥിച്ച ഏലിയായെയും (1രാജ. 19:8), കർത്താവ് ആഗ്രഹിക്കുന്ന ഉപവാസത്തെപ്പറ്റി പറയുന്ന ഏശയ്യായെയും (ഏശ. 58:1–5) വി. ഗ്രന്ഥത്തിൽ നാം കാണുന്നു. അതുപോലെതന്നെ, പരസ്യജീവിതത്തിനുമുമ്പ്, 40 ദിവസം മരുഭൂമിയിൽ പ്രാർത്ഥനയിലും ഉപവാസത്തിലും കഴിഞ്ഞ യേശുവിനെപ്പറ്റിയും (ലൂക്കാ. 4:1–2) നാം കാണുന്നുണ്ട്. ആദിമക്രൈസ്തവരും അവരുടെ ജീവിതത്തിൽ നോമ്പിനും ഉപവാസത്തിനും ഏറെ പ്രാധാന്യം നല്കിയിരുന്നു.

ഓരോ ദൈവവിശ്വാസിയുടെയും ശുദ്ധീകരണത്തിനും ശാക്തീകരണത്തിനും ഉതകുന്നതാണ് നോമ്പും, നോമ്പിനോടു ചേർന്നു നില്ക്കുന്ന പ്രാർത്ഥനയും, ഉപവാസവും, ദാനധർമ്മവും. പ്രാർത്ഥനയിൽ നാം ഇങ്ങനെ കാണുന്നു: ''നാല്പതു നോമ്പതു നോക്കുക നീ, തീറ്റുക തീനില്ലാത്തവനെ''. നോമ്പു നോല്ക്കുന്നവന്റെ ഉത്തരവാദിത്വം കൂടിയാണ് തീനില്ലാത്തവനെ (ഭക്ഷണമില്ലാത്തവനെ) തീറ്റുക (ഭക്ഷണം കൊടുക്കുക) എന്നത്. നാം ഉപവസിക്കുന്നത് നമ്മുടെ ആത്മീയ നന്മയ്ക്കും, സഹോദരന്റെ ഭൗതിക നന്മയ്ക്കുംവേണ്ടി കൂടിയാണ്. അതിനാൽ ആത്മീയമായ കർമ്മത്തിന് ഒരു സാമൂഹികമാനം കൂടിയുണ്ട് എന്നാണ് സഭ നമ്മെ പഠിപ്പിക്കുന്നത്. സമൂഹത്തിലുള്ള ആലംബഹീനരെ കരുതുക എന്നത് ഒരു വിശ്വാസിയുടെ ഉത്തമ ധർമ്മമാണെന്നർത്ഥം. എന്നു പറഞ്ഞാൽ, ദൈവസ്നേഹവും, പരസ്നേഹവും ഒരുപോലെ പ്രാധാന്യമുള്ളതാണ്. നോമ്പുകാലത്ത് നാം ഇങ്ങനെ പ്രാർത്ഥിക്കുന്നു: ''നോമ്പ് നല്ലതാണ്. എന്നാൽ ഒരുവൻ സ്നേഹം കൂടാതെ നോമ്പു നോറ്റാൽ, അവന്റെ വ്യതംകൊണ്ട് യാതൊരു പ്രയോജനവുമില്ല''. സ്നേഹത്തോടെ മറ്റുള്ളവരെ കാണാൻ നമ്മുടെ കണ്ണു തുറക്കുന്നില്ലെങ്കിൽ, അധരംകൊണ്ടു മാത്രം നടത്തുന്ന പ്രാർത്ഥനയ്ക്ക് പ്രയോജനമില്ല എന്നർത്ഥം. പ്രാർത്ഥനയിൽ ഇപ്രകാരം വീണ്ടും കാണുന്നു: ''പ്രാർത്ഥന നല്ലതാണ്. എന്നാൽ സ്നേഹം അതിനെ കരേറ്റുന്നില്ലെങ്കിൽ അതിന്റെ ചിറക് ബലഹീനമത്രേ''. നോമ്പുകാലത്തെ പ്രാർത്ഥനകളെല്ലാം മനോഹരമായി പരസ്നേഹത്തിന്റെയും കരുതലിന്റെയും സന്ദേശം നല്കുന്നുണ്ട്. ''നോമ്പും പ്രാർത്ഥനയും സ്വർഗ്ഗത്തിലേക്കു കരേറുവാനുള്ള മാർഗ്ഗമാണ്. അതുപോലെതന്നെ, ശത്രുവിനെ ജയിക്കുവാനുള്ള ആയുധവും. പ്രാർത്ഥനയിൽ ഇപ്രകാരം കാണുന്നു: ''ശുദ്ധമുള്ള നോമ്പ് ജയത്തിന്റെ അടയാളവും, ശത്രുവായ ദുഷ്ടന് നേരെ തോല്ക്കാത്ത ആയുധവുമാണ്.

നോമ്പുകാലം തീഷ്ണതയേറിയ പ്രാർത്ഥനയുടെ കാലമാണ് – ''വലിയോരായുധമാം നോമ്പിൽ തീഷ്ണതയുൾക്കൊൾക'' എന്നാണ് നാം പ്രാർത്ഥിക്കുന്നത്. തീഷ്ണതയോടെ നോമ്പു നോല്ക്കുക, പ്രാർത്ഥിക്കുക, ഉപവസിക്കുക, ദാനധർമ്മം നടത്തുക, പുണ്യപ്രവൃത്തികൾ ചെയ്യുക... ഇവയാണ് നോമ്പുകാലത്തെ പ്രത്യേകതകൾ. തീഷ്ണതയേറിയ പ്രാർത്ഥനയാണ് നമ്മുടെ വിശ്വാസജീവിതത്തിന്റെ ശക്തി. നന്നായി പ്രാർത്ഥിക്കുന്നവന് പ്രാർത്ഥന ഊർജമാണ്. യേശുവിനും പ്രാർത്ഥന ശക്തിയായിരുന്നു – 40 ദിവസം മരുഭൂമിയിലും, പിന്നീട് താബോർമലയിലും ഗത്സമേൻ തോട്ടത്തിലുമൊക്കെ പ്രാർത്ഥിച്ച യേശു അതിലൂടെ കൂടുതൽ ശക്തി പ്രാപിക്കുകയായിരുന്നു. നോമ്പും പ്രാർത്ഥനയും, പശ്ചാത്താപവും മാനസാന്തരവും ലക്ഷ്യം വയ്ക്കുന്നതിനാൽ, യഥാർത്ഥ പ്രാർത്ഥന 'ദൈവമേ, പാപിയായ എന്നിൽ കനിയണമെ' എന്ന ചുങ്കക്കാരന്റെ പ്രാർത്ഥന പോലെയാകണം – നമ്മെത്തന്നെ പരിശോധിക്കുന്നതാണ് യഥാർത്ഥ പ്രാർത്ഥന – നമ്മിലെ കുറവുകളും തെറ്റുകളും കണ്ടെത്തുവാനുള്ള അവസരം കൂടിയാണ് പ്രാർത്ഥനയുടെ നിമിഷം. എങ്ങനെയിരിക്കുന്നുവെന്നറിയാൻ നാം കൂടെക്കൂടെ കണ്ണാടി നോക്കുന്നവരാണ്.



www.malankaralibrary.com

എങ്ങനെയാണെന്ന് കാണുന്നതിനേക്കാളേറെ, എങ്ങനെയായിരിക്കണമെന്ന് അറിയാനാണ് നാം പലപ്പോഴും കണ്ണാടി നോക്കുന്നത് (mirror spirituality). നോമ്പുകാലം 4 കാര്യങ്ങൾ സ്വയമേ ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കണം – തിരിയുക, കരയുക, എരിയുക, കുനിയുക – നോമ്പുകാലം നമ്മിലേക്കുതന്നെ ഒന്നു തിരിഞ്ഞുനോക്കാൻ, കുറവുകളുടെ മേഖല തിരിച്ചറിയാൻ, തിന്മയുടെ വഴിയിൽനിന്ന് കര കയറാൻ, തെറ്റുകളെ ഓർത്ത് കരയുവാൻ, തീഷ്ണതയിൽ എരിയുവാൻ, എളിമയോടെ ഒന്നു കുനിഞ്ഞു കൊടുക്കുവാൻ ഇടയാകേണ്ട സമയമാണ്. മാമ്മോദീസാവേളയിൽ യേശുവും സ്നാപകയോഹന്നാന്റെ മുമ്പിൽ കുനിഞ്ഞു – ആ കുനിയലിലൂടെ സംഭവിച്ചതെന്തൊക്കെയാണ് – സ്വർഗ്ഗം തുറക്കപ്പെട്ടു, ആത്മാവിന്റെ അഭിഷേകമുണ്ടായി, ദൈവത്തിന്റെ സ്വരം കേട്ടു, ദൈവത്തിന്റെ പ്രിയപുത്രൻ എന്ന് ഉദ്ഘോഷിക്കപ്പെട്ടു, അങ്ങനെ ദൈവപ്രസാദമുണ്ടായി. ഒന്നു കുനിഞ്ഞു കൊടുക്കുമ്പോൾ ഓരോ വിശ്വാസിയിലും സംഭവിക്കുന്നതും ഇതുതന്നെയാണ്. യേശു കുനിഞ്ഞ മറ്റൊരു സന്ദർഭവും വി. ഗ്രന്ഥത്തിലുണ്ട് – തന്റെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകാൻ – ആ കുനിയലിലൂടെ എളിമയുടെ, താഴ്മയുടെ പാഠം അവിടുന്ന് നമ്മെ പഠിപ്പിച്ചു. ഒറ്റിക്കൊടുത്തവന്റെയും, തള്ളിപ്പറഞ്ഞവന്റെയും പാദം കഴുകാൻ കാണിച്ച ആ മനസ്സിന്റെ വലുപ്പം ഓരോ വിശ്വാസിയുടെയും മനസ്സിനുണ്ടാകേണ്ടുന്ന വലുപ്പത്തെയാണ് ഓർമ്മിപ്പിക്കുക.

കുറവുകളെ കണ്ടുപിടിക്കാനുള്ള കാലവും കൂടിയാണ് നോമ്പുകാലം. കുറവ് കണ്ടെത്തുന്നിടത്ത് നിറവിന്റെ സമൃദ്ധി നല്കാൻ തമ്പുരാന് സാധിക്കും. നമ്മുടെ ഏറ്റം വലിയ നിറവ്, അവിടുന്ന് കൂടെയുണ്ടെന്നുള്ള ബോദ്ധ്യമാണ്. ''കർത്താവാണ് എന്റെ ഇടയൻ. എനിക്ക് ഒന്നിനും കുറവുണ്ടാകുകയില്ല'' (സങ്കീ.23:1). ഇത് ഒരു വിശ്വാസി വെറുതെ വായിച്ച് അവസാനിപ്പിക്കേണ്ട വചനമല്ല, അതൊരു ബോദ്ധ്യമാണ്, തീരുമാനമാണ് – വ്യക്തിപരമായ അനുഭവമാണ്. 'അവിടെ വീഞ്ഞില്ല' (യോഹ. 2) എന്ന് പറഞ്ഞിടത്ത് വീഞ്ഞിന്റെ സമൃദ്ധി നല്കുവാനിടയായതിലൂടെ വിവാഹവിരുന്നിലെ ദുഃഖം സന്തോഷമായി മാറി. ''രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും മീനൊന്നും കിട്ടിയില്ല'' (യോഹ. 21) എന്നു പറഞ്ഞിടത്ത് മീനിന്റെ സമൃദ്ധിയും, ''എല്ലാവർക്കും കഴിക്കുവാൻ ആവശ്യത്തിന് അപ്പമില്ല'' (മത്താ. 14) എന്ന് പറഞ്ഞിടത്ത് അപ്പത്തിന്റെ സമൃദ്ധിയും, കാഴ്ച കുറവുള്ള അന്ധന് കാഴ്ചയുടെ സമൃദ്ധിയും (മർക്കോ. 8:2) ലഭിക്കുന്നത് വി.ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. നാം നിറവിലേക്കും സമൃദ്ധിയിലേക്കും വരാനുള്ള ഏക മാർഗ്ഗം കുറവിനെപ്പറ്റി ബോദ്ധ്യപ്പെട്ട്, അത് തമ്പുരാന്റെ മുമ്പിൽ അവതരിപ്പിക്കുക എന്നതു മാത്രമാണ്. അതുതന്നെയാണ് കർത്താവു പറഞ്ഞതും. ''ഞാൻ വന്നിരിക്കുന്നത് ജീവൻ നല്കുവാനും, അത് സമൃദ്ധമായി നല്കുവാനുമത്രേ'' (യോഹ. 10:10).

നമ്മെ ഒരു മടക്കയാത്രയിലേക്ക് ആഹ്വാനം ചെയ്യുന്ന കാലഘട്ടമാണ് നോമ്പുകാലം. പാപപങ്കിലമായ ജീവിതത്തിൽനിന്ന്, തഴക്കദോഷങ്ങളിൽനിന്ന്, ദുശ്ശീലങ്ങളിൽനിന്ന്, ആത്മീയ അലസതയിൽനിന്നൊക്കെയുള്ള മടക്കയാത്ര. ''പിന്തിരിയുവിൻ, തിന്മയിൽനിന്നു നിങ്ങൾ പിന്തിരിയുവിൻ'' (എസെ. 33:11). തിന്മയിൽനിന്നു പിന്തിരിയുവാനുള്ള ആഹ്വാനമാണ് നോമ്പുകാലം. ഏശയ്യായും തിരിച്ചുവരവിനെപ്പറ്റി പറയുന്നുണ്ട്: കാർമേഘം പോലെ നിന്റെ തിന്മകളെയും മൂടൽമഞ്ഞുപോലെ നിന്റെ പാപങ്ങളെയും ഞാൻ തുടച്ചുനീക്കി. എന്നിലേക്കു തിരിച്ചു വരിക'' (ഏശ. 44:22). ഹോസിയ പറയുന്നു, ''നിന്റെ ദൈവമായ കർത്താവിലേക്കു തിരിച്ചു വരിക. കുറ്റം ഏറ്റ് പറഞ്ഞ് കർത്താവിന്റെ അടുക്കലേക്കു തിരിച്ചു വരിക'' (ഹോസി. 14:1). വി. പൗലോസ് അപ്പസ്തോലനും ഇതുതന്നെ പറയുന്നു, ''മനസ്സിന്റെ നവീകരണംവഴി രൂപാന്തരപ്പെടുവിൻ'' (റോമ. 12:2). തിരിച്ചുവരവ് പുതുതീരുമാനങ്ങളുമായാണ് നടത്തേണ്ടത് – ഒരു പുതുജീവൻ പ്രാപിക്കുവാനുള്ള തീരുമാനം. ലാസറിന്റെ കബറിങ്കൽ കർത്താവ് പറയുന്നു – കല്ലെടുത്തു മാറ്റുക, കെട്ടുകളഴിക്കുക, പുറത്തു വരിക – പുറത്തു വരുവാനുള്ള മാർഗ്ഗം, നമ്മുടെ ജീവിതത്തിലെ കല്ലുകളെടുത്തു മാറ്റുകയും, ബന്ധനങ്ങളുടെ കെട്ടുകളഴിക്കുന്നതുമാണ്. നോമ്പുകാലം പ്രത്യേകിച്ചും അതിനുള്ളതാണ്. ദൈവേഷ്ടത്തോട് അനുരൂപപ്പെടാനുള്ള ചികിത്സയാണ് നോമ്പ്. ദൈവത്തോടും സഹോദരങ്ങളോടുമുള്ള നഷ്ടപ്പെട്ട ബന്ധം വീണ്ടെടുക്കുവാൻ – മുറിക്കപ്പെട്ട ബന്ധം വിളക്കിയെടുക്കാൻ. യേശു ധനികനായ യുവാവിനോട് (മത്താ. 19:16-22) പറഞ്ഞു, ''നിനക്ക് ഒരു കുറവുണ്ട്''. നോമ്പുകാലം നമ്മുടെ ജീവിതത്തിലെ കുറവുകൾ കണ്ടുപിടിക്കാനുള്ള സമയമാണ് – പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞ് പുതിയ ജീവിതത്തിലേക്കുള്ള മടങ്ങി വരവാണത് (എഫേ. 4:22-24). നടന്നകന്നുപോയ നാശത്തിന്റെ പാത വിട്ട് സക്കേവൂസിനെപ്പോലെ മടങ്ങി വരാൻ തീരുമാനമെടുക്കേണ്ട സമയമാണ് നോമ്പുകാലം. അങ്ങനെ ഒരു പുത്തൻ ജീവിതശൈലിക്കു തുടക്കം കുറിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന കാലമാണ് നോമ്പുകാലം. വലിയനോമ്പിന്റെ പ്രാർത്ഥനകളിൽ അതാണ് നാം കാണുക: ''ഈ നോമ്പിന്റെ അവസാനത്തിൽ ഞങ്ങൾ പ്രശോഭിതരായി തീരണമെ. വിശുദ്ധിയുടെ തുറമുഖത്തേക്ക് ഞങ്ങളെ അടുപ്പിക്കണമെ''. അതെ, കർത്താവിൽ പ്രശോഭിതരായി വിശുദ്ധിയുടെ തുറമുഖത്തേക്ക് കൂടുതൽ അടുക്കുവാൻ ഈ നോമ്പ് നമുക്ക് ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കാം.

ഏവർക്കും അനുഗ്രഹീതമായ നോമ്പുകാലവും, സന്തോഷകരമായ ഉയിർപ്പുപെരുന്നാളും ആശംസിക്കുന്നു.


**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**



www.malankaralibrary.com



# ഇടയശബ്ദം



**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്

**മ**നുഷ്യജീവിതത്തിന്റെ മൂന്നു സാദ്ധ്യതകളെപ്പറ്റി പറഞ്ഞുകേൾക്കാറുണ്ട് - live out, wear out and burn out - സംതൃപ്തിയോടെ ജീവിക്കുക, ഇല്ലാതാകുക, എരിഞ്ഞുതീരുക എന്ന് മൊഴിമാറ്റം ചെയ്യാം. എങ്കിലും അവയുടെ യഥാർത്ഥമായ അർത്ഥവും സൂഷ്മമായ വ്യാപ്തിയും മൊഴിമാറ്റത്തിലൂടെ മനസിലാകണമെന്നില്ല. ഉദാഹരണത്തിന്, എരിഞ്ഞുതീരുക എന്നത് നമ്മുടെ ഇടയിൽ പോസിറ്റീവ് ആയിട്ടാണ് കണക്കാക്കുന്നത്. പക്ഷെ ഇംഗ്ലീഷിൽ അത് അമിത വ്യായാമം, ഉൽക്കണ്ഠ, തിരക്ക് ഇവമൂലം എളുപ്പത്തിൽ കത്തിത്തീരുന്നതിനെയാണ് സൂചിപ്പിക്കുന്നത്. എന്തുമാവട്ടെ. ഓടി ഓടി തേഞ്ഞു തീരുന്നതും എരിഞ്ഞെരിഞ്ഞ് ചാമ്പലാകുന്നതും അല്ല നാം സ്വായത്തമാക്കേണ്ടത്. നാം ജീവിച്ച് ജീവിച്ച് സമാധിയാവണം എന്നതാണ് നന്മ. ഈ കോവിഡ് കാലഘട്ടം നമ്മെ ഒരുപാടു കാര്യങ്ങൾ പഠിപ്പിച്ചു. പ്രധാനമായതും അപ്രധാനമായതും തിരിച്ചറിയാൻ കഴിഞ്ഞു. ഏതിനാണ് മുൻതൂക്കം കൊടുക്കേണ്ടതെന്ന് പഠിച്ചു. വലിയ തിരക്കും നെട്ടോട്ടവും നമ്മെ എങ്ങും കൊണ്ടുചെന്ന് എത്തിച്ചില്ല എന്ന് മനസിലാക്കുക. ജീവിതത്തിന് ഒരു താളം ഉണ്ട്. അത് മനസിലാക്കി നൈർമ്മല്യത്തോടും ശാന്തതയോടുംകൂടി ജീവിക്കുവാൻ പഠിക്കണം. ആഫ്രിക്കയിലെ ഒരു പഴമൊഴി നമുക്കു സുപരിചിതമാണല്ലോ - എളുപ്പം എത്തുവാൻ തനിയെ പോകുക; ഏറെ ദൂരം താണ്ടാൻ ഒരുമിച്ചു നടക്കുക (If you want to go fast go alone, If you want to go far go together). മനുഷ്യൻ ഓടി തീർന്നിട്ടാണ് ചിന്തിക്കുന്നത് എന്തിനാണ് ഓടിയതെന്ന്, എന്തിനാണ് പെട്ടെന്ന് എത്തിയതെന്ന്....... ജീവിതം ആസ്വദിച്ച് പൂർത്തീകരിക്കണം. അതു ലോക വസ്തുക്കൾ ആർജ്ജിച്ചും, തിന്നും കുടിച്ചും അല്ല. പുഴപോലെ ഒഴുകുവാൻ പഠിക്കുക, തീരങ്ങളെ തലോടി വളർത്തി ഒഴുകുക.

സഭാജീവിതത്തിൽ നമ്മെ സംതൃപ്തിയോടും ശാന്തതയോടും ജീവിക്കുവാൻ സഹായിക്കുന്ന ആത്മീക ആയുധമാണ് ഉപവാസം, നോമ്പ്, വർജ്ജന, പരിത്യാഗ പ്രവർത്തനങ്ങൾ തുടങ്ങിയവ. ഒരു സമയക്രമീകരണംതന്നെ സഭ ഇതിനായി ചെയ്തിട്ടുണ്ട്. സഭയുടെ തനിമയിലും ആവിഷ്ക്കാരത്തിലും ജീവിതത്തിലും ഈ കാലങ്ങൾക്കും ശൈലികൾക്കും നമ്മോട് സംസാരിക്കുവാനുണ്ട്. ആത്മാവിന്റെ സുസ്ഥിതിക്കായി അദ്ധ്വാനിക്കുവാനും ശരീരത്തിന്റെ പ്രവണതകളെ നിയന്ത്രിക്കുവാനും ദൈവം നമ്മെ പരിശീലിപ്പിക്കുന്ന സാഹചര്യമാണ് ഇപ്പോൾ സംലഭ്യമായിരിക്കുന്ന നോമ്പുകാലം. ഈ സാഹചര്യങ്ങളെ വേണ്ടതുപോലെ പ്രയോജനപ്പെടുത്തി നോമ്പിന്റെ ശക്തിയിൽ നമ്മുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായും യഥാർത്ഥ ആരാധനയായും ദൈവത്തിനു സമർപ്പിക്കാം.

ആത്മീക പുതുക്കം എല്ലാവർക്കും ആവശ്യമായ ഒന്നാണ്. നാം നമ്മിലേക്കുതന്നെ തിരിയേണ്ടതും




www.malankaralibrary.com

നമ്മുടെ ശൈലികളും മനോഭാവങ്ങളും നിലപാടുകളും ആധി മുഖ്യങ്ങളും വിലയിരുത്തേണ്ടതും ആവശ്യമാണ്. പൊതുവെ മറ്റുള്ളവരെ തിരുത്തുവാനും അവരിലുള്ള കുറ്റങ്ങൾ കണ്ടുപിടിക്കുന്നതിനും നമുക്കേറെ താത്പര്യമാണ്. എന്നാൽ നമ്മെത്തന്നെ തിരുത്തുന്നത് അസഹ്യമാണ്. നാം ആരാധിക്കുന്ന ദൈവത്തിന്റെ മുമ്പിൽ, നമ്മെത്തന്നെ 'നഗ്നരാക്കി' സമർപ്പിക്കണം. അതായത് ഒന്നും മറച്ചു പിടിക്കാതെ പൂർണ്ണമായ ആശ്രയത്വത്തോടെ ദൈവസന്നിധിയിൽ നില്ക്കുക. ഇങ്ങനെയുള്ളവർ മറ്റുള്ളവരോടും പ്രകൃതിയോടും കരുണയും സ്നേഹവും പ്രകടിപ്പിക്കുന്നവരാകും. നോമ്പു നമുക്ക് വിശിഷ്ടമായ സമയമാണ്. നാം അണിഞ്ഞിരിക്കുന്ന മുഖാവരണങ്ങളെ മാറ്റുവാനും, കൂടുതൽ വിനയത്തോടും പശ്ചാത്താപത്തോടുകൂടി സ്വയം ശുദ്ധീകരിക്കുവാനും, ദൈവത്തിനും ദൈവഹിതത്തിനും ചേരാത്ത എല്ലാറ്റിൽനിന്നും പൂർണ്ണമായി സ്വതന്ത്രരാകുവാനുമുള്ള നവീകരണ സമയമാണ്.

നോമ്പിന്റെ മറ്റൊരു പ്രധാന ഭാഗമാണ്, നമുക്കുള്ളത് മറ്റുള്ളവരുമായി പങ്കുവയ്ക്കുക എന്നത്. കഴിഞ്ഞ പ്രളയത്തിലും മറ്റും നാം കണ്ടതാണല്ലോ - നാം കരുതിയിരുന്ന പലതും ആവശ്യ സന്ദർഭങ്ങളിൽ നമുക്കുതകുന്നില്ല എന്ന്. ബാങ്കിൽ പണം ഉള്ളതുകൊണ്ടായില്ല, കഴിക്കുവാൻ ഭക്ഷണം അത്യാവശ്യമാണ്. നാം കൊറോണയുടെ പിടിയിൽ അമർന്നിട്ട് ഒരു വർഷമാകുന്നു. ചെലവുകൾ ചുരുക്കുവാനും ആഡംഭരങ്ങളോടു വിട പറയുവാനും അത്യാവശ്യങ്ങളെ മാത്രം സ്വീകരിക്കുവാനും നാം പരിശീലിപ്പിക്കപ്പെട്ടു. ശ്രദ്ധിച്ചില്ലെങ്കിൽ വീണ്ടും പഴയതുപോലെതന്നെ ആയിത്തീരാം. കൊറോണയുടെ ആക്രമണം കുറഞ്ഞിട്ടില്ല - നാം ശ്രദ്ധയോടെ അതിനെ തുടർന്നും നേരിടണം. മാസ്ക്കുകളും സാനിറ്റേഷനും സാമൂഹിക അകലങ്ങൾ പാലിക്കുന്നതുമെല്ലാം നമുക്ക് ഒരു രൂപീകരണം തന്നെയാണ്. ഈ നോമ്പുകാലത്ത് കൂടുതൽ സഹോദരപ്രിയമായ കാര്യങ്ങൾ ചെയ്യണം. നമ്മുടെ സമ്പത്തിന്റെ ഒരു വിഹിതം പാവപ്പെട്ടവരുമായി പങ്കുവയ്ക്കണം. പാവങ്ങളെ കരുതാത്ത ഒരു നാളും നമുക്കുണ്ടാവരുത്. നാം മോടിയായി എല്ലാം ചെയ്യുമ്പോഴും, മറ്റുള്ളവർ നല്ലതെന്ന് പറയുമ്പോഴും ചിന്തിക്കുക - ദൈവത്തിനു സ്വീകാര്യമാണോ അവ? പാവപ്പെട്ടവർക്കുവേണ്ടി നമ്മുടെ കൈയ്യിൽ ദൈവം തന്നത്, ദുർവിനിയോഗം ചെയ്യുവാനല്ല, അത് അവരുടെ കൈകളിൽതന്നെ എത്തുവാൻ വേണ്ടിയാണ്. ഈ നിശ്ചയ ദാർഢ്യം നമുക്കുണ്ടാകണം. കൊടുത്ത് മേനി നടിക്കാനും പെരുമ കൂട്ടാനുമല്ല - കൊടുത്ത്, ഇല്ലാത്തവരുടെ ഭാഗധേയം സ്വന്തം ആക്കുന്നതിനാണ് നാം ശ്രദ്ധിക്കേണ്ടത്. പുൽക്കൂട്ടിൽ പിറന്നവന്റെ സന്തോഷം അങ്ങനെയേ വർദ്ധിക്കൂ.

മാർപാപ്പയുടെ സർവ്വരും സഹോദരങ്ങൾ (Fratelli Tutti) എന്ന അതിശ്രദ്ധേയമായ തിരുവെഴുത്ത് കൊറോണയുടെ തിക്തഫലങ്ങളിൽ ഏകാന്തതയുടെ തടവറകളെ ഭേദിക്കുന്നതാണ്. ഒരു പുതിയ ആകാശവും പുതിയ സാമൂഹിക വ്യവസ്ഥിതിയും ഉണ്ടാക്കുന്ന കൃപാവചസുകൾ. നാമെല്ലാം ഒരേ ദൈവത്തിന്റെ മക്കളും, നമ്മളെല്ലാം സഹോദരങ്ങളും എന്ന സ്ഥായിയായ സത്യം ഒരിക്കൽകൂടി പുനപ്രതിഷ്ഠിക്കപ്പെടുന്നു. നഷ്ടപ്പെടലും അപമാനവും അസ്വസ്ഥതകളും മാത്രം വച്ചു നീട്ടുമ്പോൾ പോലും, ഈ മഹാസത്യത്തെ പുൽകുവാൻ ക്രൈസ്തവ സഹോദരങ്ങൾ ശ്രദ്ധിക്കണം. കണ്ണിനു പകരം കണ്ണും, അടിക്കു പകരം അടിയും നമ്മെ പ്രാകൃതമാക്കുകയേയുള്ളൂ. യേശുനാഥന്റെ ശിഷ്യർ എന്നതാണ് നമ്മുടെ മുഖമുദ്ര. അതിനു മാത്രമെ പ്രസക്തിയുള്ളു. അതു മാത്രമായിരിക്കണം നാം ആഗ്രഹിക്കേണ്ടത്. സമ്പത്തും മറ്റും കൊഴിഞ്ഞു പോകുന്നവയാണ്. ചരിത്രമെഴുതുന്ന താളുകളിൽ സ്ഥാർത്ഥതയുടെ മഷി പടർന്ന് പ്രത്യാശയുടെ ലോകത്തെ താറുമാറാക്കരുത്. നാം ഈ ലോകത്ത് ഒരിക്കലേ ജീവിക്കൂ. പക്ഷെ നാം ജീവിക്കേണ്ടത് നന്മയ്ക്കുവേണ്ടിയാവണം. നന്മയായി കടന്നു പോകണം.


www.malankaralibrary.com



# വലിയനോമ്പിലെ ഞായറാഴ്ചകളുടെ ധ്യാനചിന്തകൾ



**ഫാ. ജോസഫ് പൂവത്തുംതറയിൽ**
(സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി, തിരുവനന്തപുരം)

ആരാധനക്രമവത്സരത്തിലെ വലിയനോമ്പു കാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ആരാധനക്രമവത്സരത്തിലെ ഏറ്റവും അനുഗ്രഹീതമായ കാലമാണിത്. സഭാപിതാക്കന്മാർ പുണ്യങ്ങൾ പൂക്കുന്ന കാലമെന്നും, കൊയ്ത്തിന്റെ കാലമെന്നും നോമ്പുകാലത്തെ വിശേഷിപ്പിക്കുന്നു. പുണ്യപ്രവർത്തികളിലൂടെയും, പ്രാർത്ഥനയിലൂടെയും, തപശ്ചര്യകളിലൂടെയും ദൈവാനുഗ്രഹം കൊയ്തെടുക്കുന്ന കാലം. യേശുവിന്റെ മരുഭൂമിയിലെ നാല്പതു ദിവസത്തെ ഉപവാസവും, യേശുവിന്റെ പരസ്യജീവിതവുമാണ് നോമ്പുകാലത്തെ പ്രധാന ധ്യാനവിഷയം. യേശുവിന്റെ പരസ്യജീവിതകാലത്ത് അവൻ പ്രവർത്തിച്ച അത്ഭുതങ്ങളാണ് നോമ്പുകാലത്തിലെ ഓരോ ഞായറാഴ്ചയിലെയും സുവിശേഷ വായനകൾ. നമ്മുടെ കർത്താവിന്റെ ഉയിർപ്പിന് ഒരുക്കമായിട്ടാണ് നാം ഈ തപസ്സ് അനുഷ്ഠിക്കുന്നത്. കർത്താവിന്റെ മണവാട്ടിയായ സഭ അവന്റെ പരസ്യജീവിതത്തിലൂടെയും പെസഹാ രഹസ്യങ്ങളിലൂടെയും ധ്യാനപൂർവ്വം തീർത്ഥാടനം ചെയ്യുകയാണ് നോമ്പുകാലത്തിൽ.

## വലിയ നോമ്പിലെ ഒന്നാം ഞായർ

**കൊത്തിനെ ഞായർ - കാനായിൽ വെള്ളം വീഞ്ഞാക്കിയത്**

**കൊളോ 3:5-17; യോഹ. 2:1-11**

കർത്താവ് തന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ പ്രവർത്തിച്ച കാനായിലെ അത്ഭുതമാണ് ആദ്യത്തെ ഞായറാഴ്ചയുടെ ധ്യാനവിഷയം. ഈ സുവിശേഷം നല്കുന്ന ചില ചിന്തകളിലേക്ക് നമുക്ക് ശ്രദ്ധ തിരിക്കാം.

**1. കാനാ സംഭവം കാൽവരിയിലേക്കുള്ള യാത്രയുടെ തുടക്കം**

നോമ്പ് ഈശോയുടെ പെസഹാരഹസ്യങ്ങളുടെ ആഘോഷത്തിനും, ഓർമയ്ക്കുമുള്ള ഒരുക്കമാണ്. യേശുവിന്റെ പരസ്യജീവിതത്തിന്റെ അന്ത്യത്തിലാണ് അവന്റെ പീഡാസഹനവും, ക്രൂശാരോഹണവും, ഉത്ഥാനവും നടക്കുക. അവന്റെ ജീവിതയാത്രയുടെ മുഴുവൻ ലക്ഷ്യം ഈ ബലിയർപ്പണമായിരുന്നു. അവന്റെ പരസ്യജീവിതത്തിന്റെ ഒരുക്കമായി നാല്പതു ദിനരാത്രങ്ങൾ ഉപവസിച്ചു. ഈ ഉപവാസത്തോടെ തുടങ്ങിയ അവന്റെ പരസ്യജീവിതം പൂർത്തിയായത് മരണത്തിലും, ഉത്ഥാനത്തിലുമാണ്. സഭയും നാല്പതു ദിവസത്തെ നോമ്പ് അനുഷ്ഠിച്ച് യാത്ര ചെയ്യുന്നത് അവന്റെ പീഡാസഹനത്തിലും, മരണത്തിലും, ഉത്ഥാനത്തിലും പങ്കാളിയാകുവാനാണ്. നോമ്പുകാല പ്രാർത്ഥനയിൽ വ്യാഴാഴ്ച പ്രഭാതത്തിലെ എനിയോനോയിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു: ''ഉയിർപ്പു ദിവസത്തിൽ നോമ്പുകാർക്ക് ഭാഗ്യം. എന്തെന്നാൽ അവർ തേജസ്സും പ്രഭയും മഹിമയും ധരിക്കുന്നു''. ക്രിസ്തുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും രഹസ്യങ്ങളെ ധ്യാനിക്കുന്ന സഭയുടെ ലക്ഷ്യവും, ഈ ഉയിർപ്പ് പ്രാപിക്കുക എന്നതാണ്.

നോമ്പിന്റെ തുടക്കദിവസം നാം ധ്യാനിക്കുന്ന കാനായിലെ കല്യാണ വിരുന്നും, കാൽവരിയും തമ്മിലും ഏറെ സാമ്യമുണ്ട്.

* **മൂന്നാം ദിവസം** : ഇത് കർത്താവിന്റെ ഉയിർപ്പിന്റെ സൂചനയാണ്.

* **വിവാഹ വിരുന്ന്** : സഭയും മിശിഹായും തമ്മിലുള്ള ബന്ധത്തിന്റെ സൂചനയാണ്. പൗലോസ് അപ്പസ്തോലൻ എഫേസോസുകാർക്കെഴുതിയ ലേഖനം 6-ാം അദ്ധ്യായം 22 മുതലുള്ള വാക്യങ്ങളിൽ മണവാളനും മണവാട്ടിയും തമ്മിലുള്ള ബന്ധത്തോടാണ് ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ ഉപമിച്ചിരിക്കുന്നത്. മിശിഹായും സഭയും തമ്മിലുള്ള വിവാഹം നടക്കുന്നത് കുരിശിൽ വച്ചാണ്. നമ്മുടെ വിവാഹ കൂദാശയിലെ ആദ്യ ശുശ്രൂഷയിലെ സൂഗീസോ ഗീതത്തിൽ നാം ഇപ്രകാരം ചൊല്ലുന്നുണ്ട്: ''കുരിശിൽ ഞാൻ വരണം ചെയ്ത സുമുഖീ സ്വാഗതമോതുന്നേൻ''. വെളിപാട് പുസ്തകം 19-ാം അദ്ധ്യായം 5 മുതലുള്ള വാക്യങ്ങളിൽ കുഞ്ഞാടായ മിശിഹായും സഭയും തമ്മിലുള്ള വിവാഹത്തെക്കുറിച്ച് വിവരിക്കുന്നു.

* **വീഞ്ഞ്** : മിശിഹായുടെ കാലത്ത് സംഭവിക്കുന്ന സന്തോഷത്തേയും ജീവനെയും സൂചിപ്പിക്കാൻ വീഞ്ഞ് എന്ന പ്രതീകം ഉപയോഗിച്ചിരുന്നു. ആമോസ് 9:13,14 ൽ രക്ഷയുടെ വീഞ്ഞിനെക്കുറിച്ച് വിവരിക്കുമ്പോൾ പ്രവാചകൻ ഇപ്രകാരം പറയുന്നു: ''പർവ്വതങ്ങൾ പുതുവീഞ്ഞ് പൊഴിക്കും''. ജറെമിയ പ്രവാചകന്റെ പുസ്തകം 31-ാം അദ്ധ്യായം 12-ാം വാക്യത്തിൽ ഇസ്രായേലിന്റെ തിരിച്ചുവരവിനെക്കുറിച്ച് ഇപ്ര



www.malankaralibrary.com

കാരം പറയുന്നു: ''കർത്താവിന്റെ വിശിഷ്ട ദാനങ്ങളായ ധാന്യം, വീഞ്ഞ്, എണ്ണ, ആടുമാടുകൾ എന്നിവയാൽ അവർ സന്തുഷ്ടരാകും''. മിശിഹായിലൂടെ ലഭിക്കുന്ന രക്ഷയുടെ സമൃദ്ധിയെ സൂചിപ്പിക്കുന്ന പ്രതീകമാണ് വീഞ്ഞ്. ഈ രക്ഷ സാധിതമാകുന്നത് അവന്റെ കുരിശുമരണത്തിലൂടെയാണ്. അന്ത്യത്താഴത്തിൽ ഈ വീഞ്ഞ് അവൻ തന്റെ രക്തമാക്കി മാറ്റി.

*** പരിശുദ്ധ അമ്മയുടെ സാന്നിധ്യം :** കാനായിലും, കാൽവരിയിലും പരിശുദ്ധ അമ്മ സന്നിഹിതയാണ്. രണ്ട് സംഭവങ്ങളിലും അമ്മയെ അഭിസംബോധന ചെയ്യുന്നത് 'സ്ത്രീയേ' എന്നാണ് (യോഹ. 2:4, യോഹ. 19:26). സ്ത്രീ എന്ന സംബോധന ഈ സംഭവത്തെ ഉല്പ. 3:15 മായി ബന്ധിപ്പിക്കുന്നു. ''നീയും സ്ത്രീയും തമ്മിലും, നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും''. സർപ്പത്തിന്റെ തല തകർക്കുന്ന രക്ഷകനെപ്പറ്റിയാണ് 3:15 ലെ സൂചന അവിടെ പരാമർശിക്കപ്പെടുന്ന സ്ത്രീ ഈ രക്ഷകന് ജന്മം നല്കുന്ന സ്ത്രീയാണ്. കാനായിലെ സംഭവം അവന്റെ പരസ്യജീവിതത്തിന്റെ ആരംഭമാണ് - സാത്താനെതിരെയുള്ള അവന്റെ വിജയത്തിന്റെ തുടക്കം. ആ യാത്രയുടെ ആരംഭത്തിൽ അവനോടൊപ്പം അവന് ജന്മം നല്കിയ അമ്മയുമുണ്ട്. അവൾ ഉല്പ. 3:15 ൽ പരാമർശിക്കുന്ന സ്ത്രീയാണ്. സാത്താന്റെ മേലുള്ള സമ്പൂർണമായ വിജയം നടക്കുന്നത് കുരിശിലാണ്. അവിടെയും അമ്മ കൂടെയുണ്ട് (യോഹ. 19:25-27). അവിടെയും അമ്മയെ വിശേഷിപ്പിക്കുന്നത് 'സ്ത്രീ' എന്നാണ്. ഉല്പ. 3:15 ൽ പ്രതിപാദിക്കുന്ന സന്തതി ഇതാ കുരിശുമരണത്തിലൂടെ സാത്താന്റെ തല തകർക്കുന്നു. അവിടെ പ്രതിപാദിക്കുന്ന സ്ത്രീ, ഇതാ അവന്റെ കുരിശിൻ ചുവട്ടിൽ നില്ക്കുന്നു. ഇവിടെ ഉല്പ. 3:15 പൂർത്തിയാവുകയാണ്.

*** എന്റെ സമയം ഇനിയും ആയിട്ടില്ല (യോഹ. 2:4) :** എന്താണ് ഈ സമയം? കുരിശാരോഹണത്തിലൂടെ പിതാവിനെ മഹത്വപ്പെടുത്താനുള്ള സമയമാണിത്. യോഹന്നാന്റെ സുവിശേഷം 13:1 ൽ നാം കാണുന്നു: ''ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്ക് പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനു മുമ്പ് യേശു അറിഞ്ഞു''.

*** മഹത്വം വെളിപ്പെടുത്തുന്നതിനു പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭം (യോഹ. 2:11) :** യേശുവിന്റെ മഹത്വം വെളിപ്പെടുത്തുന്നതിന് പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ് കാനായിലെ കല്യാണവിരുന്ന്. ആദ്യത്തെ അടയാളം. അവന്റെ മഹത്വത്തിന്റെ പൂർണമായ വെളിപ്പെടുത്തൽ നടക്കുന്നത് കുരിശുമരണത്തിലും ഉത്ഥാനത്തിലുമാണ്. അവന്റെ മഹത്വത്തിന്റെ പൂർണമായ വെളിപ്പെടുത്തലിലേക്കുള്ള യാത്രയുടെ തുടക്കമാണിത്. ഇതിൽനിന്നും ഒരു കാര്യം വ്യക്തമാണ് - കാനാ സംഭവം കാൽവരിയിലേക്കുള്ള ചൂണ്ടുപലകയാണ്. 40 ദിവസത്തെ ഉപവാസം യേശുവിന്റെ കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഒരുക്കമാണ്. ആ ഒരുക്കം നമ്മെ ഓർമ്മിപ്പിക്കുന്ന വേദഭാഗമാണ് ഇത്. തപശ്ചര്യകളുടെ ഈ കാലത്ത് പ്രാർത്ഥനയിലൂടെയും, പരിത്യാഗത്തിലൂടെയും അവന്റെ പെസഹാരഹസ്യങ്ങളിൽ പങ്കുകൊള്ളാൻ, അതിന്റെ ഓർമ സജീവമാക്കാൻ നമുക്ക് ശ്രമിക്കാം.

**2. വക്കോളം നിറയ്ക്കുക (2:7)**

'ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ' എന്ന് യേശു ആവശ്യപ്പെട്ടപ്പോൾ അവർ വക്കോളം നിറച്ചു എന്ന് നാം വായിക്കുന്നു. കർത്താവ് പറഞ്ഞത് അവർ പ്രവർത്തിച്ചു. പരി. അമ്മ പരിചാരകർക്ക് നല്കിയ നിർദ്ദേശവും അതുതന്നെയായിരുന്നു. 'അവൻ നിങ്ങളോട് പറയുന്നതുപോലെ ചെയ്യുവിൻ' (യോഹ. 2:5). തമ്പുരാന്റെ വാക്കുകളനുസരിച്ചപ്പോൾ അവിടെ അത്ഭുതം നടന്നു. തമ്പുരാന്റെ വാക്ക് കേട്ട് വക്കോളം നിറയ്ക്കുന്നവർക്കാണ് ദൈവകൃപ ലഭിക്കുക. ഈ നോമ്പ് വക്കോളം നിറയ്ക്കാനുള്ള സന്ദർഭമാണ്. ആത്മീയമായി ഏറെ അദ്ധ്വാനിക്കാനുള്ള കാലം. നോമ്പിലെ പ്രാർത്ഥനയിൽ തിങ്കളാഴ്ച രാത്രിയിൽ നാം ഇങ്ങനെ പ്രാർത്ഥിക്കുന്നു ''അലസനായവനേ, എഴുന്നേൽക്കുക, പ്രവർത്തിക്കുക, പോരാട്ടത്തിൽ നീ നിരാശപ്പെടരുത്. നോമ്പിൽ ജാഗ്രതയുള്ളവനായി നിത്യജീവൻ സമ്പാദിച്ചുകൊള്ളുക''. നോമ്പ് അദ്ധ്വാനിക്കാനുള്ള കാലമാണ്. എങ്ങനെയാണ് നാം വക്കോളം നിറയ്ക്കേണ്ടത്? ഏശയ്യാ പ്രവാചകന്റെ പുസ്തകം 58-ാം അദ്ധ്യായത്തിൽ യഥാർത്ഥ നോമ്പിനെക്കുറിച്ച് പ്രവാചകൻ പറയുന്ന കാര്യങ്ങൾ ശ്രദ്ധേയമാണ്.

*** സ്വയം വിശുദ്ധീകരിക്കാൻ തയ്യാറാവുക :** ഏശയ്യാ 58:6 ൽ പറയുന്നു: ''ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും, നുകത്തിന്റെ കയറുകൾ അഴിക്കുകയും, മർദ്ദിതരെ സ്വതന്ത്രരാക്കുകയും, എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം''. തുടർന്ന് 58:9ൽ പറയുന്നു ''മർദ്ദനവും കുറ്റാരോപണവും ദുർഭാഷണവും നിന്നിൽനിന്ന് ദൂരെയകറ്റുക''. ഇന്നത്തെ ലേഖനഭാഗം കൊളോ. 3:5-17 ൽ ഇതേ ആശയമാണ് വി. പൗലോസ്ശ്ലീഹായും പങ്കുവയ്ക്കുന്നത്. കൊളോ. 3:5 ൽ വി. പൗലോസ്ശ്ലീഹാ പറയുന്നു: ''അതുകൊണ്ട് നിങ്ങളിൽ ഭൗമികമായിട്ടുള്ളതെല്ലാം - അസന്മാർഗികത, അശുദ്ധി, മനഃക്ഷോഭം, ദുർവിചാരങ്ങൾ, വിഗ്രഹാരാധനതന്നെയായ ദ്രവ്യാസക്തി ഇവയെല്ലാം നശിപ്പിക്കുവിൻ''. 3:9 ൽ പറയുന്നു: ''പരസ്പരം കള്ളം പറയരുത്. പഴയ മനുഷ്യനെ അവന്റെ ചെയ്തികളോടുകൂടെ നിഷ്കാസനം ചെയ്യുവിൻ''. നോമ്പിലെ ഏറ്റവും വലിയ വർജ്ജന, തിന്മയുടെ വർജ്ജനയാണ്. നോമ്പിലെ വെള്ളിയാഴ്ച സന്ധ്യാപ്രാർത്ഥനയിൽ നാം പ്രാർത്ഥിക്കുന്നുണ്ട്: ''ഭക്ഷണത്തിൽനിന്ന് മാത്രം ഉപവസിക്കുന്ന ഒരുവനും നോമ്പുകാരനായി കണക്കാക്കപ്പെടുന്നില്ല. ഭക്ഷണം വർജ്ജിക്കുകയും തിന്മയെ ഉപേക്ഷിക്കാതിരിക്കുകയും ചെയ്യുന്നവന്റെ നോമ്പ് നിഷ്പ്രയോജനമാകുന്നു''. സ്വയം വിശുദ്ധീകരിച്ച് വക്കോളം നിറയ്ക്കാൻ കഴിയുമ്പോൾ വീഞ്ഞിന്റെ സമൃദ്ധിപോലെ ദൈവാനുഗ്രഹം സമൃദ്ധമാകും.


www.malankaralibrary.com

* **സ്നേഹം പങ്കുവയ്ക്കുക** : ഏശയ്യാ 58:7 ൽ പറയുന്നു: ''വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുക''. 58:10 ൽ പറയുന്നു: ''വിശക്കുന്നവർക്ക് ഉദാരമായി ഭക്ഷണം കൊടുക്കുകയും പീഡിതർക്ക് സംതൃപ്തി നല്കുകയും ചെയ്താൽ നിന്റെ പ്രകാശം അന്ധകാരത്തിൽ ഉദിക്കും''. ഈ സ്നേഹത്തിന്റെ പങ്കുവയ്ക്കലിനെക്കുറിച്ച് ഇന്നത്തെ ലേഖനവും നമ്മെ പഠിപ്പിക്കുന്നു. കൊളോ. 3:12-14 വാക്യങ്ങളിൽ ശ്ലീഹാ പറയുന്നു ''നിങ്ങൾ ദയ, വിനയം, സൗമ്യത, ക്ഷമ എന്നിവ ധരിക്കുവിൻ....പരസ്പരം ക്ഷമിച്ച് സഹിഷ്ണതയോടെ വർത്തിക്കുവിൻ...സർവ്വോപരി എല്ലാറ്റിനെയും കൂട്ടിയിണക്കി പരിപൂർണമായ ഐക്യത്തിൽ ബന്ധിക്കുന്ന സ്നേഹം പരിശീലിക്കുവിൻ''. സ്നേഹത്തിന്റെ പങ്കുവയ്ക്കലാണ് നോമ്പിന്റെ പ്രധാന ഭാഗം. നോമ്പിലെ വെള്ളിയാഴ്ചയിലെ പ്രഭാതപ്രാർത്ഥനയിൽ നാം ഇങ്ങനെ ചൊല്ലുന്നു: ''സഹോദരങ്ങളെ നമ്മുടെ നോമ്പ് സ്വീകാര്യമാകുവാനായി നാം അന്യോന്യം സ്നേഹിക്കണം''. വ്യാഴാഴ്ചയിലെ രാത്രിപ്രാർത്ഥനയിൽ നാം ചൊല്ലുന്നു: ''സഹോദരസ്നേഹത്തിൽ നീ പൂർണനും, നിന്നെ വെറുക്കുന്നവനെ സ്നേഹിക്കുന്നവനുമായിരിക്കണം''. സ്നേഹം വക്കോളം നിറയ്ക്കാനുള്ള സന്ദർഭമാണ് നോമ്പുകാലം.

* **ദൈവത്തിന്റെ ഹിതം അന്വേഷിക്കുക** : ഏശയ്യാ 58:13 ൽ പറയുന്നു: ''സാബത്തിനെ ചവിട്ടി മെതിക്കുന്നതിൽനിന്നും, എന്റെ വിശുദ്ധ ദിവസത്തിൽ നിന്റെ ഇഷ്ടം അനുവർത്തിക്കുന്നതിൽനിന്നും പിന്തിരിയുക...നിന്റെ സ്വന്തം വഴിയിലൂടെ നടക്കാതെയും നിന്റെ താത്പര്യങ്ങൾ അന്വേഷിക്കാതെയും വ്യർത്ഥഭാഷണത്തിലേർപ്പെടാതെയും അതിനെ ആദരിക്കുക. അപ്പോൾ നീ കർത്താവിൽ ആനന്ദം കണ്ടെത്തും''. നമ്മുടെ വഴികളിലൂടെ നടക്കാതെ അവന്റെ വഴികളിലൂടെ നടക്കാനുള്ള സമയമാണ് നോമ്പ്. അതാണ് പരി. അമ്മ പറയുന്നത്: ''അവൻ പറയുന്നതുപോലെ ചെയ്യുവിൻ''. കൊളോ. 3:17 ൽ ശ്ലീഹാ പറയുന്നു: ''നിങ്ങൾ വാക്കാലോ പ്രവർത്തിയാലോ എന്തു ചെയ്താലും അതെല്ലാം കർത്താവായ യേശുവഴി പിതാവായ ദൈവത്തിന് കൃതജ്ഞതയർപ്പിച്ചുകൊണ്ട് അവന്റെ നാമത്തിൽ ചെയ്യുവിൻ''. ഇപ്രകാരം സ്വയവിശുദ്ധീകരണത്തിലൂടെയും, സ്നേഹത്തിലൂടെയും, ദൈവത്തിന്റെ ഇഷ്ടം അന്വേഷിക്കുന്നതിലൂടെയും വക്കോളം നിറച്ച് വീഞ്ഞുപോലെ ആത്മീയലഹരിയുള്ളവരായി മാറാൻ നോമ്പ് സഹായിക്കട്ടെ.

**3. അമ്മയുടെ കരം പിടിച്ച് നോമ്പിലേക്ക്**

* പരി. അമ്മയുടെ ശക്തിയേറിയ മദ്ധ്യസ്ഥത്തെക്കുറിച്ച് നമ്മെ പഠിപ്പിക്കുന്ന ബൈബിൾഭാഗം കൂടിയാണിത്. കാനായിലെ കുടുംബത്തിൽ ദൈവത്തിന്റെ ഇടപെടലിന് ഒരു പ്രധാന കാരണം അമ്മയുടെ സാന്നിധ്യമായിരുന്നു. യോഹന്നാൻ നല്കുന്ന സാക്ഷ്യമിതാണ്: ''അമ്മ അവിടെയുണ്ടായിരുന്നു''. അമ്മയാണ് ആ കുടുംബത്തിന്റെ ആവശ്യം യേശുവിന്റെ സന്നിധിയിലുണർത്തുന്നത്. ''അവർക്ക് വീഞ്ഞില്ല''. നമ്മുടെ കുടുംബങ്ങളിൽ അമ്മയുടെ സാന്നിധ്യം ഉറപ്പുവരുത്താം. അമ്മ നമ്മുടെ കുടുംബങ്ങളെ യേശുവിനോട് ചേർത്തുനിർത്തും.

* അമ്മ നമുക്ക് നല്കുന്ന പാഠം : ''അവൻ പറയുന്നതുപോലെ ചെയ്യുവിൻ എന്നാണ്'' (യോഹ. 2:5). ദൈവത്തിന്റെ വാക്കിനോടുള്ള അമ്മയുടെ ആദ്യത്തെ പ്രതികരണവും അതുതന്നെയായിരുന്നു. ''ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്ക് പോലെ എന്നിൽ നിറവേറട്ടെ'' (ലൂക്കാ 1:38). അമ്മയുടെ ഈ പ്രതികരണം സീനായ് ഉടമ്പടിയിൽ ജനം ദൈവത്തോട് ചെയ്ത വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ്. കർത്താവ് കല്പിച്ചതെല്ലാം ഞങ്ങൾ ചെയ്തുകൊള്ളാം (പുറ. 19:8, 24:3). ഈ നോമ്പ് ദൈവത്തിന്റെ വാക്ക് കേൾക്കാനും അവന്റെ ഹിതം നിവർത്തിക്കാനുമുള്ള സമയമാണ്. അതിന് അമ്മ നമ്മെ സഹായിക്കും.

* നോമ്പിന്റെ ലക്ഷ്യം കാൽവരിയിലേക്കും, ഉത്ഥാനത്തിലേക്കും യാത്ര ചെയ്യുക എന്നതാണ്. ഈ യാത്രയിൽ അമ്മ നമുക്ക് കൂട്ടാണ്. ജനനം മുതൽ കുരിശുമരണം വരെയും, തുടർന്നും, ധ്യാനപൂർവ്വം മകന്റെ ജീവിതരഹസ്യങ്ങളിലൂടെ യാത്ര ചെയ്ത അമ്മ, ഈ രഹസ്യങ്ങളെ ധ്യാനിക്കുവാനും, ഓർമിക്കുവാനും ഒരുങ്ങുന്ന സഭയ്ക്ക് കൂട്ടാണ്. ആ അമ്മയുടെ കരം പിടിച്ച് നോമ്പിലേക്ക് പ്രവേശിക്കാം.

ഈ സുവിശേഷം നല്കുന്ന 3 ചിന്തകൾ:

1. നോമ്പ് ഉത്ഥാനത്തിന്റെ സന്തോഷത്തിലേക്കുള്ള യാത്രയാണ്.
2. വക്കോളം നിറയ്ക്കാനുള്ള സന്ദർഭമാണ് നോമ്പ്.
3. ഈ യാത്രയിൽ പരി. അമ്മ നമ്മുടെ സഹയാത്രിക.

## വലിയ നോമ്പിലെ രണ്ടാം ഞായർ

**ഗർബോ ഞായർ - കുഷ്ഠരോഗിയെ സൗഖ്യമാക്കിയത്**

**റോമ 3:27-4:3; ലൂക്കാ. 5:12-16**

മാരകമായ രോഗത്തേക്കാൾ ഏറെ ഭയാനകം, സമൂഹത്തിൽ മനുഷ്യർ അനുഭവിക്കുന്ന ഒറ്റപ്പെടലുകളും, വിവേചനവുമൊക്കെയാണ്. രോഗത്തിന്റെ വേദനയേക്കാൾ ഒരുവനെ അസ്വസ്ഥനാക്കുന്നത് അതാണ്. സമൂഹത്തിന്റെ അതിർവരമ്പുകളിലേക്ക് മാറ്റി നിർത്തപ്പെട്ട, സമൂഹത്തിൽ ഒറ്റപ്പെട്ടുപോയ, എല്ലാ പ്രതീക്ഷകളും അസ്തമിച്ചുപോയ ഒരു മനുഷ്യന്റെ ജീവിതത്തിലേക്ക് സൗഖ്യവും സന്തോഷവുമായി യേശു കടന്നു ചെന്നതിനെക്കുറിച്ചാണ് നാം ഇന്ന് ധ്യാനിക്കുന്നത്. ലൂക്കായുടെ സുവിശേഷം 5-ാം അദ്ധ്യായം 12 മുതൽ 16 വരെയുള്ള വാക്യങ്ങൾ. ഈ സുവിശേഷം നല്കുന്ന ചില അർത്ഥതലങ്ങൾ നമുക്ക് ധ്യാനിക്കാം.

**1. വില കൊടുക്കാൻ തയ്യാറാവുക**

ലേവ്യരുടെ പുസ്തകം 13-ാം അദ്ധ്യായം 45, 46 വാക്യങ്ങളിൽ നാം കാണുന്നുണ്ട്, ''കുഷ്ഠരോഗമുള്ളവൻ അശുദ്ധനാണ്. അവൻ കീറിയ വസ്ത്രങ്ങൾ ധരിക്കണം. മുടി ചീകാൻ പാടില്ല. അശുദ്ധൻ, അശുദ്ധൻ എന്ന് വിളിച്ചു പറയണം. അവൻ പാളയത്തിനു വെളിയിൽ ഒരു പാർപ്പിട



www.malankaralibrary.com

ത്തിൽ ഏകനായി വസിക്കണം. അവൻ സമൂഹ മദ്ധ്യത്തിലേക്ക് വരാൻ പാടുള്ളതല്ല. മറ്റുള്ളവർ അവനെ തൊട്ടാൽ അവർ അശുദ്ധരാകും. അതു കൊണ്ട് ആളുകൾ കുഷ്ഠരോഗിയെ ആട്ടിയോടിച്ചി രുന്നു. ഇങ്ങനെയുള്ള ഒരു കുഷ്ഠരോഗിയാണ് യേശുവിന്റെ പക്കലേക്ക് വരുന്നത്. അവൻ സൗഖ്യം പ്രാപിച്ച് തിരിച്ചു പോയി. അവൻ വില കൊടുക്കാൻ തയ്യാറായതുകൊണ്ടാണ് ദൈവ ത്തിന്റെ ഇടപെടലുണ്ടായത്. എന്താണ് അവൻ കൊടുത്ത വില?

1. ലൂക്കായുടെ സുവിശേഷം 5:12 അനുസരിച്ച് കുഷ്ഠരോഗി യേശുവിന്റെ പക്കലെത്തുന്നത്, യേശു പട്ടണത്തിലായിരിക്കുമ്പോഴാണ്. എന്നാൽ മത്തായിയുടെ സുവിശേഷം 8:1 അനുസരിച്ച് യേശു മലയിൽനിന്ന് ഇറങ്ങിവന്നപ്പോൾ വലിയ ജനക്കൂട്ടം അവനെ അനുഗമിച്ചു. അപ്പോൾ കുഷ്ഠരോഗി അടു ത്തുവന്ന് അവനെ പ്രണമിച്ചു. ഈ രണ്ട് ഭാഗങ്ങ ളിലും വലിയ ജനക്കൂട്ടത്തിന്റെ നടുവിലേക്കാണ് കുഷ്ഠരോഗി എത്തുന്നത്. സംഭവിക്കാവുന്ന ഭവി ഷ്യത്തുകൾ അവനറിയാം. ആളുകൾ അവനെ ആട്ടി ഓടിക്കും, കല്ലെറിയും. അശുദ്ധൻ എന്ന് വിളി ച്ചാക്ഷേപിക്കും. പക്ഷേ ഇതെല്ലാം മനസിലാക്കി ക്കൊണ്ടും അവൻ ഈശോയുടെ പക്കലേക്ക് വരാൻ തയ്യാറായി. അവൻ കൊടുത്ത ഈ വില യാണ് സൗഖ്യം ലഭിക്കാൻ നിമിത്തമായത്. വില കൊടുക്കാൻ തയ്യാറാകുന്നവർ ദൈവാനുഗ്രഹം സ്വീകരിക്കും. ലൂക്കായുടെ സുവിശേഷം 7-ാം അദ്ധ്യായം 36 മുതലുള്ള വാക്യങ്ങളിൽ വലിയ വില കൊടുത്ത് അനുഗ്രഹം സ്വന്തമാക്കിയ ഒരു സ്ത്രീയെക്കുറിച്ച് നാം വായിക്കുന്നുണ്ട്. അവൾ ഒരു വെൺകൽഭരണി നിറയെ സുഗന്ധ തൈലവു മായി ഈശോയുടെ പക്കലെത്തി, കണ്ണീരുകൊണ്ട് പാദങ്ങൾ കഴുകി. തലമുടി കൊണ്ട് തുടച്ചു. ഇത് കണ്ട് അസ്വസ്ഥതപ്പെട്ട ഫരിസേയരോട് യേശു പറഞ്ഞു: ''ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ ഇവൾ അധികം സ്നേഹിച്ചു'' (ലൂക്കാ 7:47). അധികം സ്നേഹിച്ചവൾ അധികം അനുഗ്രഹം പ്രാപിച്ചു. യേശു പോകുന്ന വഴിയിലേക്ക് ചെല്ലാനും, യേശു വിനെ കാണാൻ സിക്കമൂർ മരത്തിൽ കയറാനും, യേശുവിനെ ഭവനത്തിലേക്ക് സ്വീകരിക്കാനും, വഞ്ചിച്ചെടുത്തതൊക്കെ നാലിരട്ടിയായി തിരിച്ചു കൊടുക്കാനും സക്കേവൂസ് തയ്യാറായപ്പോൾ അവന്റെ ഭവനം അനുഗ്രഹിക്കപ്പെട്ടു. ജനക്കൂട്ട ത്തിന്റെ നടുവിലൂടെ ബുദ്ധിമുട്ടി കടന്നുചെന്ന് അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ തൊട്ട രക്ത സ്രാവക്കാരി സൗഖ്യമുള്ളവളായി. ഇങ്ങനെ വില കൊടുക്കാൻ തയ്യാറാകുന്നവർ അനുഗ്രഹം പ്രാപി ക്കും. ഈ നോമ്പ്, വില കൊടുത്ത് അനുഗ്രഹം കൊയ്തെടുക്കാനുള്ള സമയമാണ്. വർജ്ജനയും, സ്വയവിശുദ്ധീകരണവും, പരിത്യാഗപ്രവർത്തിക ളും, പുണ്യപ്രവർത്തികളുമൊക്കെയാണ് നാം കൊടുക്കേണ്ട വില. അപ്പോൾ ദൈവം നമ്മുടെ ജീവിതത്തിൽ ഇടപെടും.

2. ഈശോയിലുള്ള ആഴമായ വിശ്വാസം

അവന്റെ ജീവിതത്തിൽ ദൈവം ഇടപെടുന്നതിന് അവൻ നല്കിയ വില അവന്റെ ആഴമായ വിശ്വാസ മാണ്. അവൻ യേശുവിനോട് പ്രാർത്ഥിക്കുന്നത് ഇങ്ങനെയാണ് : ''കർത്താവേ അങ്ങേക്ക് മനസു ണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും'' (ലൂക്കാ 5:12). ഈ വിശ്വാസം മനസിലാക്കിയ ഈശോ പറഞ്ഞു: ''എനിക്ക് മനസുണ്ട്, നിനക്ക് ശുദ്ധിയു ണ്ടാകട്ടെ'' (ലൂക്കാ 5:13). ക്രിസ്തുവിന് തന്റെ ജീവി തത്തിൽ ഇടപെടാൻ കഴിയും എന്നവൻ ഉറച്ചു വിശ്വസിച്ചു. യേശുവിന്റെ വസ്ത്രത്തിന്റെ വിളു മ്പിൽ തൊട്ടാൽ താൻ സുഖം പ്രാപിക്കും എന്ന് പൂർണമായ ബോദ്ധ്യമുണ്ടായിരുന്ന രക്തസ്രാവ ക്കാരി സ്ത്രീ വിശ്വാസത്തോടെ അവന്റെ വസ്ത്ര ത്തിന്റെ വിളുമ്പിൽ തൊട്ട് സുഖം പ്രാപിച്ചു. ഈശോ അവളോട് പറഞ്ഞു: ''മകളേ നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാന ത്തോടെ പോകുക'' (ലൂക്കാ 8:48). ക്രിസ്തുവിന് നിന്റെ ജീവിതത്തിലും, കുടുംബത്തിലും ഇടപെ ടാൻ കഴിയും എന്ന് വിശ്വസിക്കുക. ഗബ്രിയേൽ ദൂതൻ ദൈവത്തോട് പറഞ്ഞതുപോലെ, ''ദൈവ ത്തിന് ഒന്നും അസാദ്ധ്യമല്ല''. നിന്റെ ഏതു പ്രശ്നവും പരിഹരിക്കാൻ അവൻ മതിയായവ നാണ്.

3. കണ്ണുനീരോടെയുള്ള പ്രാർത്ഥന

ലൂക്കാ 5:12 ൽ പറയുന്നു, യേശുവിനെ കണ്ട കുഷ്ഠ രോഗി സാഷ്ടാംഗം വീണു പ്രാർത്ഥിച്ചു എന്ന്. ആ പ്രാർത്ഥനയ്ക്കു മുൻപിൽ യേശു മനസ്സലിഞ്ഞു, അവനെ സൗഖ്യപ്പെടുത്തി. ലൂക്കായുടെ സുവി ശേഷം 18-ാം അദ്ധ്യായം 35 മുതലുള്ള വാക്യങ്ങ ളിൽ, ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ എന്ന് നിലവിളിച്ച് പ്രാർത്ഥിച്ച അന്ധനായ മനു ഷ്യന്റെ അടുക്കലേക്ക് ചെന്നിട്ട് യേശു ചോദിച്ചു: ''ഞാൻ നിനക്കുവേണ്ടി എന്തു ചെയ്യണമെന്നാണ് നീ ആഗ്രഹിക്കുന്നത്? ഇതുപോലെ നാം പ്രാർത്ഥി ക്കുമ്പോൾ, തമ്പുരാൻ ഇതേ ചോദ്യം നമ്മോടും ചോദിക്കും. നിയമാവർത്തനം 4:7 ൽ നാം വായി ക്കാറുണ്ട്: നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെ നമ്മുടെ ദൈവമായ കർത്താവ് നമുക്കു സമീപസ്ഥ നായിരിക്കുന്നതുപോലെ ദൈവം ഇത്ര അടു ത്തുള്ള വേറെ ഏതു ശ്രേഷ്ഠ ജനതയാണുള്ളത്? വിശ്വാസത്തോടെയുള്ള പ്രാർത്ഥന അവന്റെ സൗഖ്യത്തിന് കാരണമായി. വില കൊടുക്കാൻ തയ്യാറാകുന്നവർ അനുഗ്രഹമുള്ളവരാകും. കുഷ്ഠ രോഗി കൊടുത്ത വില 1. വെല്ലുവിളികളുടെ നടുവി ലൂടെ ക്രിസ്തുവിന്റെ പക്കലെത്തി 2. ആഴമായ വിശ്വാസം 3. കണ്ണുനീരോടെയുള്ള പ്രാർത്ഥന

**2. സങ്കടങ്ങളിൽ മനസ്സലിഞ്ഞ് കരുണ കാണി ക്കുന്ന യേശു**

കുഷ്ഠരോഗിയെ സ്പർശിച്ചാൽ അശുദ്ധരാകും. എന്നാൽ യേശു അവനെ തൊട്ടുകൊണ്ട് പറഞ്ഞു: ''എനിക്ക് മനസുണ്ട്, നിനക്ക് ശുദ്ധിവരട്ടെ''. ആ സ്പർശനം ആയിരിക്കും അവന് ശരീരത്തിന്റെ സൗഖ്യത്തേക്കാൾ സന്തോഷം നല്കിയത്. മറ്റുള്ള വർ അവനെ കാണുമ്പോൾ അറച്ച് മാറി നില്ക്കു മ്പോൾ യേശു അവനെ തൊട്ടു. തന്നെയും സ്നേഹിക്കാനും കരുതാനും ഒരാൾ ഈ ഭൂമിയിൽ



www.malankaralibrary.com

ഉണ്ട് എന്ന് അവൻ തിരിച്ചറിഞ്ഞ നിമിഷമായിരുന്നു അത്. ഇതാണ് നമ്മുടെയും ധൈര്യം. എന്റെ ജീവിതത്തിന്റെ ഒറ്റപ്പെടലുകളിലും, സങ്കടങ്ങളിലും, വീഴ്ചകളിലും, തകർച്ചകളിലും എന്നെ കരുതുന്ന യേശു കൂടെയുണ്ട്. ലൂക്കായുടെ സുവിശേഷം 7-ാം അദ്ധ്യായത്തിൽ 11 മുതലുള്ള വാക്യങ്ങളിൽ നാം വായിക്കുന്നുണ്ട്: തന്റെ പ്രിയപ്പെട്ട മകൻ മരിച്ച്, ആ മകന്റെ മൃതശരീരവുമായി പൊട്ടിക്കരഞ്ഞുകൊണ്ട് മുന്നോട്ട് നീങ്ങിയ ഒരു അമ്മയുടെ അടുക്കലേക്ക് യേശു ചെന്നിട്ട് അവളോടു പറയുന്നു: ''കരയേണ്ടാ'' (ലൂക്കാ 7:13). തുടർന്ന് ആ മകനെ ഉയിർപ്പിച്ചു. ഇതുപോലെ എന്റെ വിഷമസന്ധികളിൽ കരയേണ്ടാ, ധൈര്യമായിരിക്കൂ എന്ന് പറയുന്ന യേശുവിന്റെ സാന്നിധ്യം എന്നെ ധൈര്യപ്പെടുത്തുന്നു. പിതാവിന്റെ സ്നേഹത്തെ നിരസിച്ച് വീടു വിട്ടിറങ്ങി, സകലവും ധൂർത്തടിച്ച്, പാപത്തിന്റെ ചെളിക്കുഴിയിൽ വീണുപോയ മകൻ തിരിച്ചെത്തിയപ്പോൾ അവനെ മാറോട് ചേർത്തണച്ച അപ്പനെക്കുറിച്ച് ലൂക്കാ 15:11 മുതലുള്ള വാക്യങ്ങളിൽ നാം വായിക്കുന്നു. പാപത്തിന്റെ പടുകുഴിയിൽ വീണാലും, തിരിച്ചെത്തുമ്പോൾ സ്നേഹപൂർവ്വം നിന്നെ സ്വീകരിക്കുന്ന അപ്പൻ നിനക്കുണ്ട്. ലൂക്കായുടെ സുവിശേഷം 15-ാം അദ്ധ്യായം 1-7 വരെയുള്ള വാക്യങ്ങളിൽ കൂട്ടം തെറ്റി നഷ്ടപ്പെട്ടുപോയ ആടിനെ തേടിയിറങ്ങുന്ന നല്ല ഇടയനെ നാം കാണുന്നു. ജീവിതത്തിൽ നീ ഒറ്റപ്പെട്ടു പോയാലും നിന്നെ തേടിയിറങ്ങുകയും, തോളിൽ വഹിക്കുകയും ചെയ്യുന്ന ഇടയനാണ് അവൻ. ലൂക്കായുടെ സുവിശേഷം 10:25 മുതലുള്ള വാക്യങ്ങളിൽ നാം വായിക്കുന്നുണ്ട്, മറ്റുള്ളവരാൽ മുറിവേല്ക്കപ്പെട്ട് അർദ്ധപ്രാണനായി കിടന്ന ഒരുവന്റെ പക്കലേക്ക് കടന്നുവന്നിട്ട് അവന്റെ മുറിവുകൾ എണ്ണയും, വീഞ്ഞും വച്ചുകെട്ടി അവനെ യഥാസ്ഥാനത്താക്കുന്ന നല്ല സമരിയാക്കാരനാണ് ക്രിസ്തു. അവൻ ദൈവത്തിന്റെ കരുണയുടെ മുഖമാണ്. ലൂക്കായുടെ സുവിശേഷം 1:78 ൽ അവന്റെ മനുഷ്യാവതാരത്തെക്കുറിച്ച് പറയുന്നത്: ''ദൈവത്തിന്റെ കാരുണ്യാതിരേകത്താൽ ഉന്നതത്തിലുള്ള ഉദയരശ്മി നമ്മെ സന്ദർശിച്ചിരിക്കുന്നു'' എന്നാണ്. ക്രിസ്തുവിന്റെ മനുഷ്യാവതാരം ദൈവത്തിന്റെ കരുണയുടെ വെളിപ്പെടുത്തലാണ്. ദൈവത്തിന്റെ കരുണയുടെ മുഖമായ ക്രിസ്തു എന്റെ കൂടെയുണ്ട് എന്നുള്ളതാകണം നമ്മുടെ ധൈര്യം.

ക്രിസ്തുവിലൂടെ നമുക്ക് കാണിച്ചു തന്ന കാരുണ്യത്തിന്റെ വക്താക്കളായി മാറേണ്ടവരാണ് നാം. അതുകൊണ്ടാണ് യേശു നമ്മെ പഠിപ്പിച്ചത്, ''നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലൂക്കാ 6:36). ഇപ്രകാരം ക്രിസ്തുവിന്റെ കരുണയുടെ മുഖമായി മാറാൻ ദൈവം നല്കുന്ന സന്ദർഭമാണ് നോമ്പ്. ദരിദ്രർക്കും, ആലംബഹീനർക്കും, ഒറ്റപ്പെട്ടുപോയവർക്കും ക്രിസ്തുവിന്റെ കരുണയുടെ മുഖമായി മാറാം. നോമ്പിലെ ബുധനാഴ്ച സന്ധ്യാപ്രാർത്ഥനയിൽ നാം ഇങ്ങനെ പ്രാർത്ഥിക്കുന്നു: ''തന്റെ അപ്പത്തെ വിശക്കുന്നവർക്കും അവശർക്കും നല്കുകയും ആവശ്യക്കാർക്ക് വസ്ത്രം കൊടുക്കുകയും ചെയ്യുന്നവന് ഞെരുക്കമുണ്ടാവുകയില്ല''.

ഇന്നത്തെ സുവിശേഷം നമുക്ക് നല്കുന്ന ചിന്തകൾ മനസ്സിൽ സൂക്ഷിക്കാം വില കൊടുക്കാൻ നമുക്ക് തയ്യാറാകാം. അപ്പോൾ ദൈവം ജീവിതത്തിൽ ഇടപെടും. ക്രിസ്തു ദൈവത്തിന്റെ കരുണയുടെ മുഖമായിരുന്നു. ഈ നോമ്പിൽ നമുക്കും കരുണയുടെ വക്താക്കളാകാം.

## വലിയ നോമ്പിലെ മൂന്നാം ഞായർ

**മ്ശരിയോ ഞായർ - തളർവാത രോഗിയെ സൗഖ്യമാക്കിയത് (റോമാ. 5:1-11; മർക്കോ. 2:1-12)**

ജീവനുള്ളവയുടെ പ്രത്യേകതയാണ് ചലനാത്മകത. ജീവൻ നഷ്ടപ്പെടുമ്പോൾ ചലനം നഷ്ടപ്പെടുന്നു. ദൈവിക ജീവൻ നഷ്ടപ്പെട്ട് ചലനം ഇല്ലാതെ പോയ ഒരു മനുഷ്യന്, ജീവൻ തിരികെ നല്കി ചലനാത്മകമാക്കുന്ന സംഭവമാണ് ഇന്നത്തെ സുവിശേഷം - മർക്കോ. 2:1-12, - തളർവാതരോഗിയെ ഈശോ സുഖപ്പെടുത്തുന്ന സംഭവം. ഈ സുവിശേഷഭാഗം നല്കുന്ന സന്ദേശം നമുക്ക് ധ്യാനവിഷയമാക്കാം.

**1. ക്രിസ്തു യഥാർത്ഥ ജീവൻ**

തളർവാതത്തിൽനിന്ന് സൗഖ്യം പ്രാപിക്കാൻ ഈശോയുടെ അടുക്കൽ വന്ന മനുഷ്യനോട് യേശു പറഞ്ഞു: ''മകനേ നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു'' (മർക്കോ. 2:5). മർക്കോ. 2:10, 11 ൽ നാം വായിക്കുന്നു: ''ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കാൻ മനുഷ്യപുത്രന് അധികാരമുണ്ടെന്ന് നിങ്ങൾ അറിയേണ്ടതിന് അവൻ തളർവാതരോഗിയോടു പറഞ്ഞു: ഞാൻ നിന്നോടു പറയുന്നു, എഴുന്നേറ്റ് കിടക്കയുമെടുത്ത് നടക്കുക''. ഇവിടെ അയാളുടെ തളർവാതമെന്നത് ശാരീരികമെന്നതിനേക്കാൾ ആത്മീയമാണ്. അയാളുടെ തളർച്ചയുടെ യഥാർത്ഥ കാരണം പാപമാണ്. എന്താണ് പാപം? യഥാർത്ഥ ജീവനായ ദൈവത്തിൽനിന്നുള്ള അകൽച്ചയാണ്. യേശുവാണ് യഥാർത്ഥ ജീവൻ. യോഹന്നാന്റെ സുവിശേഷം 14:6 ൽ യേശു പറയുന്നു: ''ഞാനാണ് വഴിയും സത്യവും ജീവനും''. യോഹന്നാൻ 10:10 ൽ നാം വായിക്കുന്നു: ''ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്''. യോഹന്നാൻ 6:35ൽ ഈശോ പറയുന്നു: ''ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല''. യഥാർത്ഥ ജീവനായ ക്രിസ്തുവിൽനിന്നുള്ള അകൽച്ചയാണ് അവന്റെ തളർച്ചയ്ക്ക്, ജീവനില്ലായ്മക്ക് കാരണം. ഏശയ്യാ പ്രവാചകന്റെ പുസ്തകം 59:1-2 ൽ നാം കാണുന്നു: ''രക്ഷിക്കാനാവാത്തവിധം കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല. കേൾക്കാനാവാത്തവിധം അവിടുത്തെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ല. നിന്റെ അകൃത്യങ്ങൾ നിന്നെയും ദൈവത്തെയും തമ്മിൽ അകറ്റിയിരിക്കുന്നു''. ക്രിസ്തുവാകുന്ന ജീവനിലേക്ക് മടങ്ങാനും, തളർച്ചകൾ പരിഹരിക്കാനുമുള്ള സമയമാണ് നോമ്പ്. തളർച്ചകൾ പലവിധത്തിൽ ഉണ്ട്.



www.malankaralibrary.com

*** ശാരീരികമായ തളർച്ച :** രോഗം, കുടുംബത്തിലെ പ്രശ്നങ്ങൾ, കടഭാരങ്ങൾ, സമാധാനമില്ലാത്ത അവസ്ഥ ഇങ്ങനെ നമ്മെ തളർത്തുന്ന ഒത്തിരി അനുഭവങ്ങൾ. ഈ അനുഭവങ്ങളിൽനിന്നുള്ള വിടുതലിനായി യഥാർത്ഥ ജീവനായ ക്രിസ്തുവിലേക്ക് നമുക്ക് മടങ്ങാം. മത്തായിയുടെ സുവിശേഷം 4-ാം അദ്ധ്യായം 24 മുതലുള്ള വാക്യങ്ങളിൽ നാം വായിക്കുന്നു: ''എല്ലാ രോഗികളേയും, വിവിധ വ്യാധികളാലും, വ്യഥകളാലും അവശരായവരേയും, പിശാചുബാധിതർ, അപസ്മാര രോഗികൾ, തളർവാതക്കാർ എന്നിവരേയും അവർ അടുത്ത് കൊണ്ടുവന്നു. അവൻ അവരെ സുഖപ്പെടുത്തി''.

*** ആത്മീയമായ തളർച്ച :** ഏറ്റവും വലിയ ആത്മീയ തളർവാതം പാപമാണ്. ദൈവത്തിന്റെ കൃപ നമുക്ക് നഷ്ടമാകുന്നത് ഈ തളർവാതം പിടിപെടുമ്പോഴാണ്. ഈ തളർവാതത്തിൽനിന്ന് നമ്മെ വിടുവിക്കാൻ യഥാർത്ഥ ജീവനായ ക്രിസ്തുവിനെ സാധിക്കൂ. അതിന് നാം അവന്റെ പക്കലേക്ക് പോകേണ്ടതുണ്ട്. അവന്റെ പക്കലെത്തിയ പാപിനിയായ സ്ത്രീയുടെ അപരാധങ്ങൾ ക്ഷമിച്ച് അവളെ വിശുദ്ധീകരിച്ചു. സക്കേവൂസിന്റെ കുറവുകൾ പൊറുത്ത് അവന്റെ കുടുംബത്തെ അനുഗ്രഹിച്ചു. നമ്മുടെ തളർച്ചകളുടെ യഥാർത്ഥ കാരണം കണ്ടെത്താനും അതു പരിഹരിക്കാനും ഈ നോമ്പിൽ നമുക്ക് കഴിയണം.

**2. നമ്മുടെ ആഴമായ വിശ്വാസം മറ്റുള്ളവരുടെ സൗഖ്യത്തിനും വിശുദ്ധീകരണത്തിനും കാരണമാകും**

തളർവാതരോഗിയുടെ സൗഖ്യത്തിന് കാരണമായത് അവനെ കൊണ്ടുവന്നവരുടെ വിശ്വാസമാണ്. മർക്കോസിന്റെ സുവിശേഷം 2-ാം അദ്ധ്യായം 5-ാം വാക്യത്തിൽ നാം വായിക്കുന്നു: ''അവരുടെ വിശ്വാസം കണ്ട് യേശു തളർവാതരോഗിയോടു പറഞ്ഞു: മകനേ നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിലുള്ള അവരുടെ വിശ്വാസത്തിന്റെ പ്രകടനമായിരുന്നു വീടിന്റെ മേൽക്കൂര പൊളിച്ച് തളർവാതരോഗിയെ കിടക്കയോടെ താഴോട്ടിറക്കിയ സംഭവം. മത്തായിയുടെ സുവിശേഷം 8:5-13 ൽ ശതാധിപന്റെ വിശ്വാസം കണ്ടിട്ട് യേശു അവന്റെ ഭൃത്യനെ സുഖപ്പെടുത്തി. ജായ്റോസിന്റെ വിശ്വാസം കണ്ടിട്ട് അവന്റെ മകളെ യേശു സൗഖ്യപ്പെടുത്തി. ജായ്റോസിനോട് യേശു പറയുന്നു: ''ഭയപ്പെടേണ്ടാ, വിശ്വസിക്കുക മാത്രം ചെയ്യുക. അവൾ സുഖം പ്രാപിക്കും''. നായിനിലെ വിധവയുടെ പ്രാർത്ഥന അവളുടെ മകനെ സൗഖ്യപ്പെടുത്തുന്നതിന് കാരണമായി. കുടുംബത്തിനു വേണ്ടി കണ്ണുനീരോടെ പ്രാർത്ഥിക്കുന്ന മാതാപിതാക്കളുടെ വിശ്വാസം കുടുംബത്തിന്റെ വിശുദ്ധീകരണത്തിനും കാരണമാകും. നോമ്പെടുത്തും, ഉപവസിച്ചും പ്രാർത്ഥിക്കുന്ന നമ്മുടെ വിശ്വാസവും പ്രാർത്ഥനയും മൂലം നമ്മുടെ കുടുംബവും പ്രിയപ്പെട്ടവരും സൗഖ്യപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്യും. കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനം 7-ാം അദ്ധ്യായം 14-ാം വാക്യത്തിൽ നാം വായിക്കുന്നു: ''അവിശ്വാസിയായ ഭർത്താവ് ഭാര്യ മുഖേനയും, അവിശ്വാസിനിയായ ഭാര്യ ഭർത്താവ് മുഖേനയും വിശുദ്ധീകരിക്കപ്പെടും.

**3. മറ്റുള്ളവരെ ക്രിസ്തുവിലേക്ക് ആനയിക്കുക നമ്മുടെ ധർമ്മം**

തളർവാതരോഗി സൗഖ്യപ്പെടാൻ കാരണമായത് അവനെ ക്രിസ്തുവിന്റെ അടുക്കലേക്ക് കൊണ്ടുവരാൻ ആളുണ്ടായതുകൊണ്ടാണ്. അപ്പ. പ്രവ. 5:16 ൽ നാം വായിക്കുന്നു: ''അശുദ്ധാത്മാക്കൾ ബാധിച്ചിരുന്നവരേയും രോഗികളേയും വഹിച്ചുകൊണ്ട് ജനം ജറുസലേമിനു ചുറ്റുമുള്ള പട്ടണങ്ങളിൽനിന്നു വന്നിരുന്നു. എല്ലാവർക്കും രോഗശാന്തി ലഭിച്ചു''. യോഹന്നാന്റെ സുവിശേഷം 5:7 ൽ സുഖം പ്രാപിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ എന്ന് യേശു ചോദിക്കുമ്പോൾ തളർവാതരോഗിയുടെ മറുപടി ഇങ്ങനെയാണ്: ''കർത്താവേ വെള്ളമിളകുമ്പോൾ എന്നെ കുളത്തിലേക്കിറക്കാൻ ആരുമില്ല''. ഇങ്ങനെ വിലപിക്കുന്ന അനേക മനുഷ്യർ നമ്മുടെ ചുറ്റിലുമുണ്ട്. ആരും ഇല്ലാ എന്ന് വിചാരിക്കുന്നവരെയൊക്കെ ക്രിസ്തുവിലേക്ക് നയിക്കാൻ നമുക്ക് കഴിയണം. അപ്പ. പ്രവ. 8:31 ൽ എത്യോപ്യാക്കാരൻ, ഫിലിപ്പോസിനോട് ചോദിക്കുന്നുണ്ട്: ആരെങ്കിലും വ്യാഖ്യാനിച്ചു തരാതെ എങ്ങനെയാണു ഞാൻ മനസ്സിലാക്കുക? ദൈവത്തിന്റെ വചനത്തിനായി ദാഹത്തോടെ ആഗ്രഹിക്കുന്നവരുണ്ട്. അവർക്ക് വചനം പങ്കുവച്ചു കൊടുക്കാൻ നമുക്ക് കടമയില്ലേ? യോഹന്നാന്റെ സുവിശേഷം 12:21 ൽ ഗ്രീക്കുകാർ ഫീലിപ്പോസിന്റെ അടുക്കൽ വന്നു പറഞ്ഞു: ''പ്രഭോ, ഞങ്ങൾ യേശുവിനെ കാണാൻ ആഗ്രഹിക്കുന്നു''. ഫിലിപ്പോസും അന്ത്രയോസും യേശുവിനെ വിവരമറിയിച്ചു. ഇതുപോലെ യേശുവിനെ കാണാൻ ആഗ്രഹിക്കുന്നവർ ധാരാളമുണ്ട്. അവരെ യേശുവിലേക്ക് നാം കൂട്ടിക്കൊണ്ടുപോകണ്ടേ? ആലംബഹീനർക്കും, ഒറ്റപ്പെട്ടവർക്കും, അഗതികൾക്കും ക്രിസ്തുവിന്റെ സ്നേഹം പങ്കുവച്ചുകൊടുക്കാൻ ഈ നോമ്പ് നമ്മെ പ്രേരിപ്പിക്കട്ടെ.

ഈ സുവിശേഷം നമുക്ക് നല്കുന്ന 3 സന്ദേശങ്ങൾ നമ്മുടെ മനസ്സിൽ സൂക്ഷിക്കാം.

1. ക്രിസ്തുവാണ് യഥാർത്ഥ ജീവൻ. തളർച്ചകൾ മാറാൻ അവനെക്കൊണ്ടു നിറയണം.
2. നമ്മുടെ വിശ്വാസം മറ്റുള്ളവരുടെ സൗഖ്യത്തിനും വിശുദ്ധീകരണത്തിനും കാരണമാകും.
3. ക്രിസ്തുവിലേക്ക് മറ്റുള്ളവരെ ആനയിക്കുന്ന വഴികാട്ടികളാകണം നാം.

## വലിയ നോമ്പിലെ നാലാം ഞായർ

**ക്നാനയ്തോ ഞായർ - കാനാൻകാരിയുടെ മകളെ സൗഖ്യമാക്കിയത് (റോമാ. 7:13-25; മത്താ. 15:21-28)**

ജീവിതത്തിന്റെ പ്രതിസന്ധികളിലും വേദനകളിലും പലരുടേയും വിശ്വാസജീവിതം ചോദ്യം ചെയ്യപ്പെടാറുണ്ട്. ജീവിതത്തിന്റെ പ്രതിസന്ധികൾ പലരേയും ആത്മീയ മന്ദതയിലേക്ക് നയിച്ചിട്ടുണ്ട്. വിശ്വാസം പരീക്ഷിക്കപ്പെടുമ്പോൾ പ്രാർത്ഥനാജീവിതത്തിൽ മടുപ്പ് തോന്നാറുണ്ട്, വിശ്വാസം ഉപേക്ഷിച്ചു പോകാറുണ്ട്, ദൈവത്തിനെതിരേ പിറുപിറുക്കാറുണ്ട്. പക്ഷേ ജീവിതത്തിൽ പ്രതിസന്ധി



www.malankaralibrary.com

കൾക്കിടയിലും, വിശ്വാസം പരീക്ഷിക്കപ്പെട്ടപ്പോഴും പിന്തിരിയാതെ ക്രിസ്തുവിലുള്ള ആഴമായ വിശ്വാസം പ്രകടമാക്കിയ ഒരു സ്ത്രീയെക്കുറിച്ചാണ് ഇന്നത്തെ സുവിശേഷം പ്രതിപാദിക്കുന്നത് – മത്താ. 15: 21–28, – കാനാൻകാരിയുടെ മകളെ സൗഖ്യമാക്കുന്ന സംഭവം. ഈ സ്ത്രീ നമുക്ക് നല്കുന്ന പാഠങ്ങൾ ധ്യാനവിഷയമാക്കാം.

**1. പ്രതിസന്ധികളിൽ തളരാതെ വിശ്വാസം മുറുകെ പിടിക്കുക**

കാനാൻകാരി കർത്താവിന്റെ പക്കലെത്തി അവളുടെ മകൾക്കുവേണ്ടി കരഞ്ഞു പ്രാർത്ഥിച്ചു. എന്നാൽ യേശു ഒരു വാക്കുപോലും പറഞ്ഞില്ല (15:23). പക്ഷേ ഇത് അവളെ മടുപ്പിച്ചില്ല. തുടർന്ന് ശിഷ്യന്മാർ യേശുവിനോട് അവളെ പറഞ്ഞയച്ചാലും എന്ന് പറയുമ്പോൾ, യേശു പറഞ്ഞു: ''ഇസ്രായേൽഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്ക് മാത്രമാണ് ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്''. പുറപ്പാട് 4:22 അനുസരിച്ച് ദൈവത്തിന്റെ ആദ്യജാതൻ ഇസ്രായേലാണ്. അവർക്കാണ് മിശിഹായുടെ അനുഗ്രഹം ആദ്യം ലഭിക്കേണ്ടത് (അപ്പ. പ്രവ. 3:26). പക്ഷേ ഈശോയുടെ ഈ വാക്കുകൾ അവളെ നിരുത്സാഹപ്പെടുത്തിയില്ല. അവൾ കൂടുതൽ വിശ്വാസത്തോടെ അവനെ പ്രണമിച്ച് കർത്താവേ എന്നെ സഹായിക്കണമേ എന്ന് അപേക്ഷിച്ചു (15:25). അപ്പോൾ കർത്താവ് അവളോടു പറഞ്ഞു: ''മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞു കൊടുക്കുന്നത് ഉചിതമല്ല''. യഹൂദർ വിജാതീയരെ നായ്ക്കളായി കരുതിയിരുന്നു. യഥാർത്ഥ ദൈവമക്കൾ തങ്ങളാണെന്ന് അവർ കരുതിയിരുന്നു. ഇത് മനസിൽ വച്ചുകൊണ്ടാണ് യേശു അവളോട് അങ്ങനെ പറയുന്നത്. തന്നെ ആക്ഷേപിക്കുന്നതുപോലെ യേശു സംസാരിച്ചിട്ടും, അവൾ പതറിയില്ല. കാരണം അവൾക്കറിയാമായിരുന്നു ക്രിസ്തു തന്റെ ജീവിതത്തിൽ ഇടപെടും എന്ന്. അതുകൊണ്ട് അവൾ പറഞ്ഞു: ''കർത്താവേ നായ്ക്കളും യജമാനൻമാരുടെ മേശയിൽനിന്നു വീഴുന്ന അപ്പക്കഷണങ്ങൾ തിന്നുന്നുണ്ടല്ലോ''. ജീവിതത്തിന്റെ പ്രതിസന്ധികളിൽ വിശ്വാസം പരീക്ഷിക്കപ്പെടുമ്പോൾ മടുത്തു പോകുന്നവരുടെ മുൻപിൽ ഈ സ്ത്രീ ഒരു വലിയ മാതൃകയാണ്. അതുകൊണ്ടാണ് ഈശോ പറഞ്ഞത്: ''സ്ത്രീയേ നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്ക് ഭവിക്കട്ടെ'' (15:28). ഇന്നത്തെ പഴയനിയമഭാഗത്ത് അതായത്, പുറപ്പാട് 16:1–12 വരെയുള്ള വാക്യങ്ങളിൽ മരുഭൂമിയുടെ അനുഭവങ്ങളിൽ ദൈവത്തിനെതിരെ പിറുപിറുക്കുന്ന ഇസ്രായേൽജനത്തെ നാം കാണുന്നുണ്ട്. പ്രതിസന്ധികൾ അവരെ നിരാശയിലേക്ക് നയിച്ചു. എന്നാൽ ഇവിടെ ഒരു വിജാതീയ സ്ത്രീ വിശ്വാസം പരീക്ഷിക്കപ്പെടുമ്പോഴും ഉറച്ചു നില്ക്കുന്നു. അതുവഴി അവൾ അനുഗ്രഹീതയായി. ജറമിയായുടെ പുസ്തകത്തിൽ നാം വായിക്കുന്നു ''എന്നെ സേവിക്കാനും എന്റെ നാമത്തെ സ്നേഹിക്കാനും എന്റെ ദാസരായിരിക്കാനും എന്നോട് ചേർന്നു നില്ക്കുകയും സാബത്ത് അശുദ്ധമാക്കാതെ ആചരിക്കുകയും എന്റെ ഉടമ്പടിയോട് വിശ്വസ്തത പുലർത്തുകയും ചെയ്യുന്ന പരദേശികളെയും ഞാൻ എന്റെ വിശുദ്ധ ഗിരിയിലേക്ക് കൊണ്ടുപോകും''. ഈ പ്രവചനം ഇവിടെ പൂർണമാവുകയാണ്. കർത്താവിനോട് വിശ്വസ്തത പുലർത്തുന്ന ഈ സ്ത്രീ ദൈവാനുഗ്രഹം പ്രാപിക്കുന്നു. വിശ്വാസം പരീക്ഷിക്കപ്പെടുമ്പോഴും ഉറച്ചു നില്ക്കാൻ നമുക്ക് കഴിയണം. മത്തായിയുടെ സുവിശേഷം 7–ാം അദ്ധ്യായത്തിൽ ഭവനം പണിത രണ്ട് മനുഷ്യരെക്കുറിച്ച് പറയുന്നുണ്ട്. അതിൽ ഒരാൾ പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യൻ. കാറ്റൂതി, വെള്ളപ്പൊക്കമുണ്ടായി, പക്ഷേ ഭവനം വീണില്ല. കാരണം അതിന്റെ അടിത്തറ ബലമുള്ളതായിരുന്നു. രണ്ടാമൻ മണൽപുറത്തു ഭവനം പണിത മനുഷ്യൻ. കാറ്റൂതി, വെള്ളപ്പൊക്കമുണ്ടായി, ഭവനം വീണു. കാരണം അടിത്തറയുണ്ടായിരുന്നില്ല. ഇതുപോലെയാണ് ബലിഷ്ഠമായ അടിത്തറയില്ലാത്ത വിശ്വാസം. പത്രോസിന്റെ ഒന്നാം ലേഖനം 4:12 ൽ നാം വായിച്ചിട്ടുണ്ട്: ''പ്രിയപ്പെട്ടവരേ നിങ്ങളെ പരിശോധിക്കാനായി അഗ്നിപരീക്ഷകൾ ഉണ്ടാകുമ്പോൾ, അപ്രതീക്ഷിതമായതെന്തോ സംഭവിച്ചാലെന്നപോലെ പരിഭ്രമിക്കരുത്. ക്രിസ്തുവിന്റെ പീഡകളിൽ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ. അവന്റെ മഹത്വം വെളിപ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ലാദിക്കും''.

**2. പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരാകുക**

പ്രാർത്ഥനയുടെ യഥാർത്ഥ മാതൃകയാണ് ഈ കാനാൻകാരി സ്ത്രീ. അവൾ ക്രിസ്തുവിലുള്ള പൂർണ വിശ്വാസത്തോടെയാണ് അവന്റെ പക്കലേക്ക് വരുന്നത്. തന്റെ മകളെ സുഖപ്പെടുത്താൻ ക്രിസ്തുവിന് കഴിയുമെന്ന് അവൾ പൂർണമായി വിശ്വസിക്കുന്നു. മൂന്ന് പ്രാവശ്യം കർത്താവേ എന്ന് വിളിച്ചുകൊണ്ട് അവന്റെ ദൈവത്വത്തെ പൂർണമായി ഏറ്റുപറയുന്നു. ഈ വിശ്വാസമാണ് അവളുടെ പ്രാർത്ഥനാജീവിതത്തിന്റെ ഒരു പ്രത്യേകത. രണ്ടാമത്തേത്, പ്രാർത്ഥനയിലുള്ള അവളുടെ സ്ഥിരതയാണ്. കർത്താവ് മൗനമായിരുന്നപ്പോഴും, ഇസ്രായേലിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്ക് മാത്രമാണ് താൻ അയയ്ക്കപ്പെട്ടിരിക്കുന്നത് എന്ന് പറഞ്ഞപ്പോഴും, അവൾ നിർബന്ധബുദ്ധിയോടെ യേശുവിന്റെ പിന്നാലെ നടന്നു. ആഗ്രഹിച്ചത് സാധിച്ചിട്ടാണ് അവൾ തിരിച്ചു പോവുക. ഈ നിർബന്ധബുദ്ധിയാണ് നമുക്കും വേണ്ടത്. ലൂക്കായുടെ സുവിശേഷം 11:9 ൽ നാം വായിക്കുന്നു: ''ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും. അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ നിങ്ങൾക്ക് തുറന്നുകിട്ടും''. ലൂക്കായുടെ സുവിശേഷം 18:1 ൽ ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണമെന്ന് പഠിപ്പിക്കുന്നു. ഭഗ്നാശരാകാതെ പ്രാർത്ഥിച്ച കാനാൻകാരിയോട് ഈശോ പറഞ്ഞു: ''നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ''. നിരന്തരമായി പ്രാർത്ഥിക്കുന്ന നമ്മോടും ദൈവം ഇതേ വചനം പറയും ''നീ ആഗ്രഹിച്ചതുപോലെ നിനക്കു ഭവിക്കട്ടെ''.



www.malankaralibrary.com

## വലിയ നോമ്പിലെ അഞ്ചാം ഞായർ
**ക്പിഫ്തോ ഞായർ - കൂനിയെ സൗഖ്യമാക്കിയത്**
**റോമാ. 12:1-15; ലൂക്കാ. 13:10-17**

സമൂഹത്തിൽ വല്ലാതെ ഒറ്റപ്പെട്ടു പോകുന്ന മനുഷ്യരുണ്ട്. മറ്റുള്ളവരിലേക്ക് നോക്കാൻപോലും കഴിയാതെ മാറി നില്ക്കുന്നവർ. തന്റേടത്തോടെ സമൂഹത്തിൽ നിവർന്ന് നില്ക്കാൻ കഴിയാത്തവർ. അങ്ങനെയുള്ള ഒരു പാവം സ്ത്രീയെ സുഖപ്പെടുത്തുന്ന സംഭവമാണ് ഇന്നത്തെ സുവിശേഷം - ലൂക്കാ 13:10-17, - കൂനിയായ സ്ത്രീയെ സുഖപ്പെടുത്തുന്ന സംഭവം. ഈശോയുടെ ജറുസലേമിലേക്കുള്ള യാത്രാമദ്ധ്യേ നടക്കുന്ന ഈ സുവിശേഷഭാഗത്തിന്റെ സന്ദേശം നമുക്ക് ധ്യാനവിഷയമാക്കാം.

**1. ബന്ധിതർക്ക് മോചനം നല്കുന്ന യേശു**

കൂനിയായ സ്ത്രീയെ യേശു സുഖപ്പെടുത്തിയപ്പോൾ സിനഗോഗധികാരി കോപിച്ചു. അപ്പോൾ യേശു അവരോട് ചോദിച്ചു: പതിനെട്ടു വർഷമായി സാത്താൻ ബന്ധിച്ചിട്ടിരുന്നവളായ അബ്രാഹത്തിന്റെ ഈ മകളെ അഴിച്ചു വിടേണ്ടതില്ലേന്നോ? അവളുടെ കൂനിന്റെ പ്രധാന കാരണം സാത്താന്റെ ബന്ധനമാണ്. ലൂക്കായുടെ സുവിശേഷം 4-ാം അദ്ധ്യായം 16 മുതലുള്ള വാക്യങ്ങളിൽ നയപ്രഖ്യാപന പ്രസംഗത്തിൽ യേശു പറയുന്നു: ''കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അ വിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു''. കർത്താവിന്റെ ദൗത്യത്തിൽ പ്രധാനപ്പെട്ട ഒന്നാണ് ബന്ധിതർക്ക് മോചനം. ലൂക്കാ 4:31-37 വരെയുള്ള വാക്യങ്ങളിൽ അശുദ്ധാത്മാവ് ബാധിച്ചവനെ യേശു സുഖപ്പെടുത്തുന്നുണ്ട്. 18 വർഷമായി രക്തസ്രാവം ഉണ്ടായിരുന്ന സ്ത്രീയെ യേശു സുഖപ്പെടുത്തുന്ന സംഭവം ലൂക്കാ 8:43 മുതലുള്ള വാക്യങ്ങളിൽ നാം വായിക്കുന്നുണ്ട്. പാപത്തിന്റെയും, രോഗത്തിന്റെയും, സാത്താന്റെയും, മരണത്തിന്റെയും ബന്ധനത്തിലായവരെ മോചിപ്പിക്കുന്ന വിമോചകനാണ് യേശു. ലൂക്കായുടെ സുവിശേഷം 5-ാം അദ്ധ്യായത്തിൽ തളർവാതരോഗിയെ സുഖപ്പെടുത്തുമ്പോൾ യേശു പറയുന്നു: ''മനുഷ്യാ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു'' (ലൂക്കാ 5:20). മനുഷ്യവർഗത്തിന്റെ മുഴുവൻ പാപം മോചിക്കുന്ന വിമോചകനാണ് ക്രിസ്തുവെന്ന് പ്രഖ്യാപിക്കുകയാണ് ഇതിലൂടെ. കൂനിയായ സ്ത്രീയെ സുഖപ്പെടുത്തുന്ന സംഭവത്തിൽ യേശു അവളോടു പറയുന്നു: ''സ്ത്രീയേ, നിന്റെ രോഗത്തിൽനിന്ന് മോചിക്കപ്പെട്ടിരിക്കുന്നു'' (ലൂക്കാ 13:12). ഇവിടെ സാത്താന്റെ അടിമത്വത്തിൽ പെട്ടുപോയ ഹവ്വായുടെ പ്രതീകമാണ്. സാത്താന്റെ അടിമത്വത്തിൽനിന്ന് മനുഷ്യനെ മോചിപ്പിക്കുന്ന വിമോചകനാണ് ക്രിസ്തു. ഉയിർപ്പു ഞായറാഴ്ചയിലെ വി. കുർബാനയുടെ ഹൂത്തോമ്മോയിൽ നാം ചൊല്ലാറുണ്ട്: ''ബന്ധുക്കൾ മൂവർ ഇന്നാൾ ലജ്ജിതരായി. മൃതിയും സാത്താനും യൂദായും തന്നെ''.

**2. കൂനുകൾ സൗഖ്യപ്പെടണം**

യഥാർത്ഥത്തിൽ കൂന് എന്താണ്? നിവർന്ന്നിന്ന് ദൈവത്തെ സ്തുതിക്കാനും, സഹോദരങ്ങളെ കാണാനും കഴിയാത്ത അവസ്ഥയാണ് കൂന്. ഈ അവസ്ഥയിൽനിന്നാണ് ദൈവം അവളെ മോചിപ്പിക്കുന്നത്. യേശു അവളെ സൗഖ്യപ്പെടുത്തി കഴിഞ്ഞപ്പോൾ ''അവൾ നിവർന്ന് നിന്ന് ദൈവത്തെ സ്തുതിച്ചു (13:14). ഇത്രയുംനാൾ അബ്രാഹത്തിന്റെ ഈ മകൾക്ക് നിവർന്ന് നിന്ന് ദൈവത്തെ സ്തുതിക്കാൻ സാധിച്ചില്ലാ എന്നത് അവളുടെ കൂനായിരുന്നു. അതിൽ നിന്നാണ് യേശു അവളെ മോചിപ്പിക്കുന്നത്. ദൈവത്തിൽനിന്നുള്ള ബന്ധത്തിൽനിന്ന് നമ്മെ അകറ്റുന്ന ബന്ധനം പാപമാണ്. സക്കേവൂസിന്റെ ജീവിതത്തിൽ ദൈവത്തോടുള്ള ബന്ധത്തിൽനിന്ന് അവനെ അകറ്റിയത് ധനത്തോടുള്ള ആർത്തിയായിരുന്നു. അത് അവൻ ഭാഗം ചെയ്യാൻ തയ്യാറായപ്പോൾ അവൻ അബ്രാഹത്തിന്റെ മകനായി മാറി. കായേൻ ദൈവത്തിൽ നിന്നകന്നത് സഹോദരനോടുള്ള വെറുപ്പും വിദ്വേഷവും മൂലമായിരുന്നു. ഇങ്ങനെ പല തരത്തിലുള്ള കൂനുകൾ നമ്മെ ദൈവത്തിൽനിന്നും സഹോദരങ്ങളിൽനിന്നും അകറ്റുന്നു. ഗലാത്തിയാക്കാർക്ക് എഴുതിയ ലേഖനം 5:1 ൽ നാം വായിക്കുന്നു: ''സ്വാതന്ത്ര്യത്തിലേക്കു ക്രിസ്തു നമ്മെ മോചിപ്പിച്ചു. അതുകൊണ്ട് നിങ്ങൾ സ്ഥിരതയോടെ നില്ക്കുവിൻ. അടിമത്വത്തിന്റെ നുകത്തിന് ഇനിയും നിങ്ങൾ വിധേയരാകരുത്''. നമ്മെ കൂനുള്ളവരാക്കുന്ന കാര്യങ്ങളെക്കുറിച്ച് ഗലാ. 5:19-20 ൽ പറയുന്നു: ''വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയ ചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം'' ഇത്തരം പ്രവർത്തികൾ ചെയ്യുന്നവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ല എന്ന് വി. പൗലോസ്ശ്ലീഹാ ഓർമിപ്പിക്കുന്നു. ഇതിൽനിന്ന് മോചനം നേടാനുള്ള സന്ദർഭമാണ് നോമ്പ്.

**3. ക്രിസ്തുവിലൂടെ സംഭവിക്കാനിരിക്കുന്ന പുതിയ പുറപ്പാടിന്റെ സൂചനയാണ് ഈ സംഭവം**

കൂനിയായ സ്ത്രീയെ സുഖപ്പെടുത്തിയ സംഭവം യേശുവും സിനഗോഗധികാരിയും തമ്മിലുള്ളതർക്കത്തിനു കാരണമായി. സിനഗോഗധികാരി സാബത്തു നിയമത്തിന് ഊന്നൽ നല്കിയപ്പോൾ, യേശു സാബത്തിൽ ദൈവത്തിന്റെ രക്ഷാപദ്ധതി നടപ്പാക്കുന്നതിനാണ് ഊന്നൽ നല്കിയത്. യഥാർത്ഥത്തിൽ സാബത്ത് എന്താണ്?
* സാബത്ത് സൃഷ്ടിയെക്കുറിച്ചുള്ള ഓർമപ്പെടുത്തലാണ്: പുറപ്പാട് 20:11 ൽ നാം വായിക്കുന്നു: ''കർത്താവ് ആറു ദിവസംകൊണ്ട് ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഏഴാം ദിവസം വിശ്രമിച്ചു. അങ്ങനെ അവിടുന്ന് സാബത്തുദിവസത്തെ അനുഗ്രഹിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്തു'. ഇവിടെ സാബത്തുദിവസം ഈ സ്ത്രീയെ സുഖപ്പെടുത്തുന്നതുവഴി ക്രിസ്തുവിലൂടെ സംഭവിക്കാനിരിക്കുന്ന പുതിയ സൃഷ്ടിയെ സൂചിപ്പിക്കുന്നു.



www.malankaralibrary.com

ക്രിസ്തുവിലൂടെ സംഭവിച്ച ആ പുതിയ സൃഷ്ടികർമ്മത്തെക്കുറിച്ച് സഭ അനുസ്മരിക്കുന്ന കാലമാണ് നോമ്പുകാലം.

* സാബത്ത് ഇസ്രായേലിന്റെ പുറപ്പാടിന്റെ ഓർമയാണ്: നിയമാവർത്തനം 5:15 ൽ നാം വായിക്കുന്നു: ''നീ ഈജിപ്തിൽ ദാസനായിരുന്നുവെന്നും നിന്റെ ദൈവമായ കർത്താവ് തന്റെ കരുത്തുറ്റ കരം നീട്ടി അവിടെനിന്ന് നിന്നെ മോചിപ്പിച്ചു കൊണ്ടുവന്നുവെന്നും ഓർമിക്കുക. അതുകൊണ്ട് സാബത്തുദിനം ആചരിക്കാൻ അവിടുന്ന് നിന്നോട് കൽപിച്ചിരിക്കുന്നു. സാബത്തുദിവസം ഈ സ്ത്രീയെ സുഖപ്പെടുത്തുന്നതിലൂടെ മിശിഹായിലൂടെ സംഭവിക്കാനിരിക്കുന്ന പുതിയ പുറപ്പാടിനെക്കുറിച്ചുള്ള സൂചനയാണ്. ഈ പുതിയ പുറപ്പാടിനെക്കുറിച്ച് ലൂക്കാ 9:31 ൽ നാം വായിക്കുന്നുണ്ട്. ഈ പുറപ്പാട് സാത്താന്റെ അടിമത്തത്തിൽനിന്ന് രക്ഷയിലേക്കുള്ള പുറപ്പാടാണ്. അതിന് കാരണമായത് പെസഹാകുഞ്ഞാടിന്റെ ബലിയർപ്പണമാണ്. ഈ പുറപ്പാടിന്റെ ഓർമയ്ക്കായി സഭ ഒരുങ്ങുന്ന കാലമാണ് നോമ്പുകാലം.

ഈ സുവിശേഷഭാഗം നമുക്ക് നല്കുന്ന ചിന്തകൾ മനസ്സിൽ സൂക്ഷിക്കാം.

1. ഈശോ ബന്ധിതർക്ക് മോചനം നല്കുന്ന വിമോചകനാണ്.
2. ദൈവത്തിൽനിന്നും സഹോദരങ്ങളിൽനിന്നും നമ്മെ അകറ്റുന്ന കൂനുകൾ പരിഹരിക്കപ്പെട്ടാലേ നമുക്ക് നിവർന്ന്നിന്ന് ദൈവത്തെ സ്തുതിക്കാനാകൂ.
3. ക്രിസ്തുവിലൂടെ സംഭവിച്ച പുതിയ സൃഷ്ടികർമ്മത്തിന്റെയും പുതിയ പുറപ്പാടിന്റെയും ഓർമ്മ സജീവമാക്കാൻ നാം ഒരുങ്ങുന്ന കാലമാണ് നോമ്പുകാലം.

## വലിയ നോമ്പിലെ ആറാം ഞായർ

**സമിയോ ഞായർ – കുരുടനെ സൗഖ്യമാക്കിയത്**

**റോമാ 14:10–23; യോഹ. 9:1–41**

ഭാരതത്തിലെ മഹർഷിമാർ പ്രാർത്ഥിച്ചിരുന്നു: 'തമസമോ ജ്യോതിർഗമയ' അതായത് അന്ധകാരത്തിൽനിന്ന് ഞങ്ങളെ പ്രകാശത്തിലേക്ക് നയിക്കണമെ. അജ്ഞാനത്തിന്റെയും തിന്മയുടെയും പാപത്തിന്റെയും അന്ധകാരത്തിൽപ്പെട്ടുഴലുന്ന മനുഷ്യർ എന്നും ഈ പ്രാർത്ഥന ഉരുവിട്ടിരുന്നു. ഈ പ്രാർത്ഥനയ്ക്ക് ദൈവം നല്കിയ പ്രത്യുത്തരമാണ് ക്രിസ്തു. അവനാണ് യഥാർത്ഥ പ്രകാശം. അവനിൽ വിശ്വസിക്കുന്നവർ അന്ധകാരത്തിൽ നടക്കുകയില്ല. ഈ സത്യം വെളിപ്പെടുത്തുന്ന സുവിശേഷഭാഗമാണ് ഇന്നത്തെ ധ്യാനവിഷയം. യോഹ. 9:1–4, – യേശു അന്ധനെ സുഖപ്പെടുത്തുന്ന സംഭവം. ഈ സുവിശേഷം നല്കുന്ന ജീവിതപാഠങ്ങൾ നമുക്ക് ധ്യാനവിഷയമാക്കാം.

**1. ക്രിസ്തു ലോകത്തിന്റെ പ്രകാശം**

ക്രിസ്തു ലോകത്തിന്റെ പ്രകാശമാണ് എന്ന് വ്യക്തമാക്കാൻ പ്രവർത്തിച്ച അടയാളമാണ് അന്ധനെ സുഖപ്പെടുത്തുന്ന സംഭവം. കൂടാരത്തിരുന്നാളിൽ പ്രകാശവുമായി ബന്ധപ്പെടുത്തിയുള്ള ആചാരങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ സംഭവം നടക്കുന്നത്. ഈ കൂടാരത്തിരുന്നാളിന്റെ പശ്ചാത്തലത്തിൽ യോഹ. 8:12 ൽ യേശു പറഞ്ഞു: ''ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും''. യോഹ. 1:4–5 വാക്യങ്ങളിൽ നാം വായിക്കുന്നു: ''അവനിൽ സംഭവിച്ചത് ജീവനായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; അതിനെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല''. ക്രിസ്തു വെളിച്ചമായിരുന്നു എന്ന് യോഹന്നാൻ പഠിപ്പിക്കുന്നു. യോഹ. 1:6–8 ൽ യോഹന്നാനെക്കുറിച്ച് പറയുന്നത് പ്രകാശത്തിന് സാക്ഷ്യം നല്കാൻ വന്നവൻ എന്നാണ്. പ്രകാശം ക്രിസ്തുവാണ്. അവന് സാക്ഷ്യം നല്കുന്ന വനാണ് യോഹന്നാൻ. യോഹ. 1:9 ൽ യേശുവിനെ വിളിക്കുന്നത് 'എല്ലാ മനുഷ്യരേയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചം' എന്നാണ്. അന്ധനെ സുഖപ്പെടുത്തുന്ന സംഭവത്തിന്റെ ആരംഭത്തിൽ യേശു പറയുന്നു: ''ലോകത്തിലായിരിക്കുമ്പോൾ ഞാൻ ലോകത്തിന്റെ പ്രകാശമാണ്''. അന്ധനായ ഒരു മനുഷ്യൻ പ്രകാശമാകുന്ന യേശുവിലേക്ക് വരുന്നു. എന്നാൽ കാഴ്ചയുണ്ടെന്ന് അവകാശപ്പെടുന്ന ഫരിസേയർ പ്രകാശമായ ക്രിസ്തുവിനെ തിരസ്ക്കരിക്കുന്നതുവഴി അന്ധരായിമാറുന്നു. യോഹ. 9:4ൽ വായിക്കുന്നു: അന്ധരായിരുന്നെങ്കിൽ നിങ്ങൾക്കു പാപം ഉണ്ടാകുമായിരുന്നില്ല. എന്നാൽ ഞങ്ങൾ കാണുന്നു എന്നു നിങ്ങൾ പറയുന്നു. അതുകൊണ്ട് നിങ്ങളിൽ പാപം നിലനില്ക്കുന്നു''. ക്രിസ്തുവാണ് യഥാർത്ഥ പ്രകാശം. അജ്ഞാനത്തിന്റെയും പാപത്തിന്റെയും തിന്മയുടെയും അന്ധകാരത്തിൽനിന്ന് മനുഷ്യനെ മോചിപ്പിക്കുന്ന പ്രകാശം. യോഹ. 8:12 ൽ ഞാൻ ലോകത്തിന്റെ പ്രകാശമാണെന്ന് പഠിപ്പിക്കുന്നതിനുമുമ്പ് 8:1–11 ൽ പാപത്തിന്റെ അന്ധകാരത്തിലായിരുന്ന ഒരു സ്ത്രീയെ യേശു രക്ഷയുടെ പ്രകാശത്തിലേക്ക് കൊണ്ടുവരുന്നു. യോഹന്നാന്റെ സുവിശേഷം 3:1 മുതലുള്ള വാക്യങ്ങളിൽ രാത്രിയിൽ (അന്ധകാരത്തിൽ) യേശുവിന്റെ പക്കലേക്ക് നിക്കദേമൂസ് എത്തുന്നു. യോഹ. 19:39 ൽ യേശുവിനെ സംസ്കരിക്കാൻ പരസ്യമായി പകൽ സമയത്ത് എത്തുന്നു. അവൻ ക്രിസ്തുവാകുന്ന പ്രകാശത്തിലേക്ക് വളർന്നു. യോഹന്നാന്റെ സുവിശേഷം 4–ാം അദ്ധ്യായത്തിൽ പാപത്തിന്റെ അന്ധകാരത്തിലായിരുന്ന സമരിയാക്കാരി സ്ത്രീയെ യേശു പ്രകാശത്തിലേക്ക് നയിച്ചു. എന്നാൽ പ്രകാശമായ ക്രിസ്തുവിനെ സ്വീകരിച്ച് അന്ധകാരത്തിലേക്ക് പോകുന്ന ശിഷ്യരെ യോഹ. 13:30 ൽ നാം കാണുന്നു. വി. കുർബാന സ്വീകരിച്ചും യൂദാസ് പുറത്തേക്ക് പോയി. അപ്പോൾ രാത്രിയായിരുന്നു. ഈ ഒരു സാദ്ധ്യത ക്രിസ്തീയ ജീവിതത്തിൽ ഉണ്ട്. പ്രകാശം ലഭിച്ചിട്ടും വീണ്ടും അന്ധകാരത്തിലേക്കു പോകാനുള്ള സാദ്ധ്യത. ഹെബ്രാ. 6:4–6 ൽ നാം വായിക്കുന്നു: ''ഒരിക്കൽ പ്രകാശം



www.malankaralibrary.com

ലഭിക്കുകയും സ്വർഗ്ഗീയ സമ്മാനം ആസ്വദി ക്കുകയും, പരിശുദ്ധാത്മാവിൽ പങ്കുകാരാവു കയും, വരാനിരിക്കുന്ന യുഗത്തിന്റെ ശക്തിയും രുചിച്ചറിയുകയും ചെയ്തവർ വീണുപോ കുകയാണെങ്കിൽ, അവരെ അനുതാപത്തിലേക്ക് പുനരാനയിക്കുക അസാധ്യമാണ്''. പാപത്തി ന്റെയും രോഗത്തിന്റെയും തിന്മയുടെയും, അജ്ഞതയുടെയും തമസിൽനിന്ന് നമ്മെ വിടുവിക്കാൻ കഴിയുന്ന ക്രിസ്തുവാകുന്ന പ്രകാശത്തെ മാമ്മോദീസായിലൂടെ സ്വീകരി ച്ചവരും വി. കുർബാനയിലൂടെ നിരന്തരം സ്വീക രിക്കുന്നവരുമാണ് നാം. ഈ പ്രകാശം നഷ്ടപ്പെടാതെ നമുക്ക് സൂക്ഷിക്കാം.

ക്രിസ്തു പ്രകാശമാണ്. ഈ പ്രകാശത്തെ സ്വീകരിച്ച നാമും പ്രകാശമായി മാറണം. യോഹ. 8:12ൽ യേശു പറയുന്നു: എന്നെ അനുഗമിക്കുന്നവന് ജീവന്റെ പ്രകാശമു ണ്ടായിരിക്കും. 1 യോഹ. 1:7 ൽ നാം വായി ക്കുന്നു: ''അവിടുന്നു പ്രകാശത്തിലായിരിക്കുന്നതുപോലെ നമ്മളും പ്രകാശത്തിൽ സഞ്ചരിക്കുന്നെങ്കിൽ നമുക്കു പരസ്പരം കൂട്ടായ്മയുണ്ടാകും. അവിടുത്തെ പുത്രനായ യേശുവിന്റെ രക്തം എല്ലാ പാപങ്ങളിലുംനിന്ന് നമ്മെ ശുദ്ധീകരിച്ചു''. മത്തായിയുടെ സുവിശേഷം 5:14-16 ൽ പറയുന്നു: നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്. മലമുകളിൽ പണിതുയർത്തിയ പട്ടണത്തെ മറച്ചുവയ്ക്കുക സാധ്യമല്ല. വിളക്കു കൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല. പീഠത്തിൻമേലാണ് വയ്ക്കുക. അപ്പോൾ അത് ഭവനത്തിലുള്ള എല്ലാവർക്കും പ്രകാശം നല്കുന്നു. അപ്രകാരം മനുഷ്യർ നിങ്ങളുടെ സത്പ്രവർത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടു ത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുൻപിൽ പ്രകാശിക്കട്ടെ''. ക്രിസ്തുവാകുന്ന പ്രകാശംകൊണ്ട് നിറയാൻ ഈ നോമ്പിൽ നമുക്ക് പരിശ്രമിക്കാം. പ്രാർത്ഥനയും, തപശ്ചര്യകളും, പുണ്യപ്രവർത്തികളുംകൊണ്ട് പ്രകാശത്താൽ നിറയാം. നാം ഓരോരുത്തരും പ്രകാശമായി മാറണം. പാപത്തിന്റെയും തിന്മയുടെയും അജ്ഞാനത്തിന്റെയും അന്ധകാരത്തിൽനിന്ന് നന്മയുടെയും രക്ഷയുടെയും പ്രകാശത്തിലേക്ക് മറ്റുള്ളവരെ നയിക്കാൻ നമുക്ക് പരിശ്രമിക്കാം.

**2. സഹനം, ദൈവത്തിന്റെ മഹത്വം പ്രകടിപ്പിക്കു ന്നതിനുള്ള അവസരം**

യോഹ. 9: 2-3 വാക്യത്തിൽ ശിഷ്യന്മാർ യേശുവിനോട് ചോദിച്ചു: ''റബ്ബീ ഇവൻ അന്ധ നായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്, ഇവ ന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ? യേശു അവരോടു പറഞ്ഞു: ''ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ പാപം നിമിത്തമല്ല. പ്രത്യുത, ദൈവത്തിന്റെ പ്രവർത്തികൾ ഇവരിൽ പ്രകടമാകേണ്ടതിനാണ്''. ഒരുവനുണ്ടാകുന്ന രോഗ ത്തിന് ഉത്തരവാദി അവന്റെ മാതാപിതാക്കളോ അല്ലെങ്കിൽ അവർ ചെയ്ത പാപങ്ങളോ ആണെ ന്നായിരുന്നു യഹൂദരുടെ വിശ്വാസം (തോബി. 3:3, ജോബ് 3:3, സങ്കീ. 107:17). എന്നാൽ യേശു പഠി പ്പിച്ചു, ഈ രോഗങ്ങളും സഹനങ്ങളും ദൈവ ത്തിന്റെ മഹത്വം പ്രകടമാക്കാനാണ്. കോറിന്തോ സുകാർക്കെഴുതിയ രണ്ടാം ലേഖനം 1-ാം അദ്ധ്യായം 5-ാം വാക്യത്തിൽ നാം വായിക്കുന്നു: ''ക്രിസ്തുവിന്റെ സഹനങ്ങളിൽ ഞങ്ങൾ സമൃദ്ധ മായി പങ്കുചേരുന്നതുപോലെ ക്രിസ്തുവിലൂടെ സമാശ്വാസത്തിലും ഞങ്ങൾ സമൃദ്ധമായി പങ്കുചേ രുന്നു''. സഹനങ്ങൾ ക്രിസ്തുവിന്റെ സമാശ്വാസ ത്തിൽ പങ്കുചേരാൻ ഇടയാക്കുന്നു എന്ന് ശ്ലീഹാ പഠിപ്പിക്കുന്നു. ജീവിതത്തിന്റെ പരീക്ഷകൾ ജീവന്റെ കിരീടം ലഭിക്കുന്നതിനുള്ള മാർഗ്ഗമാ ണെന്ന് യാക്കോബ്ശ്ലീഹാ പഠിപ്പിക്കുന്നു: ''പരീക്ഷ കളെ ക്ഷമയോടെ സഹിക്കുന്നവർ ഭാഗ്യവാന്മാർ. എന്തെന്നാൽ അവർ പരീക്ഷകളെ അതിജീവിച്ചു കഴിയുമ്പോൾ, തന്നെ സ്നേഹിക്കുന്നവർക്കു ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം അവനു ലഭിക്കും'' (യാക്കോ. 1:12, വെളി പാട് 2:10). നമ്മുടെ സഹനങ്ങൾ ക്രിസ്തുവിന്റെ സഹനത്തിൽ പങ്കുകാരാകുന്നതിനുള്ള മാർഗ മാണ്. ''പ്രിയപ്പെട്ടവരേ, നിങ്ങളെ പരിശോധിക്കാ നായി അഗ്നി പരീക്ഷകൾ ഉണ്ടാകുമ്പോൾ, അപ്രതീ ക്ഷിതമായതെന്തോ സംഭവിച്ചതുപോലെ പരിഭ്രമി ക്കരുത്. ക്രിസ്തുവിന്റെ പീഡകളിൽ പങ്കുകാരാകു ന്നതിൽ ആഹ്ലാദിക്കുവിൻ. അവന്റെ മഹത്വം വെളി പ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ലാദിക്കും''. നമ്മുടെ ജീവിതത്തിലെ സഹനങ്ങളുടെ പിന്നി ലുള്ള ദൈവികപദ്ധതിയെ തിരിച്ചറിയാൻ ശ്രമിക്കാം. ക്രിസ്തുവിന്റെ സഹനത്തിലൂടെ ലോകം വിശുദ്ധീകരിക്കപ്പെട്ടെങ്കിൽ, നമ്മുടെ ജീവി തത്തിലെ സഹനങ്ങൾ സന്തോഷത്തോടെ സ്വീക രിക്കുമ്പോൾ അത് രക്ഷാകരമായി മാറും. സഹന ങ്ങളുടെ മുൻപിൽ ഈശോ പ്രാർത്ഥിച്ചു: 'പിതാവേ എന്റെ ഹിതമല്ല, നിന്റെ ഹിതം നിറവേറട്ടെ'.

**3. ക്രിസ്തുവിന് സാക്ഷികളാകുക**

ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന അന്ധ നെയാണ് നാം ഇവിടെ കണ്ടുമുട്ടുക. ക്രിസ്തു വിനെ പരസ്യമായി ഏറ്റുപറഞ്ഞാൽ അവൻ സിന ഗോഗിൽനിന്ന് പുറത്താക്കപ്പെടുമായിരുന്നു (യോഹ. 9:22). പക്ഷേ, ഈ പശ്ചാത്തലത്തിലും സധൈര്യം ക്രിസ്തുവിനെ പ്രഘോഷിക്കുന്ന അന്ധനെ നാം കാണുന്നു. അവന്റെ അയൽക്കാരും ബന്ധുക്കളും അവന്റെ സൗഖ്യത്തെക്കുറിച്ച് ചോദി ച്ചപ്പോൾ 11-ാം വാക്യത്തിൽ അന്ധൻ പറയുന്നു: യേശു എന്നു പേരുള്ള മനുഷ്യൻ എന്നെ സൗഖ്യ പ്പെടുത്തി, 17-ാം വാക്യത്തിൽ അന്ധൻ പറയുന്നു: 'അവൻ പ്രവാചകനാണ്'. 33-ാം വാക്യത്തിൽ അവൻ ഫരിസേയരോട് പറയുന്നു തന്നെ സൗഖ്യ പ്പെടുത്തിയവൻ ദൈവത്തിൽ നിന്നുള്ളവനാണ്. 36-ാം വാക്യത്തിൽ യേശു കർത്താവാണെന്ന് ഏറ്റു പറയുകയും അവനിലുള്ള വിശ്വാസം ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്യുന്നു. പ്രതിസന്ധികൾക്ക് നടുവിലും ക്രിസ്തുവിനെ പ്രഘോഷിക്കുന്ന അന്ധൻ. എന്നാൽ അവന്റെ മാതാപിതാക്കൾ യഹൂദന്മാരെ ഭയന്ന് ക്രിസ്തുവിനെ സാക്ഷ്യപ്പെടു ത്താൻ മടിച്ചു. ഫരിസേയരും നിയമജ്ഞരും ക്രിസ്തുവിനെക്കുറിച്ച് അറിഞ്ഞെങ്കിലും അവരും


www.malankaralibrary.com

അംഗീകരിക്കാൻ തയ്യാറായില്ല.

യോഹന്നാന്റെ സുവിശേഷത്തിൽ നാം കാണുന്ന ഒരു പ്രധാന ആശയമാണ് സാക്ഷ്യം. 'മർത്തീരിയ' എന്ന ഗ്രീക്ക് പദമാണ് സാക്ഷ്യം എന്നതിന് ഉപയോഗിക്കുന്നത്. 'മർത്തീരിയ' വെറും അറിവ് പകർന്നു നല്കലല്ല. പിന്നെയോ വിശ്വസിക്കുന്ന മൂല്യങ്ങൾക്കുവേണ്ടി ജീവൻ ത്യജിക്കാൻ തയ്യാറാവുന്നതാണ്. യോഹന്നാൻ, പ്രസംഗിക്കുക എന്നതിനുപകരം ഉപയോഗിക്കുന്ന പദം സാക്ഷ്യപ്പെടുത്തുക എന്നുള്ളതാണ്. യോഹ. 1:7 ൽ പറയുന്നു: ''യോഹന്നാൻ വെളിച്ചത്തിനു സാക്ഷ്യം നല്കാൻ വന്നവനാണ്. യോഹന്നാന്റെ ദൗത്യം വെളിച്ചമായ ക്രിസ്തുവിന് സാക്ഷ്യം നല്കുക എന്നതായിരുന്നു. യോഹ. 1:19-34 വരെയുള്ള വാക്യങ്ങളിൽ യേശുവിനെക്കുറിച്ചുള്ള യോഹന്നാന്റെ സാക്ഷ്യം നാം കാണുന്നു. യോഹ. 1:41 ൽ അന്ത്രയോസ് പത്രോസിനോട് ഞങ്ങൾ മിശിഹായെ കണ്ടു എന്ന് സാക്ഷ്യപ്പെടുത്തുന്നു. യോഹ. 1:45 ൽ ഫിലിപ്പോസ് നഥാനിയേലിനോട് യേശുവിനെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്നു. യോഹ. 3:31 മുതലുള്ള വാക്യങ്ങളിൽ പിതാവിനെ സാക്ഷ്യപ്പെടുത്തുന്ന യേശുവിനെ നാം കാണുന്നു. യോഹ. 4:39 ൽ സമരിയക്കാരി യേശുവിനെക്കുറിച്ച് പട്ടണത്തിലുള്ളവരോട് സാക്ഷ്യപ്പെടുത്തി. അതിന്റെ ഫലമായി അനേകർ അവനിൽ വിശ്വസിച്ചു. യോഹ. 18:37 ൽ താൻ സത്യത്തിന് സാക്ഷ്യം നല്കാൻ വന്നവനാണെന്ന് യേശു പഠിപ്പിക്കുന്നു. യേശുവിന്റെ ഏറ്റവും വലിയ സാക്ഷ്യം കുരിശുമരണമായിരുന്നു. ക്രിസ്തീയജീവിതം സാക്ഷ്യത്തിന്റെ ജീവിതമാണ്. ജീവൻ ത്യജിച്ച് യേശു നല്കിയ സാക്ഷ്യമാണ് സഭയുടെ വളർച്ചയ്ക്ക് കാരണം. അപ്പ. പ്രവ. 2:32ൽ പത്രോസ് പറയുന്നു: ''ഞങ്ങളെല്ലാവരും അതിനു സാക്ഷികളാണ്''. ജീവിതത്തിൽ എന്നും ക്രിസ്തുവിന് സാക്ഷ്യം നല്കാൻ നമുക്ക് കഴിയണം.

**4. മാമോദീസായിലൂടെ ലഭിച്ച ദൈവത്തിന്റെ കൃപയെ ഉജ്ജ്വലിപ്പിക്കാം**

സഭയുടെ ആദ്യകാലങ്ങളിൽ ക്രിസ്തീയ മാമോദീസായുടെ പ്രതീകമായി ഉപയോഗിച്ചിരുന്ന ഒരു ചിത്രമായിരുന്നു അന്ധനെ സുഖപ്പെടുത്തുന്ന സംഭവം. മാമോദീസായ്ക്കുവേണ്ടി ഒരുവനെ ഒരുക്കുമ്പോൾ വായിച്ചിരുന്ന ഒരു പ്രധാന വേദഭാഗമാണിത്. മാമോദീസായ്ക്കുവേണ്ടി ഒരാളെ ഒരുക്കുമ്പോൾ അവർ മാമോദീസായ്ക്കു യോഗ്യരാണെന്ന് വിലയിരുത്തി കഴിഞ്ഞാൽ ജലം വഴിയുള്ള ശുദ്ധീകരണത്തെക്കുറിച്ച് പഴയനിയമത്തിൽനിന്നുള്ള ഭാഗങ്ങൾ വായിക്കും. അതിനുശേഷം യോഹന്നാന്റെ സുവിശേഷം 9-ാം അദ്ധ്യായം വായിക്കും. ഈ ഭാഗത്തിന്റെ അന്ത്യത്തിൽ 38-ാം അദ്ധ്യായത്തിൽ അന്ധൻ പറയുന്നു: 'ഞാൻ വിശ്വസിക്കുന്നു'. ഈ ഭാഗം വായിച്ചതിനുശേഷം വിശ്വാസപ്രമാണം ചൊല്ലുന്നു. ഈ ഭാഗവും മാമോദീസായുടെ ശുശ്രൂഷയും തമ്മിൽ വലിയ സാമ്യമുണ്ട്.

*** കണ്ണുകളിൽ പൂശി (9:6)**

പൂശി എന്നതിനുപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദം ക്രിസ്മാ അല്ലെങ്കിൽ ക്രിസെയിൻ എന്നതാണ്. ഇത് മാമോദീസായിലും മൂറോനഭിഷേകത്തിലുമുള്ള അഭിഷേകത്തെ സൂചിപ്പിക്കുന്നു. തൈലംകൊണ്ട് അർത്ഥിയെ അഭിഷേകം ചെയ്യുന്നതിന്റെ പ്രതീകം.

*** സീലോഹാ കുളം (9:7)**

യോഹന്നാൻ 5:1 മുതലുള്ള വാക്യങ്ങളിൽ തളർവാതരോഗി ബേത്സയ്ദാ കുളത്തിലെ ജലത്തിന്റെ അത്ഭുതശക്തിയെക്കുറിച്ച് വിവരിക്കുന്നു. പക്ഷേ ജലത്തിന്റെ അത്ഭുതശക്തിയെക്കുറിച്ച് ക്രിസ്തു ഒന്നും പറയുന്നില്ല. അവനെ സുഖപ്പെടുത്തുന്നത് ക്രിസ്തുതന്നെയാണ്. എന്നാൽ ഇവിടെ അവന്റെ സൗഖ്യത്തിന് മാധ്യമമായി വർത്തിക്കുന്നത് സീലോഹാ കുളത്തിലെ ജലമാണ്. 'സീലോഹാ' എന്ന വാക്കിന്റെ അർത്ഥം 'അയയ്ക്കപ്പെട്ടവൻ' എന്നാണ്. ക്രിസ്തു പിതാവിനാൽ അയയ്ക്കപ്പെട്ടവനാണ് (3:17, 34, 5:36,38). സീലോഹാ കുളം ക്രിസ്തുവിന്റെ പ്രതീകമാണ്. മാമോദീസായിൽ നടക്കുന്നത് ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലുമുള്ള പങ്കാളിത്തമാണ്. ഈ സീലോഹാ കുളത്തിലെ വെള്ളമാണ് കൂടാരത്തിരുന്നാളിൽ ശുദ്ധീകരണത്തിനായി ഉപയോഗിച്ചിരുന്നത്. എന്നാൽ ക്രിസ്തു പറയുന്നു 'അവനാണ് ജീവജലത്തിന്റെ ഉറവിടം'.

*** ജന്മനാ അന്ധനായി പിറന്നവൻ**

വി. അഗസ്റ്റിന്റെ അഭിപ്രായത്തിൽ അന്ധരായി പിറന്ന മനുഷ്യൻ മനുഷ്യവർഗത്തിന്റെ പ്രതീകമാണ്. അന്ധത പാപത്തിന്റെ പ്രതീകവും. പാപം നീക്കപ്പെട്ടത് ക്രിസ്തുവാകുന്ന സീലോഹായിൽ കഴുകിയപ്പോഴാണ്.

*** അന്ധന്റെ വിശ്വാസത്തിലുള്ള വളർച്ച**

മാമോദീസ സ്വീകരിച്ച ഒരു വ്യക്തിയിൽ ഉണ്ടാകേണ്ട വിശ്വാസത്തിന്റെ വളർച്ചയാണ് നാം ഇവിടെ കാണുന്നത്. ക്രിസ്തുവിനെ മനുഷ്യനായി മാത്രം ആദ്യം കണ്ട അന്ധൻ പടിപടിയായി വളർന്ന് ക്രിസ്തുവിനെ കർത്താവ് എന്ന് വിളിക്കുന്ന അവസ്ഥയിലേക്ക് വളർന്നു. ക്രിസ്തു നമുക്ക് ഒരു അനുഭവമായി മാറുമ്പോൾ ക്രിസ്തുവിനെക്കുറിച്ച് കേട്ടറിഞ്ഞ കാര്യങ്ങളിൽനിന്ന് അവനെ തൊട്ടറിയുന്നതിലേക്ക് മാർതോമാശ്ലീഹായെപ്പോലെ നാം വളരണം. മാമോദീസായിലൂടെ നമുക്ക് ലഭിച്ച വിശ്വാസത്തെ ഉജ്ജ്വലിപ്പിക്കാൻ നമുക്ക് ശ്രമിക്കാം. ആ വിശുദ്ധിയിലേക്ക് നമുക്ക് മടങ്ങാം. ഈ സുവിശേഷം നമുക്ക് നല്കുന്ന സന്ദേശങ്ങൾ മനസിൽ സൂക്ഷിക്കാം.

1. ക്രിസ്തു യഥാർത്ഥ പ്രകാശം. ആ പ്രകാശംകൊണ്ട് നിറയാം. നമുക്കും പ്രകാശമായി മാറാം.
2. സഹനങ്ങൾ ദൈവത്തിന്റെ മഹത്വം പ്രകടമാക്കുന്നതിനുള്ള സന്ദർഭം.
3. ക്രിസ്തുവിന്റെ ധീര സാക്ഷികളായി മാറാം.
4. മാമോദീസായിലൂടെ ലഭിച്ച വിശുദ്ധിയിലേക്ക് നമുക്ക് മടങ്ങാം.



www.malankaralibrary.com

# ഓശാന മുതൽ ഉയിർപ്പ് വരെ

## ധ്യാനചിന്തകളിലൂടെ ഒരാത്മീയ യാത്ര



**ഫാ. കുറിയാക്കോസ് തിരുവാലിൽ**
മാവേലിക്കര ഭദ്രാസനം

**ആമുഖം**

ഒരു വിശ്വാസിയെ സംബന്ധിച്ച് ഏറെ പ്രാധാന്യമുള്ള സമയമാണ് പരിശുദ്ധ വലിയ നോമ്പിന്റെ അവസാന പത്ത് ദിവസങ്ങൾ. അതിൽ ഓശാന മുതൽ ഉയിർപ്പ് വരെ സകല സത്യവിശ്വാസികളും ദൈവാലയത്തോട് ചേർന്ന് ആയിരിക്കുവാൻ പരിശ്രമിക്കുന്ന ദിവസങ്ങളാണ്. അന്ത്യോക്യൻ സുറിയാനി ആരാധനക്രമം പിൻതുടരുന്ന സഭകൾ തങ്ങളുടെ ആത്മീയ ജീവിതത്തെ ആരാധനയിലൂടെ സ്വർഗ്ഗീയ അനുഭവമാക്കുന്ന കാലയളവാണ് ഓശാന മുതൽ ഉയിർപ്പ് വരെയുള്ള ദിവസങ്ങൾ. യേശുക്രിസ്തുവിന്റെ പീഡാനുഭവത്തിന്റെയും കുരിശിലെ ബലിയുടെയും സവിശേഷതകൾ ആഴത്തിൽ മനസിലാക്കുവാനും, അതിനെ ധ്യാനിക്കുവാനുമുള്ള സമയം കൂടിയാണ് ഈ ദിവസങ്ങൾ. ഓശാന മുതൽ ഉയിർപ്പ് വരെയുള്ള ദിവസങ്ങളിൽ യേശുവിന്റെ രാജകീയ പ്രവേശനവും, പീഡാസഹനത്തിന്റെയും ക്രൂശുമരണത്തിന്റെയും പ്രാധാന്യവും മനസിലാക്കുവാനുള്ള അവസരമാണ്. രക്ഷാകര സംഭവത്തിലെ ഏറ്റവും പ്രധാനപ്പെട്ട മുഹൂർത്തങ്ങൾ സംഭവിക്കുന്നത് ഹാശാ ആഴ്ചയിലാണ്. ക്രിസ്തുവിന്റെ പീഡാസഹനത്തെഅറിയുവാനും, അതിൽ പങ്കാളിയാകുവാനും നമുക്ക് ലഭിക്കുന്ന ഏറ്റവും നല്ല അവസരം കൂടിയാണ് ഹാശാ ആഴ്ച. നമ്മുടെ കർത്താവ് നമുക്കുവേണ്ടി സഹിച്ചതും, നമ്മെ സ്നേഹിച്ചതും എത്ര ആഴത്തിലാണ് എന്ന് തിരിച്ചറിയാൻ ഈ പീഡാനുഭവവാരത്തിൽ നമ്മൾ ധ്യാനപൂർവ്വം പങ്കു ചേരണം. ഓശാനയ്ക്കും, ഹാശാ ദിവസങ്ങൾക്കും, പെസഹായ്ക്കും, ദുഃഖവെള്ളിക്കും, ദുഃഖ ശനിക്കും, ഈസ്റ്ററിനുമെല്ലാം അതിന്റേതായ പ്രത്യേകതകൾ ഉണ്ട്. അവയെ ഒരു ധ്യാനചിന്തയിലൂടെ മനസ്സിലാക്കാൻ നമുക്ക് പരിശ്രമിക്കാം.

**1. ഓശാന**

യേശുവിന്റെ ജറുസലേമിലേക്കുള്ള രാജകീയ പ്രവേശനമാണ് ഓശാന തിരുനാൾ. പലരുടെയും, പലതിന്റെയും, അടിമകളായി കഴിഞ്ഞിരുന്ന ഇസ്രായേൽജനത തങ്ങൾക്ക് നല്ല ഒരു രാജാവിനെ കിട്ടും എന്ന പ്രതീക്ഷയിലായിരുന്നു. ഓശാന തിരുനാളിന്റെ പ്രാർത്ഥനകളിൽ നാം അതു കാണുന്നുണ്ട്. ‘‘ഇതാ നിന്റെ രാജാവ് വിനീതനായി കഴുതയുടെയും കഴുതക്കുട്ടിയുടെയും പുറത്ത് കയറി നിങ്കലേക്ക് വരുന്നു എന്ന് സ്കറിയാ ദീർഘദർശി ദൈവത്തിന്റെ വിശുദ്ധ സഭയായ സെഹിയോനോട് ഈ വിശുദ്ധ പെരുന്നാളിനെ മുൻകൂട്ടി പ്രസംഗിച്ചു’’. പ്രവാചകൻമാരുടെ ഇപ്രകാരമുള്ള അറിയിപ്പിനെക്കുറിച്ച് പെരുന്നാൾക്രമത്തിലെ ഗീതങ്ങളിലും പ്രാർത്ഥനകളിലും മനോഹരമായി അവതരിപ്പിച്ചിട്ടുണ്ട്.



ഓശാനപ്പെരുന്നാളിലൂടെ താഴെപ്പറയുന്ന കാര്യങ്ങൾ യേശു നമ്മെ പഠിപ്പിക്കാൻ ആഗ്രഹിക്കുന്നു.



www.malankaralibrary.com

**a. സഹനത്തെ രാജകീയമാക്കുവാൻ നമുക്ക് കഴിയും**

യേശു സഹിക്കുവാനാണ് ജറുസലേമിലേക്ക് പ്രവേശിച്ചത്. സഹനത്തെ സ്വീകരിക്കാൻ രാജാവിന്റെ മഹത്വത്തോടെയാണ് കടന്ന് വന്നതും. യേശു നല്കുന്ന ഏറ്റവും വലിയ സന്ദേശം, സഹനത്തെ ഒരു രാജാവിനെപ്പോലെ സ്വീകരിക്കാൻ കഴിയുമെന്നാണ്. ആൾക്കൂട്ടത്തിന്റെ സന്തോഷാരവങ്ങളോടുകൂടി ജറുസലേമിൽ കർത്താവ് സഹനത്തെ വരവേറ്റു.

**b. ആരും ഒരിക്കലും കയറാത്ത കഴുത**

ആരും ഒരിക്കലും കയറാത്ത കഴുത, യേശുവിന്റെ ജീവിതത്തിന്റെ നിർമ്മലതയെ ആണ് സൂചിപ്പിക്കുന്നത് - പാപമേശാതെയുള്ള ജീവിതം. എന്നും അവൻ പുതിയതാണ് എന്ന് നമ്മെ പഠിപ്പിക്കുകയാണ്. കർത്താവും നമ്മളിൽനിന്ന് ഒരു നിർമലമായ ജീവിതമാണ് പ്രതീക്ഷിക്കുന്നത്. ഈ ഓശാനയിൽ നമുക്ക്, അവന് വസിക്കാനുള്ള നിർമ്മല മനുഷ്യരാകാൻ പരിശ്രമിക്കാം.

**c. കർത്താവിന് അതിനെക്കൊണ്ട് ആവശ്യമുണ്ട്**

മനുഷ്യന്റെ ചിന്തയല്ല ദൈവത്തിന്റെ ചിന്ത; മനുഷ്യൻ കാണാത്തത് കാണുന്നവനാണ് ദൈവം. എല്ലാറ്റിനെയും ദൈവം മുൻകൂട്ടി ക്രമീകരിച്ചതാണ് തന്റെ രക്ഷാകര പദ്ധതിയിൽ ഭാഗഭാക്കാക്കാൻ. ഒന്നും വെറുതെയല്ല; എല്ലാം ദൈവത്തിന് ആവശ്യമുണ്ട്. ഓരോ ജീവിതവും ദൈവികപദ്ധതിയുടെ ഭാഗമാണ്.

**d. കർത്താവെ ഞങ്ങളെ രക്ഷിക്കണമെ**

ഓശാന എന്ന വാക്കിന്റെ അർത്ഥം കർത്താവെ ഞങ്ങളെ രക്ഷിക്കണമെ എന്നാണ്. ദൈവപരിപാലനയാണ് ജീവിതത്തിന്റെ നിലനില്പിന് അടിസ്ഥാനമെന്ന് തിരിച്ചറിഞ്ഞവർ, ഓശാന എന്ന വാക്കാൽ രക്ഷയ്ക്കായുള്ള തങ്ങളുടെ ആഗ്രഹം പ്രകടിപ്പിച്ചു. ദൈവത്തിന്റെ കരുണയിൽ ആശ്രയിക്കുവാൻ യേശു ഓശാനപ്പെരുന്നാളിൽ നമ്മെ ഓർമ്മിപ്പിക്കുന്നു.

**e. എളിമയുടെ രാജാവ്**

ഹീനമൃഗത്തെ തിരഞ്ഞെടുത്ത് എളിമയിലൂടെ സാത്താന്റെ അഹങ്കാരത്തെ കർത്താവ് തകർക്കുന്നു. നാമും എളിമയിൽ ജീവിക്കുവാൻ കർത്താവ് നമ്മെ ആഹ്വാനം ചെയ്യുന്നു. ക്രൈസ്തവ ജീവിതത്തിന്റെ അനിവാര്യ ഘടകമാണ് എളിമ. സുവിശേഷത്തിലുടനീളം കർത്താവിന്റെ എളിമയുടെ തെളിമ നാം ദർശിക്കുന്നുണ്ട്.

**2. ഹാശാ തിങ്കൾ, ചൊവ്വ, ബുധൻ**

പെസഹായ്ക്ക് മുമ്പുള്ള മൂന്ന് ദിവസങ്ങൾ കർത്താവിനോട് നാം പ്രാർത്ഥിക്കുന്നത്, കർത്താവേ നിന്റെ പീഡാസഹനത്തിൽ പങ്കുചേരുവാനും, അതിലൂടെ ഉത്ഥാനത്തിൽ സന്തോഷിക്കുവാനും ഞങ്ങൾക്ക് ഇടയാക്കണമെ എന്നാണ്. ഉത്ഥാനത്തിന്റെ സന്തോഷം പ്രാപിക്കുവാൻ ഹാശായിലെ തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ നാം പ്രാർത്ഥിച്ച് ഒരുങ്ങുന്നു. ഞങ്ങളെ രക്ഷയിലേക്ക് നയിച്ച പീഡാനുഭവമെ, സമാധാനത്താലെ വരിക എന്നാണ് നാം പ്രാർത്ഥിക്കുന്നത്. ഏശയ്യാ പ്രവാചകന്റെ പുസ്തകം 5-ാം അദ്ധ്യായത്തിൽ 1 മുതൽ 7 വരെയുള്ള വാക്യങ്ങൾ പ്രധാനമായും പറയുന്നത് തിരസ്ക്കരിക്കപ്പെട്ട മുന്തിരിത്തോട്ടത്തിന്റെ അനുഭവമാണ്. കർത്താവ് ഏറെ കരുതിയിട്ടും കാട്ടുമുന്തിരി മാത്രം പുറപ്പെടുവിച്ച ഇസ്രായേലിനെപ്പറ്റി പരാമർശിക്കുമ്പോൾ പുതിയ ഇസ്രായേലായ സഭയെ ഓർമ്മിപ്പിക്കുന്നത് കർത്താവിന്റെ സഹനത്തെപ്പറ്റിയാണ്. ഹാശാദിനങ്ങളിലെ നമ്മുടെ പ്രാർത്ഥനകളിൽ കാണുന്നത് ഈ പ്രതിപാദ്യമാണ്. അബ്രഹാമിനെ തിരഞ്ഞെടുത്തതു മുതൽ കർത്താവിന്റെ വരവുവരെ ദൈവം ഇസ്രായേലിനെ വഴി നടത്തിയതാണ് ഈ ദിവസങ്ങളിൽ നാം ഓർക്കുക; നന്മ മാത്രം ചെയ്ത ദൈവത്തോട് യഹൂദർ തിന്മ ചെയ്തു എന്ന് നാം നിരന്തരം പ്രാർത്ഥനയിൽ അനുസ്മരിക്കുന്നു. ഈ പ്രാർത്ഥനകൾ നമുക്ക് നല്കുന്ന തിരിച്ചറിവുകൾ സ്നേഹിക്കുന്ന ദൈവത്തെ പാപത്താൽ നാം വേദനിപ്പിക്കരുത് എന്നാണ്.

**3. പെസഹാവ്യാഴം**

തിരുസഭയുടെ അടിസ്ഥാനമായ വി. കുർബാനയും, പൗരോഹിത്യവും ക്രിസ്തുവി





www.malankaralibrary.com

നാൽ സ്ഥാപിക്കപ്പെട്ട ദിനമാണ് പെസഹാ തിരുനാൾ. പഴയ ബലിമാറ്റി, പുതിയ ബലിയിലേക്ക് ജനതയെ കൈപിടിച്ച് കയറ്റുകയാണ് പെസഹായിൽ. പുതിയ ബലിയാണ് വി. കുർബാന. പുതിയ പൗരോഹിത്യവും അതു തന്നെയാണ്. പുതിയ ബലിയും, പുതിയ പൗരോഹിത്യവും നിത്യം ഓർക്കപ്പെടേണ്ടത്, യേശു എന്തിനായി അവ സ്ഥാപിച്ചു എന്നതിന്റെ തിരിച്ചറിവിലായിരിക്കണം എന്ന് പെസഹാ നമ്മെ ഓർമ്മിപ്പിക്കുന്നു. പെസഹാ തിരുനാളിൽ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളാണ് കർത്താവ് ചെയ്തത് - ശിഷ്യന്മാരുടെ പാദക്ഷാളനവും, അവരോടൊത്തുള്ള അന്ത്യത്താഴവും.

### a. പാദക്ഷാളനം

''പിതാവ് സകലവും തന്റെ കരങ്ങളിൽ ഏല്പിച്ചിരിക്കുന്നുവെന്നും, താൻ ദൈവത്തിൽനിന്ന് വരുകയും ദൈവത്തിങ്കലേക്കു പോകുകയും ചെയ്യുന്നുവെന്നും യേശു പറഞ്ഞു. അത്താഴത്തിനിടയിൽ അവൻ എഴുന്നേറ്റ് മേലങ്കി മാറ്റി ഒരു തൂവാലയെടുത്ത് അരയിൽ ചുറ്റി. അനന്തരം ഒരു താലത്തിൽ വെള്ളമെടുത്ത് ശിഷ്യരുടെ പാദങ്ങൾ കഴുകുകയും അരയിൽ ചുറ്റിയിരുന്ന തൂവാലകൊണ്ട് തുടയ്ക്കുവാനും തുടങ്ങി'' (യോഹ. 13:3-6). തന്റെ പിതാവിൽനിന്ന് ലഭിച്ച അതേ നിയോഗം യേശു തന്റെ ശിഷ്യന്മാർക്ക് നല്കുകയാണ് - സേവനത്തിന്റെ ശുശ്രൂഷ. അതായത്, താൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കുവാനും അനേകർക്കായി ജീവിതം നല്കുവാനുമാണ് എന്ന്. നമ്മെ ഏല്പിക്കുന്ന ശുശ്രൂഷയിൽ നാമും എത്രമാത്രം എളിമപ്പെടണമെന്ന് യേശു പാദക്ഷാളനത്തിലൂടെ വ്യക്തമായി ഓർമ്മിപ്പിക്കുന്നു. വലിയവനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനാകണം എന്നാണ് യേശു പഠിപ്പിക്കുന്നത്.

### b. അന്ത്യത്താഴം

''ഇതു നിങ്ങൾക്കുവേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാണ്. എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ. അപ്രകാരംതന്നെ അത്താഴത്തിനുശേഷം അവൻ പാനപാത്രമെടുത്തുകൊണ്ട് അരുൾചെയ്തു: ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്'' (മത്താ. 26:26-28). തന്റെ ശത്രുക്കൾ ഉടനെ, തന്നെ തേടി വരും എന്ന് നല്ല ഉറപ്പുള്ള പശ്ചാത്തലത്തിൽതന്നെയാണ് കർത്താവിന്റെ അന്ത്യത്താഴവും. കർത്താവിന് അത് അന്ത്യത്താഴം ആണെങ്കിലും, മനുഷ്യകുലത്തിന് അന്ത്യമില്ലാത്ത അത്താഴമായി അതു മാറുകയായിരുന്നു. മനുഷ്യന്റെ ശരീരത്തിലേക്ക് തന്റെ ശരീരരക്തങ്ങളെ ചേർത്ത് വച്ച അന്ത്യത്താഴമായിരുന്നു സെഹിയോൻ ഊട്ടുശാലയിൽ നടന്നത്. ഞാൻ ജീവന്റെ അപ്പമാണ് എന്ന് യോഹന്നാന്റെ സുവിശേഷം 6-ാം അദ്ധ്യായത്തിൽ പറഞ്ഞത് നാം വിശുദ്ധിയോടെ ഈ അപ്പത്തെ സ്വീകരിക്കണം എന്ന് പഠിപ്പിക്കാനാണ്.

### 4. ദുഃഖവെള്ളി

മാനവകുലത്തിന് ദുഃഖവെള്ളി നല്ല വെള്ളിയാണ് (Good Friday) കാരണം ഈ വെള്ളിയാഴ്ച്ച കർത്താവ് ഏറെ വേദനിച്ചുവെങ്കിലും, അത് മനുഷ്യരുടെ നന്മയ്ക്കായി മാറി എന്നതാണ് യാഥാർത്ഥ്യം. വെള്ളിയാഴ്ച പലരും ചിന്തിക്കുന്നത് അത്ര നല്ല ദിനമായിട്ടല്ല. പക്ഷെ ഒന്നോർക്കുക, മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് വെള്ളിയാഴ്ചയാണ്. മനുഷ്യൻ രക്ഷിക്കപ്പെട്ടതും വെള്ളിയാഴ്ചയാണ്. ''എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റുന്നതും അവന്റെ ജോലി പൂർത്തിയാക്കുന്നതുമാണ് എന്റെ ഭക്ഷണം'' (യോഹ. 4:34). ദുഃഖവെള്ളിയാഴ്ച സഹനമാകുന്ന ഭക്ഷണം ഏറ്റുവാങ്ങി മാനവകുലത്തിന് തൃപ്തി വരുത്തി. ജീവിതം ത്യാഗം ചെയ്ത് മറ്റുള്ളവർക്കായി സമർപ്പിക്കുന്നതാണ് ശരിയായ സ്നേഹമെന്നും, ഉത്തമജീവിതമെന്നും യേശു നമ്മെ പഠിപ്പിച്ചു. പീലാത്തോസും, യൂദാസും, യഹൂദ നേതാക്കന്മാരും ഒരു വിധത്തിൽ യേശുവിനെ തന്റെ സഹനങ്ങൾ ഏറ്റെടുക്കാൻ സഹായി



ക്കുകയായിരുന്നു. ദുഃഖവെള്ളിയാഴ്ചത്തെ ഏറ്റവും നല്ല ധ്യാനചിന്ത കുരിശിന്റെ വഴിയാണ്; മലങ്കര ആരാധനക്രമത്തിലെ ദുഃഖവെള്ളിയുടെ മൂന്ന് ശുശ്രൂഷകൾ കുരിശിന്റെ വഴിയിലെ 14 സ്ഥലങ്ങളും ധ്യാനപൂർവ്വം അവതരിപ്പിക്കുന്നുണ്ട് എന്നതും


www.malankaralibrary.com

ശ്രേഷ്ഠമായ കാര്യമാണ്. ദുഃഖവെള്ളിയുടെ ശുശ്രൂഷ കർത്താവിന്റെ ദൈർഘ്യമേറിയ നൊമ്പരത്തിന്റെയും പീഡാസഹനത്തിന്റെയും അനുസ്മരണവും, ധ്യാനവുമാണ്. സഹനമില്ലാത്ത ക്രൈസ്തവ ജീവിതം ക്രിസ്തുവിന്റെ മനസിന് ചേർന്നതല്ല എന്ന് ദുഃഖവെള്ളി നമ്മെ പഠിപ്പിക്കുന്നു. സഹനങ്ങൾ ഏറ്റെടുക്കുവാൻ നമ്മെ സന്നദ്ധരാക്കുക എന്നതാണ് സഭ ആഗ്രഹിക്കുന്നത്. സ്വാർത്ഥ ലോകത്ത് ജീവിക്കുന്ന മനുഷ്യന് സഹനജീവിതത്തിന്റെ അർത്ഥം മനസിലാകണമെന്നില്ല; സഹനജീവിതം സ്വാർത്ഥ ജീവിതത്തെ അതിജീവിക്കാനുള്ള അവസരമാണ്. മറ്റുള്ളവർക്കുവേണ്ടി മുറിച്ച് നല്കാനുള്ളതാണ് ഓരോ വ്യക്തിയുടെയും ജീവിതമെന്ന് ക്രിസ്തുവിന്റെ സഹനം നമ്മെ ഓർമ്മിപ്പിക്കുന്നു.

### 5. ദുഃഖശനി

കർത്താവു കുരിശിൽ മരിച്ച് പാതാളത്തിലേക്ക് ഇറങ്ങി എന്നാണ് സഭ നമ്മെ പഠിപ്പിക്കുന്നത്. അവൻ പാതാളത്തിലേക്ക് ഇറങ്ങിയത് മരിച്ച സകലർക്കും ഒരു സദ്വാർത്ത നല്കാനാണ്. മനുഷ്യജീവിതത്തിൽ മരണത്തോടെ ഒന്നും അവസാനിക്കുന്നില്ല എന്ന് എല്ലാവരെയും ഓർമ്മിപ്പിക്കാനാണ്. നാം എപ്പോഴും നമ്മുടെ പരേതരെ ഓർത്ത് ദുഃഖത്തിലായിരിക്കുമ്പോഴും നമ്മുടെ ഉള്ളിലെ പ്രത്യാശ കർത്താവ് അവരെ ഉയിർപ്പിക്കും എന്നതാണ്. കബറിൽ അവസാനിക്കാത്ത ജീവിതമാണ് നമുക്കുള്ളത് എന്ന് കർത്താവു ദുഃഖശനിയാഴ്ചയിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു. കർത്താവിന്റെ മരണം കബറിലുള്ളവർക്ക് പ്രത്യാശ നല്കുന്നുവെന്ന് പ്രാർത്ഥനകളിൽ നാം അനുസ്മരിക്കുന്നു.

### 6. ഉയിർപ്പ്

ശൂന്യമായ കല്ലറയാണ് നമ്മുടെ ജീവിതത്തിന്റെ സകല ശൂന്യതകളുടെയും പരിഹാരം. ''ക്രിസ്തു ഉയർത്തിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം: നിങ്ങളുടെ വിശ്വാസം വ്യർത്ഥം'' (1 കോറി. 15:14). നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർത്തു എന്നതാണ്. മരണപ്പെട്ടവൻ ഉയിർത്തു എന്നതാണ് നമ്മുടെ ജീവിതത്തിന്റെ ബലം. ഉയിർപ്പിൽ നാം സമാധാനം ആശംസിക്കാറുണ്ട്: ഈ സമാധാനം ശാശ്വത സമാധാനമാണ്, ഈ സമാധാനത്തിൽനിന്നും നമ്മെ മാറ്റാൻ ഒന്നിനും സാധിക്കില്ല. മരണവും, പാപവും, സാത്താനും ക്രിസ്തുവിലൂടെ മാനവകുലത്തിന് കീഴടങ്ങിയതാണ് കർത്താവിന്റെ ഉയിർപ്പ്. മനുഷ്യന്റെമേൽ അധികാരം നടത്തിയിരുന്ന മരണവും, പാപവും, പിശാചും തകർന്ന് ഇല്ലാതായത് കർത്താവിന്റെ ഉയിർപ്പിലൂടെയാണ്; അവന്റെ പീഡകളിലൂടെയും, മരണത്തിലൂടെയും, ഉയിർപ്പിലൂടെയും അവൻ നമ്മെ സ്വന്തമാക്കി. നാം ദൈവമക്കളും, അവകാശികളുമാണ് എന്ന് വി. പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നു. കർത്താവിന്റെ ഉത്ഥാനത്തിൽ



നമുക്ക് പ്രത്യാശ വയ്ക്കാം. അതായിരിക്കണം നമ്മുടെ ജീവന്റെ ആധാരം.

### ഉപസംഹാരം

ഓശാനയിൽ ജനം ആർത്തുവിളിച്ചു, 'കർത്താവേ ഞങ്ങളെ രക്ഷിക്കണമെ'; നീ എഴുന്നെള്ളിയത് ഞങ്ങളെ രക്ഷിക്കാനാണ് എന്ന് അവർ ഉദ്ഘോഷിച്ചു. ഉയിർപ്പിൽ നാം ഉദ്ഘോഷിക്കുന്നു; അവൻ സത്യമായും ഉയിർത്തെഴുന്നേറ്റു; അവൻ നമ്മെ രക്ഷിച്ചു. ഓശാനയും, ഉയിർപ്പും - രണ്ട് ഉദ്ഘോഷത്തിന്റെ ഞായറുകളാണ്. ഓശാനയ്ക്കും ഉയിർപ്പിനും ഇടയിൽ നടന്ന നൊമ്പരപ്പെടുത്തുന്ന അനുഭവമാണ് രക്ഷിക്കണമെ എന്ന പ്രാർത്ഥന. മഹത്വത്തിന്റെ ഇടയിലും നൊമ്പരപ്പെടുത്തുന്ന അനുഭവങ്ങൾ നമുക്ക് ഉണ്ടായേക്കാം എന്ന് ഹാശാ ആഴ്ച നമ്മെ പഠിപ്പിക്കുന്നു. സ്വാർത്ഥത വെടിയാനും പീഡകൾ സഹിക്കാനും, അങ്ങനെ മഹത്വത്തിലേക്ക് പ്രവേശിക്കാനും, ഓശാനമുതൽ ഈസ്റ്റർ വരെയുള്ള ആത്മീയ യാത്ര നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



www.malankaralibrary.com



# മരക്കുരിശിലെ മഹാസ്നേഹം



ഫാ. മാത്യു ആലുംമൂട്ടിൽ

**ഭൂ**മിയിൽ ഉയർത്തപ്പെട്ട ഏറ്റവും ഉന്നതമായ പ്രസംഗപീഠമാണ് കുരിശ്. അത് നിരന്തരം പ്രസംഗിക്കുന്നതാകട്ടെ, മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിന്റെ മഹാസ്നേഹവും! 'അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു' (യോഹ. 3:16). തന്റെ പുത്രനിലൂടെ കുരിശിൽ വെളിപ്പെട്ട പിതാവിന്റെ ഈ മഹാസ്നേഹം സാഗരതുല്യമാണ്. വിശ്വാസത്തോടെ കുരിശിനെ സമീപിക്കുന്നവർ സാഗരത്തിലെന്നപോലെ ദൈവസ്നേഹത്തിൽ നിമഗ്നരാകുന്നു, വിമലീകരിക്കപ്പെടുന്നു, വിശുദ്ധരാക്കപ്പെടുന്നു, രക്ഷ കണ്ടെത്തുകയും ചെയ്യുന്നു. വിശ്വസിക്കുന്നവർക്ക് കുരിശ് രക്ഷയുടെ അടയാളമാണല്ലോ. യേശുവിന്റെ ഭൗമിക ജീവിതത്തിന് മകുടം ചാർത്തിയ സംഭവങ്ങളായിരുന്നു അവിടുത്തെ പീഡാസഹനവും കുരിശുമരണവും. അവയുടെ രംഗവേദികളിൽ നിഗൂഢമായിരുന്ന സ്വർഗ്ഗ-രഹസ്യങ്ങൾ നിറവേറ്റുന്നതിൽ നേരിട്ട യേശുവിന്റെ കുരിശനുഭവങ്ങൾ ക്രിസ്തു ധർമ്മത്തിലെ അനർ ഘനിധികളാണ് എന്ന് പണ്ഡിതനായ പരിശുദ്ധ ബനഡിക്ട് പതിനാറാമൻ മാർപാപ്പ പഠിപ്പിക്കുന്നുണ്ട്. പ്രസ്തുത നിധി കണ്ടെത്താൻ നടത്തുന്ന എളിയ പരിശ്രമമാണ് ഈ ലേഖനം.




യേശുവിന്റെ പീഡാസഹനത്തിലേക്കും കുരിശുമരണത്തിലേക്കും സൂചന നൽകുന്ന തിരുവചന സമ്പത്ത് വളരെ വലുതാണ്. പീഡാസഹന-പാതകൾ, പഴയ നിയമ വചനങ്ങൾ വരച്ചിട്ടിരിക്കുന്നു എന്നു പറയാം. പ്രസ്തുത സഹനവഴികൾ വചന ചിത്രങ്ങളിൽ വിശദമാംവിധം ദൃശ്യമാണ്. സഹനങ്ങളുടെ ഉള്ളറകളിലേക്ക് വചനങ്ങൾ വേണ്ടുവോളം വെളിച്ചം വീശുന്നു. അവയുടെ നിഗൂഢ രഹസ്യങ്ങളുടെ വാതിൽ തുറക്കപ്പെടുന്നു. അദൃശ്യതലങ്ങൾ അനാവരണം ചെയ്യപ്പെടുന്നു. രഹസ്യങ്ങളുടെ ചുരുളുകൾ അഴിയുന്നു. മൃതമായി സ്ഥിതിചെയ്തിരുന്ന വചനങ്ങൾക്ക് ജീവൻ വെയ്ക്കുന്നു, അവ സജീവമാകുന്നു, ദൃശ്യാവിഷ്കൃതവും മിഴിവുറ്റതുമായിത്തിരുന്നു, ജീവനും രക്ഷയും നല്കാൻ പ്രാപ്തമാവുകയും ചെയ്യുന്നു. യേശുവിന്റെ പീഡാസഹനങ്ങളുടെ പൊരുളുകൾ തിരുവചനങ്ങളുമായി ബന്ധപ്പെടുത്തിയാണ് പുതുതായി രൂപംകൊണ്ട സഭ മനസിലാക്കാൻ ശ്രമിച്ചത്. അതായിരുന്നു കരണീയമായിരുന്നതും. യേശു തന്നെ അപ്രകാരം അനുവർത്തിക്കുന്നതായി കാണാം. ഉത്ഥാനനാളിൽ ജറുസലെമിൽനിന്ന് എമ്മാവുസിലേക്കുപോയ രണ്ടു



www.malankaralibrary.com

പ്പോഴാണ് അത് സംഭവിച്ചത്. ആ നാളുകളിൽ ജറുസലെയിൽ അരങ്ങേറിയ അതിദാരുണ സംഭവങ്ങളാണ് ശിഷ്യന്മാരെ മഥിച്ചിരുന്നത്. അതായിരുന്നു അവരുടെ സംസാര വിഷയവും. അപരിചിതനെപ്പോലെ അവരെ ശ്രവിച്ച യേശു എങ്ങനെയാണ് പ്രതികരിച്ചത്? 'മോശ തുടങ്ങി എല്ലാ പ്രവാചകന്മാരും വിശുദ്ധ ലിഖിതങ്ങളിൽ തന്നെപ്പറ്റി എഴുതിയിരുന്നവയെല്ലാം അവൻ അവർക്ക് വ്യാഖ്യാനിച്ചു കൊടുത്തു' (ലൂക്കാ. 24:27). വചനം അവരുടെ അകക്കണ്ണുകൾ തുറന്നു; അവരുടെ ഹൃദയങ്ങൾ ഉജ്ജ്വലിച്ചു. ജറുസലെയിൽ നിറവേറിയ രക്ഷാകര സംഭവങ്ങളുടെ പൊരുളുകൾ അവർ തെളിഞ്ഞു കാണുവാൻ തുടങ്ങി. അതുവരെ അവരെ സംബന്ധിച്ച് അവ യേശുവിന്റെ വ്യക്തിത്വത്തിന് ചേരാത്തതും അവന്റെ സന്ദേശത്തിന് നിരക്കാത്തതും ആയിരുന്നു. ഉത്ഥിതന്റെ വചനവ്യാഖ്യാനത്തോടെയാണ് അവരുടെ കണ്ണുകളെ മറച്ചിരുന്ന അജ്ഞതയുടെ മൂടൽ മഞ്ഞ് മാഞ്ഞുപോയതും ജ്ഞാനത്തിന്റെ സൂര്യൻ അവരുടെ മേൽ പ്രകാശിച്ചതും. ഇതു തന്നെയായിരുന്നു ബാല്യകാല സഭയുടെയും അനുഭവം. യേശുവിന്റെ പീഡാസഹനങ്ങളുടെയും കുരിശുമരണത്തിന്റെയും അർത്ഥതലങ്ങൾ അക്കാലത്ത് ഗ്രഹിക്കുക ദുഷ്ക്കരമായിരുന്നു. അപ്പോൾ അവയെപ്പറ്റി പ്രതിപാദിച്ചിരുന്ന പഴയനിയമ ലിഖിതങ്ങൾ പുതിയ ഉണർവോടെ വായിക്കുവാനും അവ യേശുവിന്റെ കുരിശനുഭവങ്ങളോട് ബന്ധപ്പെടുത്തി ഗ്രഹിക്കുവാനും തുടങ്ങി. പഴയനിയമ തിരുവചനങ്ങളും പുതിയനിയമ സംഭവങ്ങളും തമ്മിലുള്ള ജൈവബന്ധവും ഉൾപ്പൊരുത്തവും ആന്തരീക പൂർണ്ണതയും ഗ്രഹിച്ചപ്പോൾ അവ വിശ്വാസത്തിന്റെ അടിസ്ഥാനമായി കണ്ടെത്തി. ഇവിടെ നാം മനസ്സിരുത്തേണ്ട സത്യം ഇതാണ്: തിരുവചനവുമായുള്ള ബന്ധത്തിന് ഉലച്ചിൽ തട്ടുമ്പോൾ വിശ്വാസത്തിന്റെ അടിത്തറ ഇളകുന്നു.

**സഹനദാസനെ വരച്ചു കാട്ടുന്ന രണ്ടു തിരുവചന ലിഖിതങ്ങൾ**

ഇത്തരുണത്തിൽ സഹനദാസനെ പ്രതിപാദിക്കുന്ന രണ്ടു തിരുവചനഭാഗങ്ങൾ സവിശേഷ ശ്രദ്ധയാകർഷിക്കുന്നു:

**1) 22-ാം സങ്കീർത്തനം**

ഈ സങ്കീർത്തനം ഇസ്രായേലിന്റെ വിലാപകാവ്യമാണ്. വിലാപത്തിനു കാരണം ദൈവം നിശബ്ദനായിരിക്കുന്നു എന്നതാണ്. ഇസ്രായേൽ വിലപിക്കുന്നു; കേൾക്കപ്പെടുന്നില്ല. അലമുറയിട്ടു കരയുന്നു; ഉത്തരം കിട്ടുന്നില്ല. ദൈവം മറഞ്ഞിരിക്കുന്നു. ദൈവത്തിന്റെ തിരോധാനം മനുഷ്യന്റെ വേദനയെ കഠിനമാക്കുന്നു. വേദനയും രോദനവുമാണ് സങ്കീർത്തനത്തിന്റെ മുഴക്കം. മർക്കോസിന്റെ സുവിശേഷത്തിൽ ഉതു പ്രതിസ്പന്ദിക്കുന്നു. 22-ാം സങ്കീർത്തനത്തിന്റെ ആരംഭവാക്യം പ്രതിധ്വനിക്കുന്നത് പീഡാസഹനങ്ങളുടെ വിവരണാരംഭത്തിലാകുന്നു എന്നത് ചിന്തനീയമാണ്. കുരിശിൽ യേശുവിന്റെ 'എന്റെ ദൈവമേ, എന്റെ ദൈവമേ, എന്നെ കൈവിട്ടതെന്ത്' എന്നുള്ള വലിയ വിലാപം, പില്ക്കാലസഭ മനസിലാക്കിയ മിശിഹാ-കരച്ചിൽ, ദൈവം കൈവിട്ടാൽ ഉളവാകുന്ന മനുഷ്യവർഗ്ഗത്തിന്റെ എക്കാലത്തേയുമുള്ള വിലാപത്തിന്റെ ഉച്ചസ്ഥലികയാണ്. സങ്കീർത്തകൻ അതിദാരുണമായി പരിഹസിക്കപ്പെടുന്നുണ്ട് (V.68). അവയിൽ ഒരു പരിഹാസം 'അവനിൽ അവന്റെ പ്രസാദം ഉണ്ടല്ലോ; അവിടുന്ന് അവനെ രക്ഷിക്കട്ടെ' എന്നതാണ്. ഈ നിന്ദാവചനം യഥാർത്ഥത്തിൽ കുരിശിൽ സഹിക്കുന്ന യേശുവിനു നേരേയുള്ള വെല്ലുവിളിയാണ്. ഉദാഹരണത്തിന് 18-ാം വാക്യം രേഖപ്പെടുത്തുന്നു: 'അവർ എന്റെ വസ്ത്രങ്ങൾ പങ്കിട്ടെടുക്കുന്നു; എന്റെ അങ്കിക്കായി അവർ നറുക്കിടുന്നു'. കുരിശിൻ ചുവട്ടിൽ അരങ്ങേറുന്ന നാടകീയ സംഭവമാണിത്. തുടരുന്ന ദാരുണ പരിഹാസവർഷങ്ങളും പീഡനവചനങ്ങളും അവയുളവാക്കുന്ന തീവ്രദു:ഖങ്ങളും സങ്കീർത്തകനെ സാവകാശം അപ്രതീക്ഷിതമായി എത്തിക്കുന്നത് ദൈവത്തിന്റെ സ്നേഹത്തിലേക്കും സ്വാന്തനത്തിലേക്കുമാണ്. ദു:ഖങ്ങൾ സന്തോഷത്തിനു വഴിമാറുന്നു. കുരിശുമരണം പുനരുത്ഥാന ത്തിനെന്നപോലെ! ഇതാ, ദു:ഖിതന്റെ നിലവിളി ദൈവം കേട്ടിരിക്കുന്നു. അതിൽ അവൻ ആഹ്ലാദിക്കുന്നു. ആഹ്ളാദം അണപൊട്ടിയൊഴുകുന്നു: 'മഹാസഭയിൽ ഞാൻ അങ്ങയെ പുകഴ്ത്തും... ഞാൻ എന്റെ നേർച്ചകൾ നിറവേറ്റും (V.25). എന്താണ് ഈ മഹാസഭ? അത് ആദിസഭ മനസിലാക്കിയത് ഇപ്രകാരമാണ്: ഉത്ഥിതനിലൂടെ രക്ഷിതരായ നവീനസമൂഹം തങ്ങളെത്തന്നെ കണ്ടെത്തിയ ഇടമാണ് മഹാസഭ. അവിടെ അവർ, തങ്ങളുടെ നിലവിളി കേട്ട ദൈവത്തിന് സ്തുതിയും സ്തോത്രവും നേർച്ചകാഴ്ചകളും ആരാധനയും അർപ്പിക്കുവാൻ ആരംഭിച്ചു. അതാണ് പിന്നീട് വിശുദ്ധ കുർബാനയിൽ പൂർത്തിയായത്. ദരിദ്രർ ഭക്ഷിച്ച് തൃപ്തരാകും (V.26) എന്ന പ്രത്യാശ ദിവ്യകാരുണ്യ സ്വീകരണത്തിലൂടെ നിറവേറുന്നു. എല്ലാ ജനതകളും കർത്താവിന്റെ അടുത്തേക്കു തിരിയുമെന്നും അവർ അവന്റെ സന്നിധിയിൽ ആരാധന അർപ്പിക്കുമെന്നും ഉള്ള സങ്കീർത്തന സ്വപ്നം സഭയിൽ സാക്ഷാത്ക്കരിക്കപ്പെട്ടതായി ആദിമസഭ തിരിച്ചറിഞ്ഞു.

**2. ഏശയ്യായുടെ ഗ്രന്ഥം 53-ാം അദ്ധ്യായം**

സഹനദാസനെ വിശദമായി പ്രതിപാദിക്കുന്ന പ്രധാനമായ രണ്ടാമത്തെ തിരുലിഖിതം



www.malankaralibrary.com

ഏശയ്യായുടെ 53-ാം അദ്ധ്യായമാണ്. ഇതിലെ പ്രതിപാദ്യവിഷയങ്ങൾ യേശുവിന്റെ നിത്യപൗരോഹിത്യത്തോടും പുരോഹിത പ്രാർത്ഥനയോടും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അതെപ്പറ്റി പണ്ഡിതനായ ആന്ദ്രേഫ്യൂയി വിശദമായ പഠനം നടത്തിയിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ അദ്ദേഹം



രേഖപ്പെടുത്തുന്നു: യോഹന്നാന്റെ സുവിശേഷം പതിനേഴാം അദ്ധ്യായത്തിൽ പൗരോഹിത്യത്തെപ്പറ്റി നവമായ ദർശനമുണ്ട്. അതിന് അനുസൃതമായ അഗാധവും ആത്മീയവും നിത്യനവീനവുമായ മാനങ്ങൾ ഏശയ്യായുടെ 53-ാം അദ്ധ്യായത്തിൽ പ്രവചിച്ചിരിക്കുന്നു. യേശുവിന്റെ സമയം സമാഗതമായപ്പോൾ അതുവരെ ഉണ്ടായിരുന്ന ബലിയർപ്പണത്തിന്റെ രൂപഭാവങ്ങക്ക് മാറ്റം സംഭവിച്ചു. മൃഗബലികൾ തിരോഭവിച്ചു. ബലിയർപ്പണം സ്വയം സമർപ്പണമായി . ബലിയർപ്പകനും ബലിവസ്തുവും ഒന്നായി ഭവിച്ചു. ഇതെപ്പറ്റി ഗ്രീക്കുപിതാക്കന്മാർ പറഞ്ഞിരുന്നു: ബലിമൃഗങ്ങളുടെ സ്ഥാനത്ത് ആത്മസമർപ്പണത്തിന്റെ യാഗാഗ്നി ഉയർന്നു. 'ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല. എന്നാൽ അവിടുന്ന് എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു' (ഹെബ്രാ10:5) കുരിശിൽ യേശുവിന്റെ ശരീരം മുറിക്കപ്പെട്ടു; രക്തം ചിന്തപ്പെട്ടു. കുരിശിൽ അർപ്പിച്ച ആത്മസമർപ്പണ ബലി യേശുവിന്റെ അതുല്യ സ്നേഹത്തിന്റെ വിപ്ലവാത്മകമായ രക്ഷാകരബലിയാണ്. യേശുതന്നെ ഇവിടെ ദൈവാലയമായി മാറുന്നു. മൂന്നു ദിനം കൊണ്ട് പുനരുദ്ധരിക്കാനാവുന്ന ദൈവാലയം! അവൻ തന്നെയാണ് അതിലെ ബലിപീഠവും ബലിവസ്തവും. യേശുവിൽ നവമായ ആരാധന രൂപം കൊള്ളുന്നു. പൗരോഹിത്യത്തിലെയും പുരോഹിതപ്രാർത്ഥനയിലെയും യേശുവിന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കപ്പെട്ട സ്വയം സമർപ്പണത്തിന്റെ ആരാധനയാണത്. അതിന്റെ സൂചനകളും വിശദാംശങ്ങളുമാണ് ഏശയ്യായുടെ 53-ാം അദ്ധ്യായത്തിൽ പ്രവചനമായി പ്രകാശിക്കപ്പെട്ടിരിക്കുന്നത്: അവൻ നിന്ദിക്കപ്പെട്ടു, ഉപേക്ഷിക്കപ്പെട്ടു, വേദനയും ദുഃഖവും നിറഞ്ഞവനായി. നമ്മുടെ വേദനകളും ദുഃഖങ്ങളുമാണ് അവൻ വഹിച്ചത്. നമ്മുടെ അതിക്രമങ്ങൾക്കും ക്ഷതങ്ങൾക്കും വേണ്ടിയാണ് അവൻ മുറിവേറ്റത്. അവയാൽ നാം സൗഖ്യവും രക്ഷയും നേടി. അവൻ മർദ്ദിക്കപ്പെട്ടു, പീഡിപ്പിക്കപ്പെട്ടു. എങ്കിലും കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ അവൻ മൗനം പാലിച്ചു. യേശുവിന്റെ സഹനവഴികളിലെ ദു:ഖസാന്ദ്രമായ ഏടുകളോരോന്നും നേരിൽ കണ്ടിട്ടെന്നപോലെ ഏശയ്യാ എണ്ണിപ്പറയുകയാണ്. മനുഷ്യവർഗ്ഗത്തിന്റെ ആകൃത്യങ്ങളുടെ ഭാരവും പാപങ്ങളുടെ ഭാണ്ഡവും ചുമലിലേറ്റിയ യേശു, അവയുടെ പരിഹാരാർത്ഥം തന്റെ ജീവനെ ബലിയായി സമർപ്പിച്ചു. അതുവഴി പൗരോഹിത്യസത്തയെ തന്റെ ഉള്ളിൽ നിന്നുതന്നെ സഹനദാസൻ സാക്ഷാത്ക്കരിക്കുകയാണ്. അതാണ് പൗരോഹിത്യധർമ്മം; പുരോഹിതന്റെ പ്രധാന കർമ്മം. 'ഇസ്രായേലേ, നീ എന്റെ ദാസനാണ്. നിന്നിൽ ഞാൻ മഹത്വം പ്രാപിക്കും (ഏശ.49:3) എന്ന വചനമാണ് അന്ത്യത്താഴവേളയിൽ അരയിൽ തൂവാലകെട്ടി, പാത്രത്തിൽ വെള്ളവുമെടുത്ത്, ശിഷ്യരുടെ പാദങ്ങൾ കഴുകിയ ദാസ്യവൃത്തിയിൽ യേശു നിറവേറ്റിയത്. ഈ ദാസ്യത്തിലാണ് ദൈവം മഹത്വമണിയുന്നത്. താഴ്മയിലാണ് പുകഴ്മ. ദാസന്റെ (അടിമയുടെ) താഴ്മാവസ്ഥയുടെ അഗാധങ്ങളിലാണ് തേജസിന്റെയും മഹത്വത്തിന്റെയും പുകഴ്ചയുടെയും സ്വർഗ്ഗത്തോളം എത്തുന്ന ഗോവണി ഉറപ്പിച്ചിരിക്കുന്നത്.

**യേശുവിന്റെ കുരിശിലെ ആത്മഗതങ്ങൾ**

കുരിശിൽ ഉയർത്തപ്പെട്ട യേശുവിന്റെ ആത്മഗതങ്ങൾ ക്രിസ്തീയ ധർമ്മത്തിന്റെ സുവർണ്ണ പാഠങ്ങളാണ് പകർന്നു തരുന്നത്. കുരിശിൽ വെളിപ്പെട്ട മഹാസ്നേഹത്തിന്റെ ഹൃദയസ്പന്ദനങ്ങളായ പ്രസ്തുത പാഠങ്ങളിലേക്ക് ഹ്യസ്വമായൊന്നു കണ്ണോടിക്കാം.

**1. പുതിയനിയമ ബലിയുടെ പാഠം**

യേശുവിന്റെ ജോർദ്ദാനിലെ ജ്ഞാന



www.malankaralibrary.com

സ്നാനമാണ് രംഗം. യേശു ദൈവപുത്രനാണെന്ന് പിതാവ് വെളിപ്പെടുത്തുന്നു. ഈ നിത്യസത്യത്തിന്റെ ദൃക്സാക്ഷിയായ സ്നാപകയോഹന്നാൻ യേശുവിനെ ലോകത്തിന് സാക്ഷ്യപ്പെടുത്തിയത് ശ്രദ്ധേയമാണ്: 'ഇതാ, ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്'(യോഹ.1:30). ലോകത്തിന്റെ പാപപരിഹാരത്തിനുവേണ്ടി അറക്കപ്പെടുവാനുള്ള കുഞ്ഞാടാണ് ദൈവപുത്രനായ യേശു. അറക്കപ്പെടുംമുമ്പ് കൊല്ലുന്നവന്റെ മുമ്പിൽ വായ്പൂട്ടി മൗനം പാലിച്ചു നിൽക്കുന്ന നിർമ്മല കുഞ്ഞാട്. കുരിശിൽ ഉയർത്തപ്പെടുമ്പോൾ. 'സത്യമായും ഇവൻ ദൈവപുത്രനായിരുന്നു' എന്ന് തിരിച്ചറിയാനിരിക്കുന്ന, ലോകത്തിന്റെ പാപപരിഹാരാർത്ഥം ബലിയർപ്പിക്കപ്പെടുവാൻ നെറുകയിൽ നിയോഗമുള്ള ദൈവകുഞ്ഞാട്. എങ്കിലും, അത് അഭൗമികമായ മുഖകാന്തിയും മേനിയഴകും രൂപലാവണ്യങ്ങളുമുള്ള ദിവ്യപ്രസാദം പ്രസരിക്കുന്ന ദിവ്യകുഞ്ഞാടായി കാണപ്പെടുന്നു. അവന്റെ ആത്മപ്രസാദമാണല്ലോ മനുഷ്യന്റെ അനുഗ്രഹാഭിഷേകങ്ങൾ.

എന്താണ് യേശു കുരിശിൽ അർപ്പിച്ച തന്റെ ബലിയുടെ അനന്യത? എന്തിലാണ് അതിന്റെ അതുല്യതയടങ്ങിയിരിക്കുന്നത്? അതൊരിക്കലും പരമ്പരാഗതമായോ, അനുഷ്ഠാനപരമായോ നടത്തിയിരുന്ന കാഴ്ചവസ്തുക്കളുടെയോ ബലിമൃഗങ്ങളുടെയോ അർപ്പണം ആയിരുന്നില്ല; 'യേശു നമുക്കുവേണ്ടി സുരഭിലകാഴ്ചയും ബലിയുമായി തന്നെത്തന്നെ ദൈവത്തിനു സമർപ്പിച്ച' (എഫേ 5:2)ബലിയായിരുന്നു. അതാണ് യേശുവിന്റെ ബലിയുടെ അനന്യതയും അതുല്യതയും. ഊന്നൽ 'തന്നെത്തന്നെ' സമർപ്പിച്ചു എന്നതിലാണ്. ഇതോടെ, ദൈവത്തിനു ബലിയർപ്പിക്കുവാനുള്ള മനുഷ്യന്റെ കടമയിൽ നവീന മാനവും മാറ്റവും സംജാതമാകുന്നു. അതു മനസസിലാക്കിയ പൗലോസ് ശ്ലീഹാ റോമക്കാരെ ഉദ്ബോധിപ്പിക്കുന്നു; നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവ ബലിയായി സമർപ്പിക്കുവിൻ (റോമ 12:1).

സമാന്തര സുവിശേഷകരും പൗലോസ് ശ്ലീഹായും യേശുവിന്റെ പീഡാസഹനങ്ങളുടെയും കുരിശിലെ ബലിയുടെയും പാപപരിഹാര മൂല്യത്തെപ്പറ്റി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഹെബ്രായ ലേഖന കർത്താവാണ് യേശുവിന്റെ പാപപരിഹാര ബലിയെപ്പറ്റി വിശദമായും വ്യവസ്ഥാപിതമായും പ്രതിപാദിക്കുന്നത്: 'ഒരു പ്രധാന പുരോഹിതൻ നമുക്കുണ്ട്. അവൻ സ്വർഗ്ഗത്തിൽ മഹിമയുടെ സിംഹാസനത്തിന്റെ വലതുഭാഗത്തിരിക്കുന്നു.... അവൻ സത്യകൂടാരത്തിന്റെ ശുശ്രൂഷകനാണ്. എന്നേക്കുമായി ശ്രീകോവിലിൽ അവൻ പ്രവേശിച്ചു. അവൻ അവിടെ പ്രവേശിച്ച് നിത്യരക്ഷ സാധിച്ചത് കോലാടുകളുടെയോ കാളക്കിടാങ്ങളുടെയോ രക്തത്തിലൂടെയല്ല, സ്വന്തം രക്തത്തിലൂടെയാണ്' (ഹെബ്രാ 8:1,2; 11,12). ഇവിടെ ബലിയർപ്പണം പുതിയപാത വെട്ടിത്തുറക്കുകയാണ്; നവീന ചക്രവാളത്തിലേക്ക് പ്രവേശിക്കുകയാണ്. അതോടെ, അതുവരെയുള്ള ബലിയർപ്പണങ്ങൾ, നിഴലുകളായും സൂചകങ്ങളായും മാറുന്നു. കാരണം, അവിടെ ബലിയർപ്പകനും ബലിവസ്തുവും രണ്ടായിരുന്നു. യേശുവിലാകട്ടെ, അവ രണ്ടും ഒന്നായിത്തീരുന്നു. ബലിയർപ്പകൻ അർപ്പിച്ചത് അവന്റെ തന്നെ ശരീരമാണ്, രക്തമാണ്, ജീവനാണ്, സ്വത്വമാണ്, സാകല്യത്തിനുള്ള ആളത്തമാണ്. അതു നേടിയതാകട്ടെ, നിത്യരക്ഷയും! അതായത്, മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരം. 'എന്നേക്കും പരിപൂർണ്ണനാക്കപ്പെട്ട പുത്രൻ തന്നെത്തന്നെ അർപ്പിച്ചുകൊണ്ട് എന്നേക്കുമായി ഒരിക്കൽ ബലിയർപ്പിച്ചിരിക്കുന്നു'(ഹെബ്രാ 7:27, 28). പ്രസ്തുത ബലി വഴി വിശുദ്ധീകരിച്ചവരെ എന്നേക്കുമായിട്ടാണ് ദൈവം പരിപൂർണ്ണരാക്കിയിരിക്കുന്നത്. അതിനാൽ ദഹന ബലികളിലും പാപപരിഹാര ബലികളിലും അവിടുന്ന് സംപ്രീതനാകുന്നില്ല. അവിടുന്നു സംപ്രീതനാകുന്ന ബലി ' അവിടുത്തെ ഇഷ്ടം നിറവേറ്റുന്നതി'ലാണ്. അതിനായി അവിടുന്ന് ഒരു ശരീരം സജ്ജമാക്കിയിരിക്കുന്നു. സ്വന്തഹിതം ത്യജിച്ച് ദൈവഹിതം നിറവേറ്റുവാൻ വന്ന യേശു തന്റെ ശരീരം എന്നേക്കുമായി ഒരിക്കൽ കുരിശിൽ സമർപ്പിച്ചതുവഴി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു; ലോകം രക്ഷിക്കപ്പെട്ടിരിക്കുന്നു. സർവോപരി 'ലോകത്തിന്റെ പാപം നീക്കുന്ന ദൈവ കുഞ്ഞാടിന്റെ' രക്ഷാകര ദൗത്യം നിറവേറ്റപ്പെട്ടിരിക്കുന്നു. 'എല്ലാം പൂർത്തിയായിരിക്കുന്നു' എന്ന കുരിശിലെ യേശു-വചനങ്ങളിൽ അവിടുത്തെ നിയോഗ ദൗത്യം സമ്പൂർണ്ണമായി സംഗ്രഹിച്ചിട്ടുണ്ട്.

യേശു കുരിശിൽ ചൊരിഞ്ഞ രക്തം മുൻകാല ബലിരക്തങ്ങൾക്കു പകരമായി പിതാവായ ദൈവം സ്വീകരിച്ച് പാപം ചെയ്ത മനുഷ്യവർഗ്ഗത്തോടുള്ള തന്റെ ക്രോധാവേശത്തെ ശമിപ്പിക്കുവാൻ നടപ്പാക്കിയ കാട്ടുനീതിയുടെ വ്യവസ്ഥാ ചിഹ്നമായിരുന്നില്ല. അത് വികലമായ വീക്ഷണമാണ്. അതുതന്നെ മനുഷ്യന്റെ വിശ്വാസരാഹിത്യത്തെയും സ്നേഹശൂന്യതയെയും വേണ്ടുവോളം വെളിപ്പെടുത്താൻ പോരുന്നതാണ്. ലോകമതങ്ങളിൽ കാണുന്ന പാപപരിഹാരബലി സമ്പ്രദായങ്ങളുടെ മാനങ്ങൾ പ്രസ്തുത വീക്ഷണത്തിന് സാരവത്തായ



www.malankaralibrary.com

കാരണമായിട്ടുണ്ടാവാം. മറ്റുമതങ്ങളിലെ പാപപരിഹാര ബലിയർപ്പണ വീക്ഷണം എന്താണ്? പാപം വഴി ദൈവത്തെ കോപിപ്പിക്കുന്നു. കോപം ശമിപ്പിക്കുവാൻ അതിനനുസൃതമായ പരിഹാരബലിയർപ്പിക്കണം. രണ്ടു കാര്യങ്ങൾക്കു വേണ്ടിയാണ് പ്രധാനമായും പാപപരിഹാരബലി അനിവാര്യമാകുക: (1) കുറ്റബോധം ഒഴിവാക്കാൻ, (2) ദൈവകോപം ശമിപ്പിക്കാൻ. ഇവ രണ്ടും നേടുവാൻ ലോകമതങ്ങൾ കണ്ടെത്തിയ സങ്കേതങ്ങളാണ് പാപരിഹാര, പ്രായിശ്ചിത്ത ബലികൾ. അവയിലൂടെ ദൈവവുമായുള്ള അനുരജ്ഞനത്തിലേക്ക് പുനഃപ്രവേശിക്കാമെന്ന് മനുഷ്യൻ കരുതുന്നു. എന്നാൽ ക്രിസ്തുമതത്തിൽ പ്രകാശിതമാകുന്ന സത്യം പാപപരിഹാര, പ്രായശ്ചിത്ത ബലികളുടെ ഭാണ്ഡവുമായി മനുഷ്യൻ താഴെ നിന്ന് ദൈവസന്നിധിയിലേക്ക് കയറി അനുരജ്ഞനം സാധിച്ചെടുക്കാം എന്നതല്ല. പ്രത്യുത, ദൈവമാണ് ഈ പ്രക്രിയയ്ക്ക് തുടക്കം കുറിക്കുന്നത്. അവിടുന്ന് പാപിയായ മനുഷ്യനെത്തേടി അവന്റെ പക്കലേക്ക് ഇറങ്ങി വരികയാണ് ആദ്യം ചെയ്യുക. തന്റെ ഉദാത്തമായ സ്നേഹത്തിന്റെ കത്തിയെരിയുന്ന, ഒരിക്കലും അണയാത്ത ഹൃദയോർജ്ജവുമായി ദൈവം മനുഷ്യനെ സന്ധിക്കുന്നു.മനുഷ്യൻ അനുഷ്ഠിക്കേണ്ട പരിഹാരബലിക്കു പകരം തന്റെ ഏകജാതനായ പുത്രനെ കുരിശുമരണത്തോളം എത്തുന്ന പാപപരിഹാര ബലിക്കായി ദൈവം കൈയ്യാളിക്കുന്നു. പുത്രനാകട്ടെ, തന്റെ പിതാവിന്റെ ഹിതം നിറവേറ്റാനുള്ള അഭിവാഞ്ചയാലും മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടിയുള്ള പ്രതിബദ്ധതയാലും മനുഷ്യാവതാരം ചെയ്ത് പീഡകൾ സഹിച്ച് കുരിശിൽ തന്റെ ജീവൻ സമർപ്പിക്കുന്നു. അതുവഴി മനുഷ്യവർഗ്ഗത്തെ പിതാവുമായി അനുരജ്ഞനപ്പെടുത്തുന്നു. യേശുവിനു നമ്മോടുള്ള സ്നേഹത്തിന്റെ പാരമ്യമാണത്. അതുതന്നെയാണ് അവിടുത്തെ സീമാതീതമായ സ്നേഹത്തിന്റെ പുതിയനിയമ ബലിയുടെ പാഠവും.

**2. സ്വയം സമർപ്പണത്തിന്റെ പാഠം**

'പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു' (ലൂക്കാ 23:46) എന്ന പറഞ്ഞ് യേശു കുരിശിൽ മരിക്കുന്നു. യേശുവിന്റെ മരണം അവിടുന്ന് സ്വയം സമർപ്പിച്ചതാണ്; മറ്റാരും അതിനെ സ്വാധീനിച്ചതല്ലെന്നർത്ഥം. പരിശുദ്ധാത്മാവിന്റെ തനതു ശക്തിയാൽ അത്യുന്നതന്റെ പുത്രനായി മറിയത്തിൽ നിന്നു ജനിച്ച യേശു ഭൂമിയിൽ പിതാവിന്റെ തിരുവിഷ്ടം നിറവേറ്റിയിട്ട് അവിടുത്തെ കരങ്ങളിൽത്തന്നെ തന്റെ ആത്മാവിനെ സമർപ്പിക്കുന്നു. കുരിശിലെ തന്റെ പരിത്യക്താവസ്ഥയിൽ, തന്നെ കൈവിട്ടെന്നു കരുതിയവന്റെ കരങ്ങളിൽ തന്നെയാണ് യേശു തന്റെ ആത്മാവിനെ സമർപ്പിക്കുന്നത്. അതുതന്നെയാണ് യേശുവിന്റെ മഹനീയമായ ആത്മസമർപ്പണത്തിന്റെ അതുല്യതയും! 'എല്ലാം പൂർത്തിയായിരിക്കുന്നു. അവൻ തലചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു' (യോഹ 19:30) എന്നതാണ് യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ മരണക്കുറിപ്പ്. എല്ലാം പൂർത്തിയാക്കിയ സമർപ്പണം. 'പൂർത്തിയാക്കുക'യെന്നാൽ യേശുവിനെ സംബന്ധിച്ച് ഒരു കാര്യം അതിന്റെ പൂർണ്ണതയിലേക്ക്, അവസാന ബിന്ദുവിലേക്ക്, അതിനപ്പുറത്തേക്കു പോകാൻ പറ്റാത്ത വിധമുള്ള സമ്പൂർണ്ണതയിലേക്ക് എത്തിക്കുക എന്നതാണ്. അന്ത്യത്താഴത്തിലെ പാദക്ഷാളനത്തിൽ യേശു 'സ്വന്തമായുള്ളവരെ അവസാനം വരെ സ്നേഹിച്ചു' (യോഹ 13:1) എന്ന് യോഹന്നാൻ എഴുതുതുന്നു. 'അവസാനം വരെ' എന്നതിന്റെ ഗ്രീക്ക് പദം 'തേലോസ്' ആണ്.





www.malankaralibrary.com

അതിനർത്ഥം അത്, യേശു-സ്നേഹത്തിന്റെ ഗിരിശൃംഗം, എവറസ്റ്റ് ആണെന്നത്രെ! അതിനു മുകളിൽ ഒരു കൊടുമുടിയില്ല. അത് അത്യുച്ചിയാണ്. ഇനിയും മുന്നോട്ടു പോകുവാൻ ഒരിടം ഇല്ലാത്തവിധം പൂർത്തിയാക്കിയ മഹാസ്നേഹത്തിന്റെ സമർപ്പണമാണ് കുരിശിൽ നിറവേറ്റിയത്. ഇതോടെ, ഒരാൾ മറ്റൊരാൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹം കണ്ടെത്താനാവാത്ത, സീമാതീതമായ സ്നേഹത്തിന്റെ വിഹായസ്സിൽ യേശു എത്തിച്ചേരുന്നു. ഇനിയും ആർക്കും പരാജയപ്പെടുത്തുവാനോ, ഉപാധികൾവച്ച് അതിരിടുവാനോ സാധിക്കാത്തവിധം സ്നേഹത്തെ സമ്പൂർണ്ണമാക്കി കുരിശിൽ സമർപ്പിച്ച് മുദ്ര വെച്ചിരിക്കുന്നു. 'എല്ലാം പൂർത്തിയായിരിക്കുന്നു'എന്നു പറഞ്ഞ് പിതാവിന്റെ കരങ്ങളിൽ തന്റെ ആത്മാവിനെ സമർപ്പിച്ച സന്ദർഭത്തിലാണ് സ്വയം സമർപ്പണത്തിന്റെ സമ്പൂർണ്ണതയിൽ യേശു എത്തിച്ചേർന്നത്. പ്രസ്തുത സമർപ്പണത്തിൽ കുറവുകളില്ല, ഏറ്റക്കുറച്ചിലുകളില്ല, ജീവന്റെ സമ്പൂർണ്ണതയാണ് സമർപ്പിക്കുന്നത്; സ്വയം നല്കലിന്റെ സൗവർണ്ണ പീഠമേറുന്ന സമർപ്പണം. അതുതന്നെയാണ് തന്റെ പിതാവിനു നല്കുന്ന യേശുവിന്റെ മഹോന്നതമായ സ്വയം സമർപ്പണത്തിന്റെ സുന്ദര പാഠവും.

### 3. ആരാധനയുടെ ആത്മീയ പാഠം.

കുരിശിൽ തന്റെ ആളത്തം, അതിന്റെ സത്തയിലും സാരാംശത്തിലും സാകല്യത്തിലും പാരമ്യതയിലുമാണ് യേശു സമർപ്പിച്ചത്. അതു തന്റെ ജീവന്റെ സമർപ്പണമായിരുന്നു. അതിനാൽ അത് തന്റെ പിതാവിനുള്ള പരമമായ ആരാധനയായി ഭവിച്ചു. ക്രിസ്തീയ ധർമ്മത്തിൽ ആരാധനയുടെ മർമ്മം അടയാളപ്പെടുത്തിയിരിക്കുന്നത് യേശുവിന്റെ കുരിശിലെ ഈ സമർപ്പണാരാധനയിലാണ്. പ്രസ്തുത സത്യം, വിശുദ്ധ ഫ്രാൻസിസ് സാലസിന്റെ ദിവ്യകാരുണ്യനാഥന്റെ സന്നിധിയിലുള്ള ഒരു പ്രാർത്ഥന ദീപ്തമാക്കുന്നുണ്ട്; 'നാഥാ, എന്നോടുള്ള സ്നേഹത്താൽ നീ നിന്റെ ജീവൻ സമർപ്പിച്ചാണല്ലോ വിശുദ്ധ കുർബ്ബാനയിൽ സന്നഹിതനായിരിക്കുന്നത്. നിന്നോടുള്ള സ്നേഹത്താൽ ഞാൻ എന്റെ ജീവൻ പ്രതിനന്ദിയായി സമർപ്പിച്ച് നിന്നെ ആരാധിക്കട്ടെ'. ആരാധന അങ്ങനെ ജീവസമർപ്പണവും പ്രതിസമർപ്പണവും ആയിത്തീരുന്നു. അതിന്റെ ഫലമാകട്ടെ, ആരാധകനും ദൈവവുമായുള്ള സായൂജ്യവും. അതിൽ കൂടുതലും കുറവുമായി മറ്റൊന്നുമില്ല. ക്ഷേത്രനടയിൽ പുഷ്പാർച്ചന നടത്തിയ ഭക്തന്റെ ഭാവത്തിൽ തെളിയുന്നത് ഒന്നേയുള്ളു. ഈശ്വരനുള്ള തന്റെ ഹൃദയാർച്ചന. പ്രതിഫലേച്ഛയില്ല, സ്വാർത്ഥതയില്ല, ഉദ്ദ്യശലക്ഷ്യങ്ങളില്ല. കൈക്കുമ്പിളിൽ കരുതിയിരിക്കുന്നത് ജീവിതമാകുന്ന പുണ്യപുഷ്പവും. അതിന്റെ സാഫല്യം അർച്ചന മാത്രം. ദൈവസന്നിധിയിലെ സമർപ്പണ സായൂജ്യം. ഈ അനുഭവത്തിലേക്ക് ഉയരാതെ ഒരാൾ ആരാധന, വിശുദ്ധ കുർബ്ബാന അർപ്പിച്ചാൽ അദ്ദേഹം കുർബ്ബാനയിൽ പൂർണ്ണമായി സംബന്ധിച്ചെന്ന് പറയാനാവില്ല.

സ്വയം സമർപ്പണമാണ് ക്രിസ്തീയാരാധനയുടെ ശ്രേഷ്ഠഭാവം. ക്രിസ്തു ധർമ്മത്തിൽ മനുഷ്യൻ അവന്റെ രക്ഷയ്ക്കുവേണ്ടി ദൈവത്തെ ആദ്യം സമീപിക്കുകയല്ല ചെയ്തത്. പ്രത്യുത ദൈവം തന്റെ സ്നേഹത്തിന്റെ തേരിലേറി, കുരിശിന്റെ ഭോഷത്വത്തിൽ മനുഷ്യനെ സന്ധിച്ചതാണ്. മനുഷ്യനോടുള്ള അവന്റെ നിത്യമായ നിരസ്നേത്തിന്റെ പ്രവാഹത്തെ അത് പ്രകടമാക്കുന്നു. മനുഷ്യൻ അതു മനസ്സിലാക്കി, പ്രതിനന്ദിയായി പകരം നിൽക്കാൻ കഴിവില്ലാത്ത കാഴ്ചവസ്തുക്കൾ സമർപ്പിക്കുന്നതിലുപരി തന്റെ സത്തയിലും സാരാംശത്തിലും സ്നേഹത്തിലും സമ്പൂർണ്ണതയിലും സ്വയം സമർപ്പിച്ച് ദൈവകൃപ സ്വീകരിക്കാനായി ദൈവസന്നിധിയിൽ നിന്നാൽ മതിയാകും. അപ്രകാരം ക്രിസ്തീയ ആരാധന സ്ഥിതമായിരിക്കുന്നത് കേവലമായ സ്നേഹസമർപ്പണത്തിന്റെ പരിവൃത്തത്തിലാണ്. നാം സ്നേഹത്തോടെ ആരാധനയ്ക്കെത്തുന്നു. ക്രിസ്തു സ്നേഹ പാരാവശ്യത്തടെ കാത്തുനിൽക്കുന്നു. നമ്മെ ആശ്ലേഷിച്ച് അവിടുത്തെ വ്യക്തിത്വത്തിലേക്ക് ചേർത്തു വയ്ക്കുന്നു. നാം കൊണ്ടുവന്ന കാഴ്ച വസ്തുക്കളെയല്ല; നമ്മെത്തന്നെ നമ്മുടെ സർവ്വ സാകല്യത്തിലും തന്നെയാണ് അവിടുന്ന് നമ്മെ ചേർത്തു വയ്ക്കുന്നത്. ധൂർത്ത പുത്രന്റെ തിരിച്ചു വരവിൽ പിതാവു തന്റെ ഹൃദയസ്നേഹത്തിൽ അവനെ നിമഗ്നനാക്കിയതുപോലെ. തന്റെ വലിയ തെറ്റിനുള്ള ക്ഷമാപണത്തിനു വേണ്ടി കരുതിവച്ച വാക്കുകൾ ഉച്ചരിക്കുവാൻപോലും അനുവദിക്കാതെ വീർപ്പുമുട്ടിച്ചുകൊണ്ട്! യേശു വർഷിക്കുന്ന സ്നേഹത്തിന്റെ മഹാദാനത്തെ സ്വീകരിക്കുവാൻ യോഗ്യരാക്കുകയാണ് ക്രിസ്തീയ ആരാധന. അതൊരു കൃപാവർഷമാണ്. കൃപയുടെ ഒരു പെയ്ത്തിറങ്ങൽ. അങ്ങനെ സ്നേഹത്തിന്റെ അരൂപിയിലും അതിന്റെ പരിശുദ്ധിയിലുമാണ് ക്രിസ്തീയ ആരാധന രൂപംകൊള്ളുന്നതും ആഘോഷിക്കപ്പെടുന്നതും. അതിനടിസ്ഥാനവും മകുടവുമായി നിലകൊള്ളുന്നത് യേശു തന്നെ. നമ്മൾ അവനുമായി ഒന്നായിത്തീരാൻ അവൻ അനുവദിക്കുന്നു. അതാണ് നവമായി സംജാതമാകുന്ന ഒന്നിൽ-രണ്ട് (two in one) എന്ന സ്നേഹാനുഭവത്തിൽ, ഈ മലയിലോ ആ മലയിലോ അല്ലാതെ, അവനിൽ



www.malankaralibrary.com

ഒന്നായിത്തീർന്ന് സത്യത്തിലും ആത്മാവിലും ആഘോഷിക്കുന്ന ആരാധനയുടെ ആത്മീയ പാഠം.

**4. ദൈവോന്മുഖതയുടെ മഹനീയപാഠം**

യേശുവിന്റെ ജീവിതം പിതാവായ ദൈവത്തെ നോക്കിയുള്ള ജീവിതമായിരുന്നു. അതായിരുന്നു യേശുവിന്റെ ആനന്ദം. അതിലാണ്, അതിൽ മാത്രമാണ്, യേശു ആനന്ദിച്ചിരുന്നത്. യേശുവിന്റെ ഭക്ഷണം പിതാവിന്റെ ഹിതം നിറവേറ്റുക എന്നതായിരുന്നു. പിതാവിന്റെ വാക്കും പ്രവൃത്തിയുമായിരുന്നു യേശുവിന്റെ വാക്കും പ്രവൃത്തിയും. യേശുവിന്റെ അത്ഭുതങ്ങളെല്ലാം പിതാവിന്റെ സ്നേഹത്തിന്റെ അടയാളങ്ങളായിരുന്നു. യേശു പറഞ്ഞു: 'എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു'. ഈ ദൈവോന്മുഖതയിൽ യേശു നിലനിന്നതും വളർന്നതും മരണവിനാഴികയിൽ പിതാവിന്റെ കരങ്ങളിൽ തന്റെ ജീവൻ സമർപ്പിച്ചതും പ്രാർത്ഥനയിലൂടെയാണ്. പ്രാർത്ഥനയുടെ ആൾരൂപമായ യേശു കുരിശിൽ മരിക്കുന്നതും പ്രാർത്ഥിച്ചുകൊണ്ടാണ്. പ്രാർത്ഥിച്ചുകൊണ്ട് മരിക്കാനാവുക! അതെത്ര മഹത്തരം. കഠിന തപസ്സിന്റെ രൂപം കൈവരിച്ച നാൽപത് ദിനരാത്രങ്ങളിലെ മരുഭൂപ്രാർത്ഥനയിൽ നിമഗ്നനായ ശേഷമാണ് യേശു പരസ്യജീവിതമാരംഭിച്ചത്. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന സർവതല സ്പർശിയായ പ്രാർത്ഥന, തന്റെ അനുയായികളുടെ അടയാളമായി നിർണ്ണയിച്ചു നല്കാൻ അവിടുന്നു മറന്നില്ല. അതേ പിതാവിനെ നോക്കി ഇതാ തന്റെ മരണമുഹൂർത്തത്തിൽ, എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്തുകൊണ്ട്? എന്ന് ഉച്ചത്തിൽ നിലവിളിച്ചു പ്രാർത്ഥിക്കുന്നു – ഏതു ശിലാഹൃദയന്റെയും ഉള്ളലിയിപ്പിക്കുന്ന യേശുവിന്റെ പരിത്യക്തപ്രാർത്ഥന. അത് യുഗാന്തരങ്ങളിലെ ഏതു പരിത്യക്തന്റെയും വിലാപകാവ്യമാണ്. തന്റെ ഏക സന്തോഷവും തനതുശക്തിയും സ്വത്വത്തനിമയുമായ പിതാവായ ദൈവം തന്നെ കൈവിടുകയോ? വസന്തം നിർന്നിമിഷം ശിശിരമായി മാറുകയോ? സാഗരം ക്ഷണഭംഗുരം മരുഭൂമിയായി പരിണമിക്കുകയോ? 'ഇവൻ എന്റെ പ്രിയപുത്രനാണ്' എന്ന് ലോകത്തിനു പലവുരു സാക്ഷ്യപ്പെടുത്തിയവനെ പിതാവിന് നിസംഗതയോടെ ഉപേക്ഷിക്കാനാവുമോ? അതും സർവരാലും പരിത്യക്തനായി, കൊടും പീഡകളാൽ തകർക്കപ്പെട്ട്, മരണവിനാഴികയെ സന്ധിക്കുന്ന സന്ദർഭത്തിൽ! സാഹചര്യ മുഹൂർത്തങ്ങൾ യേശുവിന്റെ വിലാപത്തെ അതിന്റെ അത്യുച്ചയിൽ എത്തിക്കുകയാണ്. അതെപ്പറ്റി ദൈവശാസ്ത്രജ്ഞനായ റുഡോൾഫ് ബുൾട്ടുമാനെ ഉദ്ധരിച്ച് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ വിശദീകരിക്കുന്നു:'രാഷ്ട്രീയമാനം പിൻചെന്ന് തെറ്റായും അർത്ഥശൂന്യമായും വിധിച്ച തന്റെ വിധിയെ യേശു എപ്രകാരമാണ് നോക്കിക്കണ്ടത് എന്നു നമുക്കു പറയാനാവില്ല. എന്നാൽ നമുക്കു തീർച്ചയായും പറയാനാവും: പൂർണ്ണ മനുഷ്യനെന്ന നിലയിൽ അവനാകെ തകർന്നു പോയി. അവന്റെ ഹൃദയം പിളർന്നു,' ഹൃദയ തകർച്ചയുടെ ഉച്ചസ്ഥലികയിലാണ് യേശു വിലപിക്കുന്നത്. കുരിശിനു സമീപം നിന്നവർ അവന്റെ അത്യുച്ചത്തിലുള്ള വിലാപത്തെ 'അവൻ ഏലിയായെ വിളിക്കുക'യാണെന്ന് തെറ്റിദ്ധരിച്ചു. അവ്യക്തമായി കേട്ട്, തെറ്റായി വ്യാഖ്യാനിച്ച പ്രസ്തുത വിലാപം ശക്തിപ്പെട്ട് കാലദേശങ്ങൾ കവിഞ്ഞു പോകും പോലെ! അത് രാപകലുകളിൽ നിറുത്താതെ കരഞ്ഞു വിളിച്ചിട്ടും വിളി കേൾക്കാതെ മറഞ്ഞിരിക്കുന്ന ദൈവത്തിന്റെ അസാന്നിദ്ധ്യം മൂലം കഠിനമായി വേദനിക്കേണ്ടി വന്ന ഇസ്രയേലിന്റെ ഭീതിദമായ വിലാപമാണ്. ദൈവം മറഞ്ഞിരിക്കുന്നു എന്നത് ഹൃദയഭേദകമാണ്. അത് 'ദൈവത്തിന്റെ ഇരുളിമ അല്ലെങ്കിൽ അന്ധകാരം എന്നു തോന്നാവുന്ന അസാന്നിദ്ധ്യമായി പരിണമിക്കുന്നു. അതുമൂലം ഇസ്രായേലും ലോകം മുഴുവനും അനുഭവിക്കേണ്ടി വരുന്ന വേദനകളും വ്യാകുലങ്ങളും ദുഃഖദുരിതങ്ങളും ആത്മപീഡകളും ഭയവിഹ്വലതകളും അസ്തിത്വാത്മക സംഘർങ്ങളുമെല്ലാം യേശു തന്റെ വിശാലഹൃദയത്തിൽ ഏറ്റുവാങ്ങി കുരിശിൽ അനുഭവിക്കുന്നു. എരിയുന്ന തീച്ചൂളയിലെന്നപോലെ തന്റെ ഹൃദയാഗ്നിയിൽ അവ ഉരുക്കിയെടുത്ത് രക്ഷാകരമാക്കുന്നു. യേശു സ്വശരീരം മുറിച്ചത് അനേകർക്കു വേണ്ടിയാണ്, സ്വരക്തം ചിന്തിയത് അനേകർക്കു വേണ്ടിയാണ്. നാം യേശുവിനോടു ചേർന്ന് മറ്റുള്ളവർക്കുവേണ്ടി സഹിക്കുവാനും മുറിക്കപ്പെടാനും ചിന്തപ്പെടാനും തയ്യാറാകുമ്പോഴാണ് ഈ കാലഘട്ടത്തിന്റെ പാപങ്ങളെയും അതിൽ നിന്നുരുവാകുന്ന ദുഃഖദുരിതങ്ങളെയും സഹനാനുഭവങ്ങളെയും രക്ഷാകരമാക്കിത്തീർക്കാനാകുക. യേശുവിനെപ്പോലെ സഹനം സ്വമനസാ സ്വീകരിച്ചാൽ പിന്നീടത് സഹനമല്ല; സന്തോഷമാണ്. സഹനം സന്തോഷകരമാകുമ്പോൾ അതിനർത്ഥം അത് രക്ഷാകരവും അമൂല്യവും പ്രത്യാശപൂർണ്ണവുമായി പരിണമിച്ചു എന്നതാണ്. ജീവിതസഹനങ്ങളെ ഇപ്രകാരം അനുഗ്രഹീതമാക്കുവാനുള്ള സ്വർഗ്ഗീയ വരവും കൃപയും പ്രാപിക്കുക എന്നതാണ് യേശുവിന്റെ ദൈവോന്മുഖതയിൽനിന്ന് നാം പഠിക്കേണ്ട മഹനീയ പാഠം.

**ആവശ്യമുണ്ട്**

1. കമ്പ്യൂട്ടർ പരിജ്ഞാനമുള്ള വ്യക്തിയെ (Excel, Ms Office, Designing......) ഓഫീസ് സെക്രട്ടറി തസ്തികയിലേക്ക് ആവശ്യമുണ്ട്.
2. പരിചയസമ്പന്നനായ ഇലക്ട്രീഷ്യനെ, ഇലക്ട്രിക്കൽ ജോലികൾക്ക് മേൽനോട്ടം വഹിക്കാൻ ആവശ്യമുണ്ട്. തിരുവല്ലയ്ക്ക് 20 km. ചുറ്റളവിലുള്ളവർ ബന്ധപ്പെടുക. Contact : 9447968087



www.malankaralibrary.com

# നീതിമാന്റെ വർഷം



പ്രൊഫ. കവിയൂർ ശിവപ്രസാദ്

ഫ്രാൻസിസ് മാർപാപ്പ 2021 വർഷം യൗസേഫ് പിതാവിന്റെ സ്മരണ നിലനിർത്താനും അത്തരത്തിലുള്ള പ്രാർത്ഥനാക്രമങ്ങൾക്കായി തീരുമാനിച്ചതും ഏറ്റവും ശ്രേയസ്ക്കരമായ കാര്യമാണ്. വിശുദ്ധ ഗ്രന്ഥത്തിൽ അഞ്ച് ജോസഫുമാരെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ആദ്യ പരാമർശം ഉല്പത്തി പുസ്തകത്തിലാണ്. ദൈവം റാഹേലിനെ സ്മരിച്ചു അവിടുന്ന് അവളുടെ പ്രാർത്ഥന കേൾക്കുകയും അവളുടെ വന്ധ്യത്വം അവസാനിപ്പിക്കയും ചെയ്തു. അവൾ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിച്ചു. അവൾ പറഞ്ഞു, എന്റെ അപമാനം ദൈവം നീക്കിക്കളഞ്ഞിരിക്കുന്നു. കർത്താവ് എനിക്ക് ഒരു പുത്രനെക്കൂടി തരട്ടെ എന്നു പറഞ്ഞ് അവൾ അവന് ജോസഫ് എന്നു പേരിട്ടു (ഉല്പ.30:23-24). യാക്കോബിന്റെ പതിനൊന്നാമത്തെ മകനായിട്ടാണ് പറയുന്നത് അമ്മ റാഹേൽ തുടർന്ന് ജോസഫിന്റെ കഥ പല ഭാഗങ്ങളായി പറയുന്നു. ജോസഫിനെ വില്ക്കുന്നു, ജോസഫും പൊത്തിഫറും, ജോസഫ് കാരാഗൃഹത്തിൽ, ജോസഫ് തടവുകാരുടെ സ്വപ്നം വ്യാഖ്യാനിക്കുന്നു, ജോസഫ് ഈജിപ്തിന്റെ അധിപൻ, ജോസഫ് സഹോദരന്മാരെ പരീക്ഷിക്കുന്നു, ജോസഫ് തന്നെത്തന്നെ വെളിപ്പെടുത്തുന്നു...... തുടങ്ങിയ കാര്യങ്ങൾ വിവിധ അദ്ധ്യായങ്ങളിലൂടെ വിശദീകരിക്കുന്നു.

രണ്ടാമതായി പറയുന്ന ജോസഫ് ദൈവം മനുഷ്യനായി അവതരിച്ചപ്പോൾ വളർത്തച്ഛനായി തെരഞ്ഞെടുക്കപ്പെട്ടയാൾ ആയിരുന്നു എന്നതാണ്. അദ്ദേഹത്തെ ജോസഫ് എന്ന പേരിൽ ലൂക്കായുടെ സുവിശേഷം ഒന്നാം അദ്ധ്യായം 27-ാം വാക്യത്തിൽ പറയുന്നു. നഗ്ഗായി മാത്തിന്റെയും, മാത്ത് മത്താത്തിയായുടേയും, മത്താത്തിയ സെമയന്റെയും, സെമയിൻ യോസേക്കിന്റെയും, യോസേക്ക് യോദായുടേയും പുത്രൻ - എന്ന് വംശാവലി ചരിത്രത്തിൽ പറയുന്നു. ദൈവപുത്രന്റെ വളർത്തച്ഛനായ ജോസഫിനെക്കുറിച്ചാണ് നാം കൂടുതലും അറിയുന്നതും അറിയാൻ ആഗ്രഹിക്കുന്നതും.

മൂന്നാമതായി ഉള്ളത് യേശുക്രിസ്തുവിന്റെ സഹോദരനായിട്ടുള്ള ഒരു ജോസഫ് ആണ്. മത്തായിയുടെ സുവിശേഷം 13-ാം അദ്ധ്യായം 55-ാം വാക്യം ശ്രദ്ധിക്കുക. ''ഇവൻ ആ തച്ചന്റെ മകനല്ലേ? മറിയമല്ലേ ഇവന്റെ അമ്മ? യാക്കോബ്, ജോസഫ്, ശിമയോൻ, യൂദാസ് എന്നിവരല്ലേ ഇവന്റെ സഹോദരൻമാർ? ഇവന്റെ സഹോദരിമാരെല്ലാം നമ്മുടെ കൂട്ടത്തിലുണ്ടല്ലോ? ഇവിടെ യേശുക്രിസ്തുവിന്റെ സഹോദരനായി ജോസഫ് ഉണ്ട്. ജോസഫിനും മറിയത്തിനും യേശു അല്ലാതെ മക്കൾ ഉണ്ടായി എന്ന സംശയമുണ്ടാകാം. എന്നാൽ ഇതിന്റെ സാംഗത്യത്തെപ്പറ്റി വേദപണ്ഡിതർ ചർച്ച ചെയ്യുകയും നിരാകരിക്കയും ചെയ്തിട്ടുണ്ട്. ഗബ്രിയേൽ മാലാഖയുടെ ദൂതും ഇതര ദർശനങ്ങളുംവഴി യേശു ദൈവപുത്രനാണെന്ന് ഗ്രഹിച്ചശേഷം സാധാരണ ശാരീരിക ബന്ധത്തിന് സാധ്യമാകുമോ എന്ന കാര്യം സന്ദേഹിക്കേണ്ടതായിട്ടുണ്ട്.

നാലാമതായി പറയുന്ന ജോസഫിനെപ്പറ്റി മത്തായിയുടെ സുവിശേഷം 27:57 ൽ പ്രസ്താവിക്കുന്നുണ്ട്. 'വൈകുന്നേരമായപ്പോൾ അരിമത്തിയാക്കാരൻ ജോസഫ് എന്ന ധനികൻ അവിടെ എത്തി. അവനും യേശുവിന് ശിഷ്യപ്പെട്ടിരുന്നു. അവൻ പീലാത്തോസിന്റെ അടുത്തു ചെന്ന് യേശുവിന്റെ ശരീരം ചോദിച്ചു. അതു വിട്ടുകൊടുക്കാൻ പീലാത്തോസ് കല്പിച്ചു. ജോസഫ് ശരീരമെടുത്ത് ശുചിയായ ഒരു തുണിയിൽ പൊതിഞ്ഞ് പാറയിൽ വെട്ടിയുണ്ടാക്കിയ തന്റെ പുതിയ കല്ലറയിൽ സംസ്കരിച്ചു'. അരിമത്തിയായിലെ ജോസഫിനെ അപ്പസ്തോലനായ പീലിപ്പോസ് ഇംഗ്ലണ്ടിലേയ്ക്ക് സുവിശേഷ പ്രഘോഷണത്തിനായി അയച്ചു. ക്രിസ്തു പെസഹായ്ക്ക് ഉപയോഗിച്ച പാനപാത്രം ജോസഫിന്റെ കൈവശം ഉണ്ടായിരുന്നു എന്നും ഇംഗ്ലീണ്ടുകാർ വിശ്വസിക്കുന്നു (ഈ പാനപാത്രകഥ വിഖ്യാത ചലച്ചിത്രകാരനായ റോബർട്ട് ബ്രസ്സോൺ ഉപയോഗിച്ചതായി റവ. ഡോ. സിബു ഇരിമ്പനിക്കലിന്റെ ഗവേഷണ പ്രബന്ധത്തിൽ വിശദീകരിക്കുന്നുണ്ട്).

അഞ്ചാമതായി പറയുന്ന ജോസഫ് യൂദാസ്കറിയോത്തയുടെ സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെട്ട രണ്ടു പേരിൽ ഒരാളായ ജോസഫ് ആണ്. അപ്പസ്തോലപ്രവർത്തനങ്ങൾ 1-ാം അദ്ധ്യായം 23-ാം വാക്യം 'അവൻ ബാർസബാസ് എന്നു വിളിക്കപ്പെട്ടിരുന്ന ജോസഫ്, മത്തിയാസ് എന്ന രണ്ടു പേരെ നിർദ്ദേശിച്ചു. ജോസഫിനു യുസ്തോസ് എന്നും പേരുണ്ടായിരുന്നു. ഇപ്രകാരം ജോസഫ് എന്ന നാമധേയം പലരുടേതായി ബൈബിളിൽ കാണുന്നുണ്ടെങ്കിലും ഏറ്റവും ശ്രേഷ്ഠവും പ്രസക്തവുമായ ജീവിതം കൊണ്ട് ധന്യമായത് യേശുവിന്റെ വളർത്തച്ഛനായ ജോസഫ് ആണ്.



www.malankaralibrary.com

ജോസഫ് എന്ന വാക്കിന്റെ അർത്ഥം യഹോവ വർദ്ധിക്കട്ടെ - അല്ലെങ്കിൽ വ്യാപിക്കട്ടെ എന്നാണ്. വിഷ്ണു എന്ന വാക്കിന് വ്യാപിക്കുന്നവൻ എന്ന അർത്ഥവും ഉണ്ട്. അക്കാലത്ത് യഹൂദർ തങ്ങൾ ഏത് കുടുംബത്തിൽ പെട്ടവരാണെന്നുള്ളതിന്റെ രേഖകൾ സൂക്ഷിക്കുന്നുണ്ടായിരുന്നു. ദാവീദിന്റെ വംശാവലിയിൽപ്പെടുന്ന ആളായിരുന്നു ജോസഫ്. കുടുംബം ദാവീദിന്റെ പട്ടണമായ ബേത്‌ലഹേമായിരുന്നു. ജോസഫ് ബേത്‌ലഹേമിൽനിന്നും എൺപത് മൈൽ അകലെയുള്ള നസ്രത്തിൽ താമസം മാറി. വിശുദ്ധ മത്തായിയുടെ സുവിശേഷം 1:16 ൽ പറയുന്നതനുസരിച്ച് അദ്ദേഹത്തിന്റെ പിതാവിന്റെ നാമധേയം യാക്കോബ് എന്നാണ്. 'യാക്കോബ് മറിയത്തിന്റെ ഭർത്താവായ ജോസഫിന്റെ പിതാവായിരുന്നു'. വിശുദ്ധ ലൂക്കോസിന്റെ സുവിശേഷപ്രകാരം (3:24). ജോസഫിന്റെ പിതാവിന്റെ നാമധേയം ഹേലി എന്നാണ്. 'ജോസഫ് ഹേലിയുടെ പുത്രനായിരുന്നു. ഹേലി മത്താത്തിന്റെയും, മത്താത്ത് ലേവിയുടെയും, ലേവി മെൽക്കിയുടേയും, മെൽക്കി യാന്നിയുടേയും, യാന്നി ജോസഫിന്റെയും പുത്രൻ'. വിശുദ്ധ ലൂക്കോസ് ജോസഫിന്റെ പിതാവ് ഹേലിയാണെന്ന് പറയുകയുണ്ടായി എന്നാൽ അദ്ദേഹത്തിന്റെ ശ്വശുരനായിരുന്നു. അതായത് മറിയയുടെ അച്ഛൻ ആയിരുന്നു എന്നൊരു പക്ഷവും ഉണ്ട്. പക്ഷേ മറിയയുടെ പിതാവിന്റെ നാമധേയം യുയാക്കിം എന്നാണ്.



ജോസഫ് ഒരു ആശാരിയായിരുന്നു. മത്തായിയുടെ സുവിശേഷം 13:55 ലും, മർക്കോസിന്റെ സുവിശേഷം 6:3 ലും, അദ്ദേഹത്തെ ഒരു മരപ്പണിക്കാരനായിട്ടാണ് പ്രതിപാദിച്ചിരിക്കുന്നത്. ജന്മസ്ഥലമായ ബേത്‌ലഹേമിൽനിന്നും എൺപത് മൈലുകൾക്കപ്പുറമുള്ള ഒരു ആശാരി. 'തെക്തോൺ' എന്ന മരപ്പണിക്കാരെപ്പറ്റി ഹോമർ പറയുന്നുണ്ട്. അവർ കപ്പൽ പണിക്കാരായിരുന്നുവത്രെ. അന്ന് കപ്പലുകൾ തടികൊണ്ടായിരുന്നു ഉണ്ടാക്കിയിരുന്നത്. 'തെക്തോൺ' എല്ലാവിധ മരപ്പണികളും ഇരുമ്പുപണികളും നിർവ്വഹിക്കുന്നവരായിരുന്നു.

ജോസഫിന്റെ ജീവിതം കുറ്റമറ്റതായിരുന്നു. പൊതുജനങ്ങളുടെയിടയിലും സ്വന്തക്കാരുടെയിടയിലും അദ്ദേഹത്തെക്കുറിച്ച് നല്ല അഭിപ്രായം മാത്രമേ ഉണ്ടായിരുന്നുള്ളൂ. നീതിമാനായ ജോസഫ് എന്നാണ് അറിയപ്പെട്ടത് (മത്തായി 1:19). നാല്പതാം വയസ്സിലായിരുന്നു അദ്ദേഹത്തിന്റെ വിവാഹം. മൂന്നു വയസ്സു മുതൽ ദേവാലയത്തിൽ വളർന്ന മറിയം എന്ന കന്യകയ്ക്ക് പന്ത്രണ്ടാം വയസ്സിൽ (പതിനാലാം വയസ്സിലെന്നും പറയുന്നു) യഹൂദ വിഭാര്യരിൽനിന്നും പുരോഹിതന്മാർ വരനെ തേടി യഹൂദ്യയിലെല്ലാം വിളംബരം ചെയ്തു. ജോസഫ് തെരഞ്ഞെടുക്കപ്പെട്ടു. ആദ്യം വിസമ്മതം പ്രകടിപ്പിച്ചെങ്കിലും ദൈവഹിതത്തിനു വഴങ്ങി. യഹൂദന്മാരുടെ ഇടയിൽ മൂന്നു ഘട്ടങ്ങളുണ്ടായിരുന്നു. ഒന്ന് വിവാഹം പറഞ്ഞൊതുക്കുക. വധൂവരന്മാരുടെ മാതാപിതാക്കൾ തമ്മിലാണ് ഇതു ചെയ്യുന്നത്. മിക്കവാറും കുട്ടികളായിരിക്കുമ്പോഴാണ് ഇത് സംഭവിക്കുക. അതൊന്നും ചിലപ്പോൾ കുട്ടികൾ അറിഞ്ഞിട്ടു തന്നെയുണ്ടാവില്ല. കെട്ടുകല്യാണം എന്ന ഒരു സമ്പ്രദായം കേരളത്തിൽ നിലനിന്നിരുന്നു (വടക്കൻ വീരഗാഥ എന്ന ചിത്രത്തിൽ ചന്തുവിന് ഉണ്ണിയാർച്ചയെ ബാല്യത്തിൽ പറഞ്ഞു വച്ചതായിരുന്നു). രണ്ടാമതായി, വിവാഹനിശ്ചയം മുൻകൂട്ടി പറഞ്ഞതുപ്രകാരം വിവാഹിതരാകാൻ പോകുന്നവരെ കൂട്ടിയുള്ള തീരുമാനമാണ്. പറഞ്ഞുറപ്പിച്ച വിവാഹം കക്ഷികൾക്ക് ഇഷ്ടപ്പെട്ടില്ലായെങ്കിൽ വിവാഹനിശ്ചയത്തിന് മുൻപേ ഉപേക്ഷിക്കാം. വിവാഹനിശ്ചയം കഴിഞ്ഞാൽ പിന്നെ വിവാഹം ചെയ്തതു പോലെതന്നെ. ഒരുമിച്ച് ജീവിക്കുന്നില്ല എന്നു മാത്രമേയുള്ളൂ. വിവാഹം പിന്നീട് മാറ്റാൻ പാടുള്ളതല്ല. അത് ഏകദേശം ഒരു വർഷത്തേയ്ക്കു നീണ്ടുനില്ക്കും. അതിനിടയിൽ കന്യക ദുർമാർഗ്ഗിയാണെന്നു തെളിഞ്ഞാൽ പുരുഷന് അവളെ ഉപേക്ഷണപത്രം എഴുതിക്കൊടുത്ത് ഉപേക്ഷിക്കാം. അവൾ ന്യായപ്രമാണപ്രകാരം മരണശിക്ഷ അനുഭവിക്കേണ്ടിവരും. വിവാഹനിശ്ചയം കഴിഞ്ഞാൽ അവർ ഭാര്യയും ഭർത്താവും എന്നാണ് അറിയപ്പെടുന്നത്. ഇതിനോടകം പുരുഷൻ മരിച്ചുപോയാൽ സ്ത്രീ 'കന്യകയായ വിധവ' എന്നാണ് അറിയപ്പെടുന്നത്. ജോസഫും മറിയവും വിവാഹനിശ്ചയം കഴിഞ്ഞ ശേഷമാണ് മറിയം ഗർഭവതിയാവുന്നത്. ഇനിയും ഔദ്യോഗികമായ വിവാഹത്തിന് സമയം ഉണ്ട്. അവർ ഭാര്യാഭർത്താക്കന്മാർ എന്നു പറയുന്നുണ്ടെങ്കിലും ഒരുമിച്ച് ജീവിക്കാൻ അനുവാദമുണ്ടായിരുന്നില്ല. നിയമാവർത്തന പുസ്തകം 22:23 പ്രകാരം വിവാഹത്തിന് മുമ്പ് ഒരു സ്ത്രീ ഗർഭിണിയായാൽ അവളെ വ്യഭിചാരിണിയായി കണക്കാക്കി അപമാനിക്കയും നിന്ദിക്കയും മാത്രമല്ല, ന്യായപ്രമാണപ്രകാരം കല്ലെറിഞ്ഞു കൊല്ലുകയും ചെയ്യണമായിരുന്നു. മറിയത്തിന് നാണക്കേടും ജീവാപായവും ഉണ്ടാകാതിരിക്കാൻ ഇക്കാര്യം പരസ്യമാക്കാതെ എങ്ങനെയെങ്കിലും രഹസ്യമായി വിവാഹത്തിൽനിന്നും ഒഴിവാകുവാനും ജോസഫ് ആദ്യം തീരുമാനിച്ചുവെങ്കിലും സ്വരക്ഷയ്ക്കു വേണ്ടി മറ്റൊരാളെ അപമാനിക്കുന്നത് ശരിയല്ല എന്ന് ബോധ്യം വന്നതിനാൽ അദ്ദേഹത്തിന്റെ സന്മനസ്സും വിശാലഹൃദയവും കാരണം



www.malankaralibrary.com

മറിയയെ സസന്തോഷം സ്വീകരിക്കുവാൻ തീരുമാനിച്ചു. അവിടെ ദൈവത്തിന്റെ ഒരു ഇടപെടൽ ഉണ്ടായി. അവൾ പ്രസവിക്കുന്ന കുട്ടി ദൈവപുത്രനെന്നു വിളിക്കപ്പെടുമെന്നുമുള്ള അരുളപ്പാട് ശിരസാ വഹിച്ചു.

നികുതി പിരിക്കുന്നതിനുള്ള കണക്ക് ശരിപ്പെടുത്താനും നിർബന്ധിത പട്ടാളസേവനത്തിനു ആളെ ചേർക്കുന്നതിനുമായി റോമാ സാമ്രാജ്യത്തിൽ പതിന്നാലു വർഷത്തിലൊരിക്കൽ സെൻസസ് എടുക്കുന്നുണ്ടായിരുന്നു. അപ്രകാരം ജൂലിയസ് സീസർക്കുശേഷം റോമിലെ ചക്രവർത്തിയായി അധികാരത്തിൽ വന്ന ഒക്ടേവിയൻ എന്ന ഔഗുസ്തോസ് കൈസർ (അഗസ്റ്റസ് സീസർ) സെൻസസ് എടുക്കുവാൻ തീരുമാനിച്ചു. 'പ്രശസ്തൻ' അല്ലെങ്കിൽ 'ബഹുമാന്യൻ' എന്ന അർത്ഥം വരുന്ന ഓഗസ്റ്റസ് എന്ന പേര് അദ്ദേഹം സ്വയം സ്വീകരിച്ചതാണ്. ഗ്രിഗോറിയൻ കലണ്ടറിൽ അദ്ദേഹത്തെ അനുസ്മരിക്കുന്നതിനായിട്ടാണ് 'ഓഗസ്റ്റ്' മാസം ഉള്ളത്. ഓഗസ്റ്റസ് റോമാചക്രവർത്തിയായിരിക്കുമ്പോൾ ക്വിരിനിയോസ് എന്ന ഗവർണർ ആണ് സിറിയ നാട് വാണിരുന്നത്. ക്വിരിനിയോസ് രണ്ടു തവണ ഗവർണ്ണറായിരുന്നത് ചരിത്രകാരൻമാർ അംഗീകരിച്ചിട്ടുള്ള ഒരു വസ്തുതയാണ്. ആദ്യത്തെ പ്രാവശ്യം ഗവർണ്ണർ ആയിരിക്കുമ്പോഴാണ് ജനസംഖ്യ എടുക്കുന്നത് (ലൂക്കാ 2:2). ഓരോരുത്തരും തങ്ങളുടെ ജന്മസ്ഥലത്ത് ചെന്ന് പേരു എഴുതിക്കണമായിരുന്നു. അങ്ങനെയാണ് നസ്രത്തിൽ കഴിഞ്ഞിരുന്ന ജോസഫ് ഗർഭിണിയായ ഭാര്യയുമൊത്ത് എൺപത് മൈൽ അകലെയുള്ള ബേത്‌ലഹേമിലേയ്ക്ക് യാത്രയായത് (ലൂക്ക 2:4-5). ഭൂമിശാസ്ത്രപ്രകാരം യരുശലേമിൽനിന്നും ആറുമൈൽ തെക്കുമാറിയാണ് ബേത്‌ലഹേം സ്ഥിതി ചെയ്തിരുന്നത്. അക്കാലത്തിന് മുമ്പ് ആ സ്ഥലം 'എഫ്രാത്ത' എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. അത് പിന്നീട് 'അപ്പത്തിന്റെ ഭവനം' എന്നർത്ഥം വരുന്ന ബേത്‌ലഹേം എന്നറിയപ്പെട്ടു. ബേത്‌ലഹേമുമായി ബന്ധപ്പെട്ട നിരവധി കഥകൾ ബൈബിളിൽ വിവരിക്കുന്നുണ്ട്. എന്നാൽ ദൈവപുത്രനായ മിശിഹ അവതരിച്ചതുകൊണ്ട് ഈ സ്ഥലം പുണ്യമുള്ളതായി. ഗർഭിണിയായ മറിയത്തേയും കൊണ്ടുള്ള ജോസഫിന്റെ യാത്ര വളരെ ദുഷ്ക്കരമായിരുന്നു. പല ദിവസങ്ങൾ യാത്ര ചെയ്താണ് അവർ ബേത്‌ലഹേമിൽ എത്തിയത്. മറിയത്തിന് വേണ്ട സൗകര്യങ്ങളുള്ള ഒരു സ്ഥലം നോക്കി ജോസഫ് നടന്നുവെങ്കിലും, തന്റെ ജന്മനാടായിട്ടു പോലും സൗകര്യപ്രദമായ ഒരു താമസസ്ഥലം അദ്ദേഹത്തിന് ലഭിച്ചില്ല. അവസാനം മൃഗങ്ങൾക്ക് വസിക്കാനുള്ള ഒരു സ്ഥലത്ത് വൈക്കോൽപുരയ്ക്ക് അടുത്ത് അല്പം സ്ഥലം ലഭിച്ചു. വഴിയമ്പലത്തിൽ സ്ഥലം ഇല്ലായ്കയാൽ പശുത്തൊട്ടിയിൽ കിടത്തി എന്ന് ലൂക്കോസ് 2:7 ൽ പറയുന്നു. അവൾ ആദ്യജാതനായ ഒരു മകനെ പ്രസവിച്ചു എന്നു മാത്രമേ സുവിശേഷങ്ങളിൽ പറയുന്നുള്ളൂ. അത് എവിടെയാണെന്ന് വ്യക്തമാക്കിയിട്ടില്ല.

ഇവിടെയെല്ലാം ജോസഫിന്റെ അചഞ്ചലമായ മനസ്സും വിവേകം നിറഞ്ഞ തീരുമാനങ്ങളും നിശബ്ദമായി. സഹിഷ്ണുതയോടെ പെരുമാറാൻ കഴിഞ്ഞു. മംഗളവാർത്ത, ബേത്‌ലഹേം യാത്ര, ഈജിപ്തിലേയ്ക്കുള്ള പലായനം, നസ്രത്തിലെ താമസം ഇതെല്ലാം ദൈവിക നിയോഗങ്ങളായി. എല്ലാ പ്രതിസന്ധികളും പക്വതയോടെ, മനസംയമനത്തോടെ കണ്ട് നീതിപൂർവ്വമായ ഒരു ജീവിതമായിരുന്നു അദ്ദേഹം നിർവ്വഹിച്ചത്. ബൈബിളിൽ 'നീതിമാൻ' എന്ന പ്രയോഗം ജോസഫിനു മാത്രമുള്ളതാണ്.

നൂറ്റിപതിനൊന്നാം വയസ്സിലും അരോഗദൃഢഗാത്രനായിരുന്നു അദ്ദേഹം. ആ വർഷം മരിക്കും എന്ന് ദർശനം ലഭിച്ചശേഷം യരുശലേം ദേവാലയത്തിൽ പോയി പ്രാർത്ഥിച്ച് മടങ്ങി വന്ന് യേശുവിന്റെ മുൻപാകെ കുമ്പസാരിക്കുന്ന മറിയത്തെ സംശയിച്ചതിനും, യേശുവിനെ ശാസിച്ചതിനും ക്ഷമ ചോദിക്കുന്നു. ജോസഫിന്റെ മരണം ഒഴിവാക്കാൻ മറിയം മകനോട് അപേക്ഷിക്കുന്നു. ജോസഫും അങ്ങനെ പ്രാർത്ഥിക്കവേ മരണദൂതന്മാർ അവിടെ എത്തുന്നു. യേശു അവരെ ശാസിക്കുമ്പോൾ അവർ പുറത്തുപോകുന്നു. യേശു പുറത്തു പോകാൻ പിതാവായ ദൈവം നിർബന്ധിക്കുന്നു. മരണദൂതന്മാർ, യേശു പുറത്തുപോയ തക്കം നോക്കി അകത്ത് കടക്കുന്നു. പുറത്തുവന്ന യേശു പ്രാർത്ഥനാനിരതനായിരിക്കെ മാലാഖമാർ ജോസഫിന്റെ ശരീരം പട്ടിൽ പൊതിയുന്നു. തത്സമയം നസ്രത്തിലേയും ഗലീലിയിലേയും ജനങ്ങൾ എത്തുന്നു. യേശു വെള്ളവും എണ്ണയും പിതൃശരീരത്തിൽ തർപ്പണം ചെയ്യുന്നു. സഹസ്രാബ്ദ വാഴ്ച തുടങ്ങുവോളം ആ ശരീരം ദ്രവിക്കയില്ല....തുടങ്ങിയ കല്പിത കഥകൾ ധാരാളം പ്രചാരത്തിൽ വന്നിരുന്നു. പലതും പ്രക്ഷിപ്തം എന്നു പറഞ്ഞ് തള്ളിക്കളയേണ്ടതായിട്ടും ഉണ്ട്. യുക്തിരാഹിത്യം അനാചാരങ്ങളായി ഭവിക്കയും ചെയ്തു.

ബൈബിൾ വായിക്കുന്ന, ഗ്രഹിക്കുന്ന ആർക്കും ജോസഫിന്റെ നിശബ്ദത പ്രത്യേകം ശ്രദ്ധേയമായി തോന്നിയിട്ടുണ്ട്. അർത്ഥഗർഭമായ നിശബ്ദത. നിശബ്ദതയിലൂടെ അദ്ദേഹം സംവേദനം ചെയ്തിരുന്നു. കേരളത്തിൽ റോമൻ കത്തോലിക്കരൊഴികെ മറ്റാരും ജോസഫിനെ പ്രാർത്ഥിക്കുന്നത് വിരളം. പള്ളികൾ പോലും ഇല്ല. ഓർത്തഡോക്സുകാർ സെന്റ് മേരിയെ വണങ്ങുകയും പള്ളികൾ പണിയുകയും ചെയ്യുന്നുണ്ട്. ആ പ്രാർത്ഥനയ്ക്കുള്ള തീവ്രതയും, പ്രാധാന്യവും കുറയുമോ എന്ന ശങ്കകൊണ്ടാവാം ജോസഫിന്റെ നാമത്തിൽ പള്ളി പണിയാത്തത്. ജീവിതത്തിലെ പ്രതിസന്ധികളെ എങ്ങനെ പക്വതയോടെ നേരിടണം എന്ന് തന്റെ ജീവിതംകൊണ്ട് കാണിച്ചുതന്ന യൗസേഫ് പിതാവിനെ സ്മരിക്കാനായി ഫ്രാൻസിസ് മാർപാപ്പ ഈ വർഷം എടുത്ത തീരുമാനം ശ്ലാഘിക്കപ്പെടേണ്ടതാണ്.



www.malankaralibrary.com

# നിറഞ്ഞ മനസ്സോടെയും പൂർണ്ണ സംതൃപ്തിയോടെയും
# ഒരു പൗരോഹിത്യജീവിതം

തിരുവല്ല അതിഭദ്രാസനത്തിലെ സീനിയർ വൈദികൻ, മലങ്കര പുനരൈക്യസംഭവവർഷത്തിൽത്തന്നെ ജനിക്കുകയും പുനരൈക്യപ്പെട്ട സഭയോടൊപ്പം വളരുകയും ചെയ്ത ആചാര്യൻ, മലബാറിലെ ആദ്യ കാല പ്രേഷിത പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച മഹനീയ വ്യക്തിത്വം, അനേകം ഇടവകകൂട്ടായ്മ കൾക്ക് നേതൃത്വം നല്കിയ പുരോഹിതൻ, തീഷ്ണതയേറിയ മിഷനറി, കഠിനാദ്ധ്വാനിയായ ഇടവക വികാരി, കൃത്യതയോടെ പ്രവർത്തിച്ച ഭദ്രാസന പ്രൊക്കുറേറ്റർ, പള്ളിമല സ്നേഹസദന്റെ ഡയറക്ടർ എന്നീ നിലകളിൽ അനേക വർഷങ്ങൾ പ്രവർത്തിച്ച ആചാര്യൻ, പ്രവർത്തിച്ച മേഖലകളിലെല്ലാം തന്റേതായ വ്യക്തിത്വം പതിപ്പിച്ച ഉന്നത വ്യക്തിത്വം, പൗരോഹിത്യത്തിന്റെ മഹത്വവും ശ്രേഷ്ഠതയും സ്വജീവിതത്തിൽ ജീവിച്ചു കാണിച്ച ഉത്തമ പുരോഹിതൻ, മാന്യമായ പെരുമാറ്റത്തിലൂടെയും ശ്രേഷ്ഠമായ ജീവിതത്തിലൂടെയും സമ്പൂർണ സമർപ്പണത്തിലൂടെയും അനേകർക്ക് വഴികാട്ടിയും മാതൃകയുമായ വൈദികൻ. 91-ാം വയസ്സിലേക്ക് പ്രവേശിച്ചിട്ടും ഇപ്പോഴും പ്രസരിപ്പോടെയും ഊർജസ്വലതയോടെയും ജീവിക്കുന്ന **റവ. ഫാ. ഏലിയാസ് തേക്കനാലുമായി** ഐക്യദീപത്തിനുവേണ്ടി ചീഫ് എഡിറ്റർ **ഫാ. ഡോ. ഐസക് പറപ്പള്ളിൽ** നടത്തിയ അഭിമുഖം.

**1. അച്ചന്റെ ജനനം, ബാല്യകാലം, പ്രാഥമിക വിദ്യാഭ്യാസം, കുടുംബം ഇവയെപ്പറ്റി വിശദീകരിക്കാമോ?**

ഞാൻ മൂവക്കോട്ട് കുടുംബത്തിലെ തേക്കനാൽ ശാഖയിൽപെട്ട വ്യക്തിയാണ്. മൂവക്കോട്ട് കുടുംബത്തിൽ മഞ്ഞനാംകുഴി, കടവുമണ്ണിൽ, തെക്കേപ്പടിക്കൽ, കൊച്ചുപുരയിൽ എന്നിവയാണ് മറ്റു ശാഖകൾ. 1930 സെപ്റ്റംബർ 16 ന്, പുനരൈക്യസംഭവത്തിന് ഏതാണ്ട് 4 ദിവസം മുമ്പാണ് ഞാൻ ജനിച്ചത്. പ്രൈമറി വിദ്യാഭ്യാസം പുതുശ്ശേരി ഗവ. പ്രൈമറി സ്കൂളിൽ 4 വരെ നടത്തി. തുടർന്ന് തുരുത്തിക്കാട് മലയാളം മിഡിൽ സ്കൂളിൽ 7 വരെ പഠിച്ചു. തുടർന്ന് പുതുശ്ശേരി എം.ജി.ഡി. മിഡിൽ സ്കൂളിൽ 2nd form, 3rd form പാസ്സായതിനു ശേഷം, മല്ലപ്പള്ളി സി.എം.എസ്. ഹൈസ്കൂളിൽ 8 മുതൽ 10 വരെ പഠിച്ചു. 1949 ൽ, 19-ാം വയസ്സിൽ, 10-ാം ക്ലാസ്സ് പാസ്സായതോടെ തിരുവല്ലായിലെ മൈനർ സെമിനാരിയായ ചെറുപുഷ്പഗിരിയിൽ വൈദിക പരിശീലനത്തിനായി ചേർന്നു. ഒട്ടും സൗകര്യമില്ലാത്ത 2 മുറിയിലുള്ള ഒരു കെട്ടിടമായിരുന്നു അന്ന് സെമിനാരി. 2 വശത്തും ഓരോ ചാർത്ത്, ഒരു ചെറിയ വരാന്ത - ഇതായിരുന്നു അന്നത്തെ മൈനർ സെമിനാരി. അക്കാലത്ത് 2 ബാച്ചുകാർ അവിടെ വൈദിക പരിശീലനത്തിനായി ഉണ്ടായിരുന്നു. ഞങ്ങളുടെ ബാച്ചിൽ മറ്റു 4 പേർ - തമ്പിയച്ചൻ, തോമസ് ആനക്കല്ല്, അലക്സാണ്ടർ ചാലുങ്കപറമ്പിൽ, വർഗീസ് പാലയ്ക്കാപറമ്പിൽ എന്നിവരായിരുന്നു. ഇപ്പോൾ ഞാനും തമ്പിയച്ചനും





www.malankaralibrary.com

മാത്രമാണുള്ളത്. സീനിയർ ബാച്ചിലും അഞ്ചാറുപേർ ഉണ്ടായിരുന്നതായാണ് എന്റെ ഓർമ്മ.

**2. അച്ചന്റെ കുടുംബം കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടത് എന്ന്? ആ സമയത്ത് അച്ചന് എത്ര വയസ്സ് പ്രായമുണ്ടായിരുന്നു?**

ഞാൻ തേക്കനാൽ കുടുംബത്തിലെ അംഗമാണ് എന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. എന്റെ പിതാവ് - ചാണ്ടി ഏലിയാസ് ഒരു കൃഷിക്കാരനായിരുന്നു. സ്വന്തമായുണ്ടായിരുന്ന രണ്ടുമൂന്ന് സ്ഥലങ്ങളിൽ കൃഷിയായിരുന്നു അദ്ദേഹത്തിന്റെ ജോലി. പ്രധാന കൃഷി കപ്പയും മറ്റ് നാടൻ സാധനങ്ങളുമായിരുന്നു. എന്റെ അമ്മ മറിയാമ്മ പനയമ്പാല സ്വദേശിയും, ബഹു. ടി. വി. ജോണച്ചന്റെ first cousin ഉം ആയിരുന്നു. 1940 ൽ, എന്റെ 10-ാം വയസ്സിലാണ് ഞങ്ങളുടെ കുടുംബം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നത്. കത്തോലിക്കാസഭയിലേക്ക് നേരത്തെ പുനരൈക്യപ്പെട്ട മഞ്ഞനാംകുഴിയിലെ ഒരു അഞ്ചൽ മാസ്റ്ററായ ഏബ്രഹാമാണ് ഞങ്ങളുടെ കുടുംബം കത്തോലിക്കാസഭയിൽ ചേരുവാൻ ഏറെ പ്രചോദനം നല്കിയത്. ഞങ്ങളുടെ അപ്പന്മാരായ നാലുപേരിൽ എന്റെ പിതാവും മറ്റൊരു ജ്യേഷ്ഠനും മാത്രമാണ് ചേർന്നത്. കത്തോലിക്കാസഭയിൽ ചേരാതിരുന്ന മറ്റ് രണ്ട് അപ്പന്മാർ ചെങ്ങരൂർ ഓർത്തഡോക്സ് പള്ളിയിൽതന്നെ അംഗങ്ങളായി നിലകൊണ്ടു. ഞങ്ങൾ കത്തോലിക്കാസഭയിൽ ചേർന്നതിൽ കുടുംബത്തിലെയും നാട്ടിലെയും പലർക്കും വലിയ അതൃപ്തിയായിരുന്നു എന്നതാണ് യാഥാർത്ഥ്യം. ഞാൻ മാമോദീസാ സ്വീകരിച്ചത് ചെങ്ങരൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് ബഹു. യാക്കോബ് മുണ്ടപ്ലാക്കലച്ചനിലൂടെയാണ്.

എനിക്ക് 5 വയസ്സുള്ളപ്പോഴാണ് (1935) ചെങ്ങരൂർ മലങ്കര കത്തോലിക്കാപള്ളി ആരംഭിക്കുന്നത്. ചെങ്ങരൂർ മഠത്തിന്റെ അടുത്ത് വലുതുവശത്ത് താല്ക്കാലികമായി പണിത ചാപ്പലിലാണ് ഞങ്ങളുടെ രണ്ട് കുടുംബങ്ങൾ ചേരുന്നത്. അന്ന് ബഹു. ചെറിയാൻ പൗവ്വത്തിക്കുന്നേലച്ചനാണ് വികാരി. അച്ചന്റെ മുമ്പിലാണ് ഞങ്ങൾ പ്രതിജ്ഞ ചെയ്ത് കത്തോലിക്കാസഭയിൽ ചേർന്നത്. ഞങ്ങൾ അഞ്ച് സഹോദരങ്ങളാണ് - രണ്ട് പെണ്ണും, മൂന്ന് ആണും. മൂത്ത സഹോദരൻ പുതുശ്ശേരി സ്കൂളിൽ അദ്ധ്യാപകനായിരുന്നു. മഞ്ഞപ്പിത്തം ബാധിച്ച് എനിക്ക് നാല് വയസ്സുള്ളപ്പോൾ അദ്ദേഹം മരിച്ചു. ഒരു സഹോദരിയെ, ഞങ്ങൾ കത്തോലിക്കാസഭയിൽ ചേരുന്നതിനുമുമ്പ് മാർത്തോമ്മാസഭയിൽ കെട്ടിച്ചു. മറ്റൊരു സഹോദരൻ - അലക്സാണ്ടർ സാർ - കുറച്ചുനാൾ മുമ്പ് മരിച്ചു. മറ്റൊരു സഹോദരിയെ വിവാഹം കഴിച്ചയച്ചു. 97 വയസ്സുള്ള ഒരു സഹോദരൻ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. ഞങ്ങൾ രണ്ട് പേരാണ് ഇനി ശേഷിക്കുന്നത്. ഞങ്ങൾ കത്തോലിക്കാസഭയിൽ ചേരുന്നത് അമ്മയ്ക്കും ഒരു പെങ്ങൾക്കും ഇഷ്ടമില്ലായിരുന്നു. കാരണം ബഹു. ടി.വി. ജോണച്ചന്റെ കുടുംബാംഗം ആയതിനാൽ അമ്മ അത്ര താല്പര്യപ്പെട്ടില്ല. ഏതാണ്ട് ഒരു വർഷത്തിനു ശേഷമാണ് അമ്മ കത്തോലിക്കാസഭയിൽ ചേരുന്നത്. ഇപ്പോൾ വീട്ടിലുള്ള സഹോദരനെ കാണാൻ മൂന്നു വർഷം മുമ്പുവരെ ചുരുക്കമായി വീട്ടിൽ പോകുമായിരുന്നു. ഇപ്പോൾ പോകുവാൻ സാധിക്കാത്തതിനാൽ ആഴ്ചയിൽ രണ്ടു പ്രാവശ്യമെങ്കിലും ഞാൻ അദ്ദേഹത്തെ വിളിക്കും. അദ്ദേഹത്തിനും ഇപ്പോൾ ശാരീരിക ബുദ്ധിമുട്ടും ഓർമ്മക്കുറവും നടക്കാൻ ബുദ്ധിമുട്ടും ഉണ്ട്.

**3. വൈദികജീവിതത്തിലേക്കുള്ള ദൈവവിളി – അതിലേക്കുള്ള പ്രചോദനം? സ്വാധീനിച്ച വ്യക്തികൾ?**

10-ാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് വൈദികനാകണമെന്ന ആഗ്രഹം എനിക്ക് മനസ്സിലുണ്ടാകുന്നത്. അന്ന് വികാരിയായിരുന്ന ബഹു. പൗവ്വത്തിക്കുന്നേലച്ചന്റെ വലിയ പ്രോത്സാഹനവും പ്രേരണയുമാണ് ഇക്കാര്യത്തിൽ പ്രധാനമായും എനിക്ക് ലഭിച്ചത്. മറ്റ് വൈദികരുടെയും പ്രോത്സാഹനവും സ്വാധീനവും ഉണ്ടായിട്ടുണ്ട്.

**4. വൈദികപരിശീലനം നടത്തിയ സെമിനാരികൾ – അക്കാലത്തെ പരിശീലകർ?**

മുമ്പ് സൂചിപ്പിച്ച ചെറുപുഷ്പഗിരി മൈനർ സെമിനാരിയിൽ ഞാൻ രണ്ട് വർഷക്കാലം ലത്തീൻ, സുറിയാനി, ബൈബിൾ, ഇംഗ്ലീഷ് എന്നിവ പഠിച്ചു. സെമിനാരിയിൽ ചേർന്ന കാലത്ത് ബഹു. നിലപ്പനയച്ചനായിരുന്നു റെക്ടർ. പില്ക്കാലത്ത് ബഹു. ഏറ്റുമാനൂർക്കാരനച്ചനും ബഹു. നേര്യംപറമ്പിലച്ചനും റെക്ടർമാരായി ചുമതലയേറ്റു. മൂലമണ്ണിൽ മല്പാനച്ചനാണ് സുറിയാനി പഠിപ്പിച്ചിരുന്നത്. ബാച്ചിലെ എല്ലാവർക്കും ഒത്തിരി വഴക്കും അടിയും കിട്ടിയിട്ടുണ്ട്. അതിൽ ഏറ്റം കുറച്ച് കിട്ടിയത്, വലിയ കുഴപ്പമില്ലാതെ പഠിക്കുമായിരുന്ന എനിക്കാണ്. ലത്തീൻ പഠിപ്പിച്ചിരുന്നത്, ആ ഭാഷയിൽ വലിയ പ്രാവീണ്യമുണ്ടായിരുന്ന ഏറ്റുമാനൂർക്കാരനച്ചനാണ്. ബഹു. പീറ്റർ തേക്കുംപറമ്പിലച്ചൻ തന്റെ ഉപരിപഠനം കഴിഞ്ഞുവന്ന സമയമായിരുന്നതിനാൽ അദ്ദേഹമാണ് ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത്. മൈനർ സെമിനാരിയിലെ പരിശീലനത്തിനുശേഷം തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനത്തിനായി ആലുവ സെമിനാരിയിലേക്ക് പോയി. അവിടെയുള്ള ഏഴ് വർഷത്തെ പഠനകാലത്ത് സ്പെയിൻകാരായ ബഹു. ഔറേലിയനച്ചൻ റെക്ടറും, ബഹു. സഖറിയാസച്ചൻ വൈസ് റെക്ടറുമായിരുന്നു. അവരുടെയൊക്കെ ജീവിതസാക്ഷ്യവും, പരിശീലന



www.malankaralibrary.com

രീതികളും, മാതൃകാപരമായ ജീവിതവും എന്നെ ഏറെ സ്വാധീനിച്ചിട്ടുണ്ട്.

**5. വൈദികപട്ടവും പ്രഥമ ദിവ്യബലിയർപ്പണവും?**

ആലുവ സെമിനാരിയിലെ പരിശീലനത്തി



നുശേഷം 1958 മാർച്ച് 13-ാം തീയതി തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് (മൂന്നാമത്തെ കത്തീഡ്രൽ - ലാറി ബേക്കറിന്റെ കൂടാരപ്പള്ളിയ്ക്കു മുമ്പുള്ള പള്ളി) 28-ാം വയസ്സിൽ അഭി. സഖറിയാസ് മാർ അത്തനാസ്യോസ് പിതാവിനാൽ വൈദികനായി അഭിഷേകം ചെയ്യപ്പെട്ടു. ബഹു. തമ്പിയച്ചൻ, ബഹു. ജോൺ ചുണ്ടേവാലേലച്ചൻ എന്നിവരുൾപ്പെടെ ഞങ്ങൾ മൂന്ന് പേർക്കാണ് അന്ന് വൈദികപട്ടം ലഭിച്ചത്. മാർച്ച് 15-ാം തീയതി ചെങ്ങരൂർ പള്ളിയിൽ പ്രഥമ ദിവ്യബലിയർപ്പണവും നടന്നു.

**6. സഭയുടെ ആരംഭകാല പുനരൈക്യവും, പുനരൈക്യ പ്രവർത്തനങ്ങളും അച്ചൻ എങ്ങനെ ഓർത്തെടുക്കുന്നു. ആദ്യകാല പൗരോഹിത്യശുശ്രൂഷയും മിഷൻപ്രവർത്തനവും എവിടെയായിരുന്നു? അന്നത്തെ സാഹചര്യങ്ങളും സേവനമനുഷ്ഠിച്ച ഇടവകകളും, പ്രവർത്തിച്ച ശുശ്രൂഷാമേഖലകളും വിവരിക്കാമോ?**

മലങ്കര പുനരൈക്യവർഷം തന്നെയാണ് ഞാൻ ജനിച്ചത് എന്നുള്ളതുകൊണ്ട് പുനരൈക്യപ്പെട്ട സഭയോടൊപ്പമുള്ള 90 വർഷത്തെ ജീവിതമാണ് എനിക്ക് ഉള്ളത്. ഞങ്ങളുടെ കുടുംബം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടത് 1940 ലാണെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചുവല്ലോ - എന്നു പറഞ്ഞാൽ എനിക്ക് 10 വയസ്സുള്ളപ്പോൾ. പുനരൈക്യപ്പെട്ട കാലയളവിൽ പള്ളിയിൽ പോകുമ്പോൾ ഓർത്തഡോക്സ് സഭയിൽപെട്ട പല ആളുകളും ''എവിടെ പോവാടാ, നാണമില്ലേടാ അങ്ങോട്ടു പോവാൻ'' എന്ന് ചോദിച്ച് കളിയാക്കുമായിരുന്നു.

1958 ൽ വൈദികപട്ടം സ്വീകരിച്ചതിനുശേഷമുള്ള ആദ്യകാലപ്രവർത്തനം കുന്ദംകുളം കേന്ദ്രീകരിച്ചായിരുന്നു. റോമിൽനിന്ന് പഠനം കഴിഞ്ഞ് വന്ന ഐസക് കൂട്ടപ്ലാക്കലച്ചന്റെ (യൂഹാനോൻ തിരുമേനി) അസിസ്റ്റന്റായിട്ടാണ് ഞാൻ പൗരോഹിത്യ ശുശ്രൂഷ ആരംഭിക്കുന്നത്. അക്കാലത്ത് കുന്ദംകുളത്ത് മഠവും സിസ്റ്റേഴ്സും ഉണ്ടെങ്കിലും വളരെ കുറച്ച് വീട്ടുകാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇക്കാലയളവിൽതന്നെ ഞങ്ങൾ പീച്ചിയിലും ഒരു മിഷൻ ആരംഭിച്ചു. ആദ്യം താൽക്കാലികമായി ഒരു ഷെഡിൽ തുടങ്ങിയെങ്കിലും, പിന്നീട് ആറേക്കർ സ്ഥലം വാങ്ങി അല്പംകൂടി വലിയ പള്ളി പണിതു. അക്കാലത്ത് കുന്ദംകുളത്തുനിന്നാണ് പീച്ചിയിലേക്ക് ഞങ്ങൾ വന്നിരുന്നത്. ഒരാൾ കുന്ദംകുളത്തും മറ്റേയാൾ പീച്ചിയിലും എത്തി ആരാധന നടത്തും. കുറേ നാളുകൾക്കുശേഷം ചേലക്കരയിലും ഇടവക കൂട്ടായ്മ ആരംഭിച്ചു. പീച്ചിയിലും ചേലക്കരയിലും രണ്ടാഴ്ചയിൽ ഒരിക്കൽ മാത്രമാണ് ആരാധന നടത്തിയിരുന്നത്. ഓരോ സ്ഥലത്തും മാറി മാറിയാണ് ഞായറാഴ്ചകളിൽ ഞങ്ങൾ പോയിരുന്നത്. മറ്റ് വാഹന സൗകര്യങ്ങൾ ഒന്നും ഇല്ലാതിരുന്നതിനാൽ കുന്ദംകുളത്തുനിന്ന് ടൗൺവരെ നടക്കും, എന്നിട്ട് മൂന്ന് ബസ് മാറി കയറിയാണ് ഈ സ്ഥലങ്ങളിൽ എത്തിയിരുന്നത്.

കുന്ദംകുളം ഭാഗത്തെ വൈദികശുശ്രൂഷയ്ക്ക് ശേഷം 1959 ൽ മലബാർ പ്രദേശത്ത് മിഷൻ പ്രവർത്തനത്തിനായി പോയി. 1958 ലാണ് നമ്മുടെ ഭദ്രാസനത്തിന് മലബാർ എക്സ്റ്റൻഷൻ കിട്ടിയത്. ബഹു. തോമസ് നേര്യംപറമ്പിലച്ചന്റെ നേതൃത്വത്തിൽ യൊവാക്കിം നാഗഞ്ചേരിലച്ചനും ജോൺ മേളാംപറമ്പിലച്ചനുംകൂടി നിലമ്പൂർ എത്തി. അവിടെ നമുക്ക് ആളില്ല, സ്ഥലമില്ല, പള്ളിയില്ല എന്നതാണ് സ്ഥിതി. എങ്കിലും നേര്യംപറമ്പിലച്ചൻ അവിടെത്തന്നെ തങ്ങി. പത്ത് കിലോമീറ്റർ മാറി മണിമൂളിയിൽ തലശ്ശേരി രൂപതയ്ക്ക് ഒരു പള്ളി ഉണ്ടായിരുന്നതിനാൽ ആ വികാരിയുടെ സഹായവും കുറെയൊക്കെ ലഭിച്ചു. അങ്ങനെ നിലമ്പൂരിൽ ഒരേക്കർ സ്ഥലം വാങ്ങി ചെറിയ കെട്ടിടം പണിത് പള്ളിയായി ഉപയോഗിച്ചു. അതോടൊപ്പം സമീപപ്രദേശങ്ങളായ പാലാങ്കര, ഇടക്കര, ഉപ്പട എന്നിവിടങ്ങളിൽ സ്ഥലം വാങ്ങിക്കുകയും ചെയ്തു. ചില വ്യക്തികളുമായുള്ള അടുപ്പത്തിന്റെ പശ്ചാത്തലത്തിൽ യൊവാക്കിമച്ചൻ ബത്തേരിക്കും, മേളാംപറമ്പിലച്ചൻ മൈക്കാവിലും, മിഷൻ പ്രവർത്തനത്തിനും



www.malankaralibrary.com

പള്ളികൾ തുടങ്ങുന്നതിനുമായി പോയി. യൊവാക്കിമച്ചൻ ആദ്യം അവിടെ ഒരു ലോഡ്ജിൽ താമസിച്ചാണ് ശുശ്രൂഷ ആരംഭിച്ചത്. നിലമ്പൂരിൽ വാങ്ങിയ സ്ഥലത്ത് തല്ക്കാലത്തേക്ക് ഒരു ചെറിയ കെട്ടിടം, 24 അടി നീളത്തിലുള്ള ഹാളും, വരാന്തയും, അടുക്കളയുമായി, ഒരാൾക്ക് കഷ്ടിച്ച് താമസിക്കാൻ പരുവത്തിൽ പണിതു. അവിടേക്കാണ് ഞാൻ ചെല്ലുന്നത്. എന്റെ കൂടെ ചെറിയ പയ്യനും. ചെന്ന ദിവസം അങ്ങാടിയിൽ പോയി സാധനങ്ങളും, കുറച്ച് പ്ലേറ്റുകളും വാങ്ങിക്കൊണ്ടു വന്ന് ഭക്ഷണം ഉണ്ടാക്കി കഴിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ ഓരോരുത്തരായി വന്ന് ഞങ്ങളെ കണ്ട് കൂട്ടായ്മയിൽ ചേർന്നു. അവിടെ എത്തിയ ഒരാളുമായി പരിചയപ്പെട്ട നേര്യംപറമ്പിലച്ചൻ ഇടക്കരയിലും കുറച്ചു സ്ഥലം വാങ്ങി ഒരു ഷെഡ് പണിതു. ക്രമേണ അവിടെയും കുറേ ആളുകൾ ചേർന്നു. പാലാങ്കര പ്രദേശത്തും കുറെ ആളുകൾ ചേരുവാൻ താല്പര്യപ്പെടുന്നുവെന്ന് മനസിലാക്കി അവിടെ ചെന്ന് സാധ്യത പരിശോധിച്ചു. മണിമൂളി ഇടവകയിലെ വികാരിയച്ചൻ അവിടെയുണ്ടായിരുന്ന പുല്ലു മേഞ്ഞ ഒരു ഷെഡ് താല്ക്കാലികമായി ഉപയോഗിക്കുവാൻ അനുവദിച്ചു. അങ്ങനെ നേര്യംപറമ്പിലച്ചൻ അവിടെ കുർബാന ചൊല്ലി. ക്രമേണ അവിടെയും കുറച്ചുപേർ ചേർന്നു. ഏതാനും നാളുകൾക്കുശേഷം അവിടെയും സ്ഥലം വാങ്ങി ഒരു ചെറിയ പള്ളി പണിതു. അതുകൂടാതെ, എടക്കരയ്ക്ക് അടുത്തുള്ള ഉപ്പടയിലും വനാതിർത്തിയിൽ കാടുപിടിച്ചു കിടന്നിരുന്ന കുറച്ചു സ്ഥലം വാങ്ങി അവിടെയും പള്ളി പണിതു. അവിടെയും ക്രമേണ കുറേപ്പേർ ചേർന്നു.

ഒരു വർഷം കഴിഞ്ഞപ്പോൾ ബഹു. ജോർജ് മണപ്പുറത്തച്ചനും സഹായിയായി നിലമ്പൂരിൽ വന്നു. ഒരു ശനിയാഴ്ച ഉച്ചകഴിഞ്ഞ് യാക്കോബായക്കാരായ രണ്ടുപേർ ഞങ്ങളെ കാണാൻ വന്നു. അവർ പറഞ്ഞു. ഞങ്ങൾ കരുവാരക്കുണ്ട്നിന്ന് വരുകയാണ്. ഞങ്ങൾക്കും അവിടെ ഒരു പള്ളി വേണം. ഞങ്ങൾ പറഞ്ഞു, രണ്ടാഴ്ചയിലൊരിക്കൽ ഇവിടെ വന്നുകൊണ്ടിരിക്കുന്ന നേര്യംപറമ്പിലച്ചൻ വരുമ്പോൾ ഇക്കാര്യം പറയാം. അങ്ങനെ അച്ചൻ വന്നപ്പോൾ ഞങ്ങൾ അവരുടെ ആവശ്യം പറഞ്ഞു. അങ്ങനെ ആ സ്ഥലം പോയി കാണുവാൻ തീരുമാനിച്ചു. അവിടെ ഒരു വലിയ എസ്റ്റേറ്റിന്റെ ഉടമയും പൊതുകാര്യപ്രശസ്തനുമായ കാഞ്ഞിരപ്പള്ളിക്കാരൻ മുതലാളിയുടെ വീട്ടിൽ ചെന്നു സംസാരിച്ചു. ഇരുപതോളം പേർ ചേരുവാൻ തയ്യാറായും വന്നു. അങ്ങനെ കുറച്ചു സ്ഥലം വാങ്ങി ഷെഡ് പണിത് കുർബാന ചൊല്ലി. നിലമ്പൂരിൽനിന്ന് വളരെ ദൂരത്താണെങ്കിലും ഞങ്ങൾ മാറി മാറി ആരാധനയ്ക്കായി അവിടെ പോയിരുന്നു. ആറുമാസം കഴിഞ്ഞ് പുളിയൻകോട്ടുനിന്ന് രണ്ടുപേർ എന്നെ കാണാൻ വന്നു. അവർ പറഞ്ഞു, ഞങ്ങൾ ദൂരെയുള്ള ഒരു മലയുടെ അപ്പുറത്താണ് താമസം. ഞങ്ങൾക്കും അവിടെ ഒരു പള്ളി വേണം. നേര്യംപറമ്പിലച്ചനും ഞാനും കൂടി അവിടെ പോയി കുറച്ച് സ്ഥലം വില പറഞ്ഞു വാങ്ങി. പോരുന്ന സമയത്ത് പെരുന്തൽമണ്ണ അടുത്ത് മരിയാപുരം എന്ന സ്ഥലത്തുനിന്ന് ഒരാൾ കാണാൻ വന്നു. അവരുടെ അടുത്ത് ചെല്ലുവാനും മിഷൻ സാധ്യത പരിശോധിക്കുവാനും പറഞ്ഞതനുസരിച്ച് അവിടെ ചെന്നു. അവിടെ പാൽ സൊസൈറ്റിയുടെ ഓഫീസിൽ കണക്കെഴുതുന്ന ഒരു വ്യക്തിയെ പരിചയപ്പെട്ടപ്പോൾ അയാൾ ചോദിച്ചു, അച്ചൻ എവിടുന്നാ? പള്ളിക്കാര്യം നോക്കാൻ വന്നതാണ് എന്നു പറഞ്ഞപ്പോൾ അതിന് സാധ്യത ഇവിടെയല്ല, ഞങ്ങൾ താമസിക്കുന്നത് ഒരു മലയുടെ മുകളിലാണ്. അവിടേക്ക് ചെല്ലാൻ ആവശ്യപ്പെട്ടു. നേര്യംപറമ്പിലച്ചനും ഞാനും കൂടി യാക്കോബായക്കാരുടെ കേന്ദ്രമായിരുന്ന ആ പ്രദേശത്ത് ചെന്ന് കുറച്ചുസ്ഥലം വാങ്ങി. അങ്ങനെ ചെറുകര എന്ന സ്ഥലത്ത് മിഷൻ ആരംഭിച്ചു.

നിലമ്പൂരിൽനിന്ന് എടക്കരയിൽ വന്ന സമയത്ത് മാമാങ്കരയിൽനിന്ന് ഒരാൾ വന്ന് അവിടേക്ക് ചെല്ലുവാൻ ആവശ്യപ്പെട്ടു. മണപ്പുറത്തച്ചനും ഞാനും കൂടിയാണ് അവിടെ ചെന്നത്. ബത്തേരി രൂപതയിൽ ഇപ്പോഴുള്ള ജോർജ് വെട്ടിക്കാട്ടച്ചന്റെ വല്യപ്പനായ മത്തായിച്ചേട്ടനാണ് താല്പര്യമെടുത്ത് അതിനു ഞങ്ങളെ സഹായിച്ചത്. മലബാർ മേഖലയിൽ അങ്ങനെ അഞ്ച് കൊല്ലത്തെ പ്രവർത്തനത്തിലൂടെ എട്ട് പള്ളികൾക്ക് തുടക്കം കുറിക്കുവാൻ സാധിച്ചു. ഇന്ന് അതെല്ലാം വലിയ പള്ളികളായി മാറി.

1964 ൽ, അഭി. അത്തനാസ്യോസ് തിരുമേനിക്ക് ഈ പ്രദേശത്തെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് നല്കിയതോടൊപ്പം, ഒരു സ്ഥലംമാറ്റവും ഞാൻ ആവശ്യപ്പെട്ടു. അങ്ങനെ രൂപതയുടെ എക്കണോമൂസ് ആയി നിയോഗിക്കപ്പെട്ടു. അക്കാലത്ത് ബഹു. ജോർജ് പുരയ്ക്കലച്ചന്റെയും കുടുംബത്തിന്റെയും സഹായത്തോടെ ഇപ്പോഴത്തെ നിരണം സെൻട്രൽ പള്ളിക്കുവേണ്ടി സ്ഥലം വാങ്ങി ഒരു ഷെഡ് വച്ച് ആരാധന ആരംഭിച്ചു. 1966 മുതൽ 1975 വരെ തലവടി നോർത്ത് ഇടവകയുടെ ശുശ്രൂഷ നിർവഹിച്ചു. അതിനുശേഷം എക്കണോമൂസ് സ്ഥാനം ഒഴിഞ്ഞ്, 1975 ൽ ആലംതുരുത്തിയോടൊപ്പം നിരണം സെൻട്രൽ ഇടവകയിലും പ്രവർത്തിച്ചു. യാത്രാ സൗകര്യം പരിഗണിച്ച് പിന്നീട് ആലംതുരുത്തിയും പുളിക്കീഴുമായി പള്ളികൾ നല്കി. എല്ലാ യാത്രകളും എപ്പോഴും ബസിൽ തന്നെയായിരുന്നു. ജീവിതത്തിൽ ഒരിക്കലും സ്വന്തമായി ഒരു വാഹനം, സൈക്കിൾ പോലും ഉപയോഗിച്ചിട്ടില്ല. അക്കാലത്ത് ബഹു. സൈമൺ പുളിയങ്കീഴച്ചന് ഉപ്പട്ടിയിൽ വച്ച് ഒരു അപകടം സംഭവിച്ചതിനാൽ അഭി. അത്തനാസ്യോസ് തിരുമേനി പറഞ്ഞു, എനിക്ക് ആരോഗ്യമുള്ള അച്ചന്മാരുടെ



www.malankaralibrary.com

ശുശ്രൂഷയാണ് വേണ്ടത്. 1977 ൽ അത്തനാസ്യോസ് പിതാവ് കാലം ചെയ്തതതിനുശേഷം, പിന്നീട് ഐസക് മാർ യൂഹാനോൻ തിരുമേനി ചുമതലയേറ്റപ്പോൾ 1979 ൽ ഞാൻ വീണ്ടും എക്കണോമൂസായി ചുമതലയേറ്റു. അക്കാലത്ത് പായിപ്പാട് പള്ളിയുടെ ചുമതലയും 1980 മുതൽ 1992 വരെ ഞാൻ നിർവഹിച്ചു. 1988 ൽ എനിക്ക് ഹാർട്ട് അറ്റാക്ക് ഉണ്ടായപ്പോൾ ബഹു. ഏബ്രഹാം കരിമ്പനാമണ്ണിലച്ചൻ 1992 വരെ എന്നെ സഹായിച്ചു. 1987 ൽ യൂഹാനോൻ തിരുമേനി കാലം ചെയ്തതിനുശേഷം, 1988 ൽ അഭി. ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനി ചുമതലയേറ്റപ്പോഴും 1992 വരെ എക്കണോമൂസായി പ്രവർത്തിച്ചു. 1992 ലാണ് ആലംബഹീനരായ ആളുകൾക്കുവേണ്ടി കുറ്റൂർ പള്ളിമലയിൽ സ്നേഹസദൻ തുടങ്ങുന്നത്. ശാരീരിക അസ്വസ്ഥതകൾ ഏറിവന്ന പശ്ചാത്തലത്തിൽ 1992 ൽ എക്കണോമൂസ് ജോലിയിൽനിന്ന് വിരമിച്ച് സ്നേഹസദന്റെ ഡയറക്ടറായി ഞാൻ ചുമതലയേറ്റു. അതോടൊപ്പം അഞ്ച് വർഷം കല്ലിശ്ശേരി പള്ളിയുടെ ചുമതലയും നിർവഹിച്ചു. 1997 ൽ ബൈപാസ് സർജറിക്കുവേണ്ടി മദ്രാസിലുള്ള കെ.എം. ചെറിയാന്റെ മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ പോയതോടുകൂടി പിന്നീട് പള്ളിയുടെ ചാർജൊന്നും എടുത്തിട്ടില്ല. അവസാനമായി ശുശ്രൂഷിച്ച പള്ളി കല്ലിശ്ശേരിയാണ്. 1992 മുതൽ ഇപ്പോൾ 2021 വരെയുള്ള 29 വർഷങ്ങൾ ഞാൻ പള്ളിമലയിൽതന്നെയാണ് താമസിച്ചുകൊണ്ടിരിക്കുന്നത്. ആദ്യകാലത്ത് പള്ളിമലയിലെ വൃദ്ധമന്ദിരത്തിന് രജിസ്ട്രേഷൻ ശരിയാക്കുവാൻ ഏറെ ക്ലേശങ്ങൾ നേരിട്ടിരുന്നു. സ്ത്രീകളും പുരുഷന്മാരുമായി പാവപ്പെട്ട 24 പേർ ആ സമയത്ത് അവിടെ ഉണ്ടായിരുന്നു എന്നതാണ് എന്റെ ഓർമ്മ.

**7. മറക്കാനാവാത്ത സംഭവങ്ങൾ - സന്തോഷം തോന്നിയതും, ദുഃഖിപ്പിച്ചതും.**

മറക്കാനാവാത്ത ഒത്തിരിയേറെ സംഭവങ്ങൾ എന്റെ മനസിൽ ഉണ്ടെങ്കിലും ഒരു സംഭവം പ്രത്യേകമായും ഓർമ്മയിൽനിന്ന് ഞാൻ പറയാം. നിലമ്പൂരിലായിരുന്ന സമയത്ത് മറ്റൊരു ഇടവകകൂട്ടായ്മയായ പാലാങ്കരയിലും പോകണമായിരുന്നു. അവിടെ ചെന്നു ചേരാൻ ഏറെ ബുദ്ധിമുട്ടായിരുന്നു. 10 കിലോമീറ്റർ ദൂരം ഉണ്ടായിരുന്നതിനാൽ, ടാക്സിയിൽ യാത്ര ചെയ്തും, കുറെ നടന്നും, നദി കടന്നും പോകണമായിരുന്നു. 1959 ലെ ഒരു ക്രിസ്തുമസിന്, നിലമ്പൂരിൽനിന്ന് രാത്രിയിൽ പാലാങ്കരയ്ക്ക് ശുശ്രൂഷയ്ക്ക് പോകുവാൻ, പരിചയമുള്ള ടാക്സി ഡ്രൈവറായ ഒരു മുസ്ലിം സഹോദരനോട് വരാൻ പറഞ്ഞിരുന്നു. അതനുസരിച്ച് അവൻ വരികയും, അവിടെ കൊണ്ടാക്കുകയും ചെയ്തു. പാലാങ്കരയിലെ ശുശ്രൂഷ കഴിഞ്ഞ് രാത്രിയിൽ 2 മണിക്ക് നിലമ്പൂർക്ക് പോകത്തക്കവണ്ണം, ടാക്സി എത്തുന്ന സ്ഥലത്ത് വരാൻ അയാളോട് പറഞ്ഞു. എന്നാൽ സീറോ മലബാറുകാർ ധാരാളമുണ്ടായിരുന്ന സ്ഥലമായതിനാൽ നീണ്ട കുമ്പസാരവും ശുശ്രൂഷയും വി. കുർബാനയും കഴിഞ്ഞപ്പോൾത്തന്നെ 2 മണിയായി. അല്പം പോലും വിശ്രമിക്കാതെ, സഹായിയായി ഉണ്ടായിരുന്ന ബ്രദർ ചരിവുപുരയിടവുമൊത്ത് നടന്ന്, നദിയും കടന്ന്, ടാക്സി എത്തുവാൻ ആവശ്യപ്പെട്ടിരുന്ന സ്ഥലത്തേക്ക് പെട്രോൾ മാക്സുമായി വന്നു. ചെന്നപ്പോൾ വരാൻ പറഞ്ഞ ടാക്സിയുമില്ല, ഡ്രൈവറുമില്ല. ഇനി കാത്തിരുന്നിട്ടു കാര്യമില്ല എന്നു ചിന്തിച്ച് നടക്കാൻ തുടങ്ങി. അങ്ങനെ നടന്നുനടന്ന് 5 മണിയായപ്പോൾ നിലമ്പൂരിൽ എത്തി. സമയം ഒത്തിരിയേറെ താമസിച്ചതിനാൽ കാത്തിരുന്ന ആളുകളുടെ സൗകര്യത്തെപ്രതി പ്രാർത്ഥനകൾ കുറെയൊക്കെ വെട്ടിച്ചുരുക്കി, തീയുഴലിച്ച ശുശ്രൂഷയും നടത്തി വി. കുർബാനയിലേക്ക് പ്രവേശിച്ചു. കുർബാന ചൊല്ലിക്കൊണ്ടിരുന്നപ്പോൾ കഠിനമായ ക്ഷീണത്താൽ വീഴുമെന്ന് തോന്നിയതിനാൽ ത്രോണോസിൽ മുറുക്കെ പിടിച്ച് കുറച്ചു നേരം നിന്നു. എങ്കിലും തുടർന്നുള്ള വി. കുർബാന പൂർത്തിയാക്കി. പിന്നീട് അന്വേഷിച്ചപ്പോഴാണ് അറിയുന്നത് ഡ്രൈവർ ഉറങ്ങിപ്പോയതാണ് എന്നത്. ഒരു വലിയ ചിരിയോടെ അച്ചൻ പറഞ്ഞു, അവനല്ലല്ലോ, നമുക്കല്ലേ ആവശ്യം.





www.malankaralibrary.com

നിലമ്പൂരിൽ ആയിരുന്നപ്പോൾ ബഹു. മണപ്പുറത്തച്ചനും കോശി ഇളവട്ടയച്ചനും ഞാനും കൂടി ഒരിക്കൽ 2 കിലോമീറ്റർ ദൂരെ ചാലിയാർ അക്കരെയുള്ള ഒരു തേക്കിൻതോട്ടം കാണുവാൻ പോയി. ലോകത്തിലേക്കും ഏറ്റം വലിയ തേക്കുകൾ ഉള്ള ഒരു തോട്ടം. അതിന്റെ വണ്ണം നിശ്ചയിക്കുവാൻ ഞങ്ങൾ മൂന്ന് പേരുംകൂടി ഒരു തേക്കിനു ചുറ്റും കൈപിടിച്ച് നോക്കി. എന്നിട്ടും മുഴുവനായി എത്തിയില്ല എന്നത് അത്ഭുതമായി ഓർക്കുന്നു.

ഒത്തിരിയേറെ സന്തോഷം തോന്നിയതും അഭിമാനം തോന്നിയതുമായ സംഭവങ്ങൾ ഏറെയുണ്ടെങ്കിലും, എന്നെ വിഷമിപ്പിക്കുകയോ ദുഃഖിപ്പിക്കുകയോ ചെയ്ത സംഭവങ്ങളൊന്നും ഓർമ്മയിൽ ഇല്ല.

**8. അഭി. പിതാക്കന്മാരോടൊപ്പമുള്ള പ്രവർത്തനങ്ങളെ എങ്ങനെ വിലയിരുത്തുന്നു. അവരുമായുള്ള ബന്ധം.**

അഭി. പിതാക്കന്മാരോടൊപ്പമുള്ള ജീവിതവും പ്രവർത്തനവും ഏറെ സന്തോഷകരവും പ്രചോദനാത്മകവുമായിരുന്നു. അവരുടെ പ്രോത്സാഹനവും കരുതലും എന്റെ ശുശ്രൂഷകൾക്ക് ഏറെ ശക്തി പകർന്നിട്ടുണ്ട്. 1949 ൽ സേവേറിയോസ് തിരുമേനിയുടെ കാലത്ത് സെമിനാരിയിൽ ചേരുന്നത് മുതലുള്ള അനുഭവം എന്റെ മനസിലുണ്ട്. സെമിനാരിക്കാരായ ഞങ്ങളെല്ലാവരോടും അഭി. തിരുമേനിക്ക് വലിയ സ്നേഹമായിരുന്നു. ഒരു ദിവസം 4 മണിക്ക് ഞങ്ങൾ കപ്പ കഴിച്ചുകൊണ്ടിരുന്നപ്പോൾ തിരുമേനി ഞങ്ങളുടെ അടുത്ത് വന്ന്, 'കള്ളന്മാർ എന്ത് എടുക്കുവാ, എന്താ ഈ തിന്നുന്നത്'? എന്ന് ചോദിച്ച്, ഒരു കഷണം കപ്പ സ്പൂണിൽ എടുത്ത് തിരുമേനി തിന്നത് ഓർക്കുന്നു. ആരെങ്കിലും തിരുമേനിക്ക് എന്തെങ്കിലും കൊണ്ടുകൊടുത്താൽ അത് ഞങ്ങൾക്കുകൂടി വീതിച്ചു തരുമായിരുന്നു. ഒരിക്കൽ മുന്തിരിങ്ങ കിട്ടിയപ്പോൾ ഞങ്ങളെയെല്ലാം വിളിച്ച് ഓരോ മുന്തിരിങ്ങ തന്നത് ഇന്നും ഓർക്കുന്നു. ഒരു ദിവസം ബ്രദർ അലക്സാണ്ടർ ചാലുങ്കപറമ്പിലിന്റെ അമ്മ പരിഞ്ഞിലട കൊണ്ടു കൊടുത്തപ്പോൾ, കൈകൊണ്ട് മുറിച്ച് 'ഇന്നാടാ കഴിക്ക്' എന്ന് പറഞ്ഞ് തന്നത് മറക്കാതെ മനസിൽ നില്ക്കുന്നു. അത്രമാത്രം കരുതലും സ്നേഹവുമുള്ള വ്യക്തിയായിരുന്നു സേവേറിയോസ് പിതാവ്.

അത്തനാസ്യോസ് പിതാവിനെപ്പറ്റി ഓർക്കുമ്പോൾ, അദ്ദേഹത്തിന്റെ സാമ്പത്തിക കാര്യങ്ങളിലുള്ള കണക്കുകൂട്ടലുകളും പ്ലാനിംഗും കൃത്യതയും ഓർമ്മയിൽ വരുന്നു. അനാപത്ത് ചിലവുകൾക്കൊന്നും തിരുമേനി സമ്മതിച്ചിരുന്നില്ല. സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന എക്കണോമൂസ് എന്ന നിലയിൽ, കൃത്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും എനിക്ക് എപ്പോഴും നല്കിയിരുന്നു. മുറിയിൽനിന്ന് താഴേക്ക് ഇറങ്ങിവരുമ്പോൾ ഒരിക്കൽ ഞാൻ കണക്കെഴുതുന്ന പേപ്പറിൽ നോക്കിയിട്ട്, 100 എന്നെഴുതുമ്പോൾ 'അത് വലുപ്പത്തിൽ പൂജ്യമിട്ട് എഴുതണമെന്ന്' പറഞ്ഞു. അത് എന്തിനെന്ന് ചോദിച്ചപ്പോൾ 'അക്കങ്ങൾ വ്യക്തമായി കാണുവാനെന്ന്' മറുപടി. അരമനയിൽ പോസ്റ്റ്മാസ്റ്റർ കത്തുകൾ കൊണ്ടുവരുമ്പോൾ, തിരുമേനിതന്നെ അത് പരിശോധിച്ച് എനിക്കുള്ളതും മറ്റുള്ളവർക്കുള്ളതും കൃത്യമായി തരുമായിരുന്നു. ഏത് കാര്യത്തിലും നല്ല ചിട്ടയും കൃത്യതയും അദ്ദേഹം ഉറപ്പു വരുത്തിയിരുന്നു. ആരാധനാ കാര്യങ്ങളിൽ വലിയ നിഷ്ഠ പുലർത്തിയിരുന്ന വ്യക്തിയായിരുന്നു അദ്ദേഹമെന്നത് പറയാതിരിക്കാൻ വയ്യ.

യൂഹാനോൻ തിരുമേനിയെക്കുറിച്ച് പറയുമ്പോൾ അദ്ദേഹത്തിന്റെ ആരോഗ്യപ്രശ്നമാണ് എന്റെ മനസിൽ കടന്നുവരുന്നത്. പെട്ടെന്ന് ദേഷ്യപ്പെടുമായിരുന്ന അദ്ദേഹം പെട്ടെന്നുതന്നെ ശാന്തനായി സ്നേഹവും പ്രകടിപ്പിച്ചിരുന്നു. കുറച്ചുനാളത്തേക്ക് എക്കണോമൂസിന്റെ ഓഫീസ്, മുകൾ നിലയിലേക്ക് മാറ്റേണ്ടുന്ന ഒരു സാഹചര്യം ഉണ്ടായി. ഒരിക്കൽ ഞാൻ മുറിയിൽ ഇരിക്കുമ്പോൾ തിരുമേനിയുടെ മുറിയിൽ വലിയ ബഹളം. അച്ചന്മാർ ആരോ തിരുമേനിയുമായി വഴക്കിടുകയാണ്. അത് കേട്ട് ഞാൻ ചെന്ന് പറഞ്ഞു, ഞാൻ ആ വിഷയം കൈകാര്യം ചെയ്തുകൊള്ളാം എന്ന്. ഒരു ശുദ്ധനായ നല്ല മനുഷ്യനെയാണ് അദ്ദേഹത്തിൽ ഞാൻ ഓർത്തെടുക്കുന്നത്.

തിമോത്തിയോസ് പിതാവ് ചുമതലയെടുക്കുമ്പോഴും ഞാൻ എക്കണോമൂസ് ആയിരുന്നു. ശാരീരികമായി ഞാൻ ഏറെ ക്ലേശമനുഭവിച്ചുകൊണ്ടിരുന്ന സമയമായിരുന്നു അത്. ആ സമയത്ത് തിരുമേനിയുടെ കരുതലും കാരുണ്യവും സ്നേഹവും ഏറെ അനുഭവിക്കുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. മാത്രവുമല്ല അദ്ദേഹത്തിൽനിന്നാണ് പായിപ്പാട് പള്ളിയുടെ ചുമതല ഞാൻ ഏൽക്കുന്നതും.

ക്ലീമീസ് ബാവാതിരുമേനിയും കൂറിലോസ് തിരുമേനിയും അതിഭദ്രാസനത്തിന്റെ ചുമതല ഏൽക്കുമ്പോൾ ഞാൻ പള്ളിമലയിൽ ജീവിതമാരംഭിച്ചിരുന്നു. ഞാൻ എക്കണോമൂസ് ആയിരുന്ന സമയത്താണ് അവർ രണ്ടുപേരും മൈനർ സെമിനാരിയിൽ പ്രവേശിച്ചത് എന്നതിനാൽ അവർ രണ്ടുപേരെയും എനിക്ക് നന്നായി അടുത്തറിയാം. ഇക്കാലയളവുവരെ അവരുടെ വലിയ കരുതലും സ്നേഹവും എനിക്ക് ലഭ്യമായിട്ടുണ്ട്.

**9. പുതിയ തലമുറയിലെ വൈദികരോട് എന്താണ് പറയാനുള്ളത്?**

പുതിയ തലമുറയിലെ വൈദികർ കൂടുതൽ കഴിവുള്ളവരും വിവിധ മേഖലകളിൽ പ്രാഗ



www.malankaralibrary.com

ത്ത്യമുള്ളവരും ആണ് എന്നതിൽ സംശയമില്ല. എന്നാൽ മിഷൻ പ്രവർത്തനത്തിലും ഇടവക ശുശ്രൂഷകളിലും തീഷ്ണത കുറവില്ലേ എന്ന് സംശയമുണ്ട്. സൗകര്യങ്ങൾ കൂടിയപ്പോൾ തീഷ്ണത കുറഞ്ഞു. പഴയ തലമുറയിലെ വൈദികർ കുറേക്കൂടി കഠിനാദ്ധ്വാനികളും സമർപ്പണ മനോഭാവമുള്ളവരും ആയിരുന്നു. ഒത്തിരിയേറെ കഷ്ടപ്പെട്ടുതന്നെയാണ് ആരംഭകാലത്തെ സഭയെ അവർ പടുത്തുയർത്തിയത്. സാഹചര്യങ്ങൾ ഒത്തിരി മാറി എന്നത് യാഥാർത്ഥ്യം. ഇപ്പോൾ നടക്കണമെന്നോ, ബസിൽ യാത്ര ചെയ്യണമെന്നോ പറഞ്ഞാൽ അപ്രായോഗികവും അപ്രസക്തവും ആണെന്നും എനിക്കറിയാം. എങ്കിലും മിഷൻ തീഷ്ണതയിലും സമ്പൂർണ സമർപ്പണത്തിലും സഭയോടുള്ള ബന്ധത്തിലും പുതിയ തലമുറയിലെ വൈദികർ കുറേക്കൂടി മുമ്പോട്ട് വരണമെന്നാണ് ഞാൻ ചിന്തിക്കുന്നത്. കൂട്ടുകൂടി നടക്കുന്നതും ആഘോഷങ്ങളും മാത്രമാകരുത് പൗരോഹിത്യ ജീവിതം. പ്രാർത്ഥനയിലും ആത്മീയകാര്യങ്ങളിലും കേന്ദ്രീകൃതമായ ഒരു പൗരോഹിത്യം ഏത് കാലത്തും പ്രസക്തമാണ്. അത് ശ്രദ്ധിക്കേണ്ടതുണ്ട്.

**10. പൗരോഹിത്യ-സന്യസ്ത ജീവിതത്തിൽ ഇക്കാലത്ത് സ്വീകരിക്കേണ്ട സമീപനങ്ങൾ? വൈദികശുശ്രൂഷയിൽ വരുത്തേണ്ടുന്ന മാറ്റങ്ങൾ?**

പഴയ കാലത്തിൽനിന്ന് വ്യത്യസ്തമായി, സമീപനങ്ങളിലും ചിന്തകളിലും എവിടെയും ഏറെ മാറ്റം സംഭവിച്ചിട്ടുണ്ട്. പൗരോഹിത്യ-സന്യസ്ത ജീവിതസമീപനങ്ങളിലും മാറ്റങ്ങൾ വന്നിട്ടുണ്ട് - അത് വരേണ്ടതുമാണ്. എന്നാൽ ജീവിതരീതിയിൽ മാറ്റം വരുമ്പോഴും പൗരോഹിത്യ-സന്യസ്ത ജീവിതത്തിന്റെ അടിസ്ഥാന സമീപനത്തിൽ മാറ്റങ്ങൾ ഉണ്ടാവുന്നത് ഭൂഷണമല്ല. സാഹചര്യങ്ങൾ വ്യത്യസ്തമായിരിക്കാം. എന്നിരുന്നാലും കാലഘട്ടത്തിന് അനുസരിച്ച് വിവേകപൂർവ്വം പ്രവർത്തിക്കണം. 1960 കളിലെ കാര്യങ്ങളുമായി ഇപ്പോഴത്തെ ജീവിതം താരതമ്യപ്പെടുത്താൻ ഞാൻ ആളല്ല. കാരണം സാഹചര്യങ്ങൾ ഒട്ടേറെ മാറിക്കഴിഞ്ഞു. എങ്കിലും പൗരോഹിത്യ-സന്യസ്ത ജീവിതത്തിന്റെ അടിസ്ഥാന തത്വങ്ങൾക്കും പ്രമാണങ്ങൾക്കും അച്ചടക്കത്തിനും ചിട്ടകൾക്കും മാറ്റം വരുമ്പോഴാണ് സമൂഹം അതിനെ തെറ്റിദ്ധരിക്കുന്നതും, എതിർ സാക്ഷ്യമായി കാണുന്നതും.

**11. 91-ാം വയസ്സിലേക്ക് പ്രവേശിച്ചിരിക്കുന്ന അച്ചൻ ഇതുവരെയുള്ള കാര്യങ്ങളെ പൊതുവിൽ എങ്ങനെ ഓർത്തെടുക്കുന്നു?**

ഏതാണ്ട് 24 വർഷം മുമ്പ് 1997 ൽ ഞാൻ ആക്ടീവ് മിനിസ്ട്രിയിൽനിന്ന് ഒഴിഞ്ഞു. ആരോഗ്യപ്രശ്നം കൂടുതലായി വന്നപ്പോൾ അത് തന്നെയാണ് നല്ലതെന്ന് എനിക്ക് തോന്നി. പകരത്തിനാണെങ്കിലും ഏതാണ്ട് 15 വർഷങ്ങൾ മുമ്പുവരെയാണ് ഞാൻ ചില പള്ളികളിൽ വി. കുർബാനയ്ക്ക് പോയിരുന്നത്. പ്രവർത്തിച്ച കാലത്തെക്കുറിച്ച് തിരിഞ്ഞു നോക്കുമ്പോൾ വലിയ സന്തോഷവും അഭിമാനവും ചാരിതാർത്ഥ്യവും തോന്നാറുണ്ട്.

**12. വിശ്രമജീവിതകാലമായ ഇപ്പോഴത്തെ അച്ചന്റെ ദിനചര്യ എങ്ങനെ? എങ്ങനെയാണ് സമയം ചിലവഴിക്കുക? മറ്റു വൈദികരോടൊപ്പമുള്ള ജീവിതം? എന്തു ഭക്ഷണമാണ് അച്ചന് ഏറ്റവും ഇഷ്ടം?**

ഏതാണ്ട് 29 വർഷമായി ഞാൻ താമസിക്കുന്നത് പള്ളിമലയിലാണ്. വിശ്രമജീവിതകാലത്തെ ദിനചര്യയെപ്പറ്റി പറയുമ്പോൾ വെളുപ്പിനെ 4 മണിക്ക് എല്ലാ ദിവസവും എഴുന്നേല്ക്കുന്ന രീതിയാണുള്ളത്. മുറിയിൽതന്നെ പ്രാർത്ഥിച്ചതിനുശേഷം 5.45 ടുകൂടി ചാപ്പലിൽ പോകും, ഒന്നിച്ച് വി. കുർബാന അർപ്പിക്കും. പോകാൻ പറ്റാത്ത ദിവസങ്ങളിൽ വി. കുർബാന മുറിയിൽ കൊണ്ടുവരാൻ ആവശ്യപ്പെടും. പ്രഭാതഭക്ഷണത്തിനുശേഷം ഉച്ചവരെ എന്തെങ്കിലുമൊക്കെ വായിക്കും. ഇപ്പോൾ കണ്ണിന് കാഴ്ചക്കുറവ് അനുഭവപ്പെടുന്നുണ്ട്. അധിക സമയം വായിച്ചാൽ കണ്ണിൽനിന്ന് വെള്ളം വരും. എങ്കിലും എല്ലാ ദിവസവും ന്യൂസ് പേപ്പർ വായിക്കുകയും, ടി. വി. കാണുകയും, കുറച്ചുനേരം മറ്റുള്ളവരുമായി സംസാരിക്കുകയും ചെയ്യും. രാത്രി 9.30 ടുകൂടി ഉറങ്ങാൻ കിടക്കും.

ഇഷ്ടമുള്ള ഭക്ഷണം എന്തെന്ന് ചോദിച്ചാൽ, ഉച്ചയ്ക്ക് കുറച്ച് ചോറും മീൻകറിയുമാണ് ഇഷ്ടം. കുറച്ചുനാളായി ഇറച്ചി കഴിക്കാറില്ല. 4 മണിക്ക് ഇഷ്ടമുള്ളതാണെങ്കിൽ മാത്രം കഴിക്കും. വൈകിട്ട് എല്ലാ ദിവസവും കഞ്ഞിയും മോരും തോരനുമാണ് കഴിക്കാറുള്ളത്. രണ്ടു മാസമായി ഇപ്പോൾ ഭക്ഷണമുറിയിൽ പോയി കഴിക്കാറില്ല. സോഡിയം കുറഞ്ഞ് തലകറക്കം അനുഭവപ്പെടുന്നതിനാൽ എല്ലാനേരവും എന്റെ മുറിയിൽ ഭക്ഷണം എത്തിക്കും. ഭക്ഷണമുറിയിലേക്ക് അത്രയും നടന്നുപോകാൻ ഇപ്പോൾ സാധിക്കുന്നില്ല. കോവിഡ് കാലമായതിനാൽ സന്ദർശകർ അധികം വരാറില്ല. അതിനുമുമ്പ് സന്ദർശകർ എത്തുകയും അവരോട് സംസാരിക്കുകയും ചെയ്യുമായിരുന്നു.

*90 വർഷത്തെ ജീവിതം പൂർത്തിയാക്കുമ്പോൾ വളരെ സംതൃപ്തിയും സന്തോഷവും മാത്രമാണ് ഉള്ളതെന്ന് നിറഞ്ഞ പുഞ്ചിരിയോടെ അച്ചൻ സാക്ഷിക്കുന്നു. തുടർന്നുള്ള ജീവിതത്തിലും സന്തോഷത്തോടെയും സംതൃപ്തിയോടെയും ദൈവം പരിപാലിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും, എല്ലാ ആശംസകളും ആയുരാരോഗ്യവും നേരുകയും ചെയ്യുന്നു.*



www.malankaralibrary.com

# സുറിയാനി പഠനം (രണ്ടാം ഭാഗം)



**ഫാ. ഡോ. രാജു പറക്കോട്ട്**
(SEERI, കോട്ടയം)

1

## പാഠം 1

### ഓലാഫ്-ബേത്ത്-ഗോമാൽ-ദോലാദ്

സുറിയാനി അക്ഷരമാലയിൽ 22 അക്ഷരങ്ങളും (consonants), 5 സ്വരങ്ങളും (vowels) ഉണ്ട്. അക്ഷരങ്ങൾ അക്കങ്ങളായും (numerals) ഉപയോഗിക്കുന്നു. ഇവ വലത്തുനിന്ന് ഇടത്തേക്കാണ് എഴുന്നത്. ആദ്യത്തെ 4 അക്ഷരങ്ങൾ, 3 സ്വരങ്ങൾ, ഒന്നാമത്തെ മുഖ്യ ഉച്ചാരണ നിയമം, ഒന്നാമത്തെ ചെറിയ ഉച്ചാരണനിയമം എന്നിവയാണ് ഈ പാഠത്തിന്റെ ഉള്ളടക്കം.

**ആദ്യത്തെ 4 അക്ഷരങ്ങൾ**

| അക്കം | ഉച്ചാരണം | പേര് | അക്ഷരം |
|---|---|---|---|
| 1 | ഇല്ല | ഓലാഫ് | ܐ |
| 2 | ബ് | ബേത്ത് | ܒ |
| 3 | ഗ് | ഗോമാൽ | ܓ |
| 4 | ദ് | ദോലാദ് | ܕ |

**അക്ഷരങ്ങൾ എഴുതുന്ന വിധം**



**അക്ഷരങ്ങൾക്കുണ്ടാകുന്ന രൂപഭേദങ്ങൾ**

ഓരോ അക്ഷരത്തിന്റെയും രൂപം ഒരു വാക്കിന്റെ ആദ്യം വരുന്നതനുസരിച്ചും, ഇടയിൽ വരുന്നതനുസരിച്ചും, അവസാനം വരുന്നതനുസരിച്ചും വ്യത്യാസപ്പെടാം. ഇപ്രകാരമുള്ള രൂപമാറ്റങ്ങൾ താഴെ ചേർക്കുന്നു.



www.malankaralibrary.com

| അവസാനം | ഇടയിൽ | ആദ്യം | തനിച്ച് | അക്ഷരം |
|---|---|---|---|---|
| ‍ܐ | ‍ܐ‍ | ܐ‍ | ܐ | ഓലാഫ് |
| ‍ܒ | ‍ܒ‍ | ܒ‍ | ܒ | ബേത്ത് |
| ‍ܓ | ‍ܓ‍ | ܓ‍ | ܓ | ഗോമാൽ |
| ‍ܕ | ‍ܕ‍ | ܕ‍ | ܕ | ദോലാദ് |

**ശ്രദ്ധിക്കുക**

1. മുകളിൽ കൊടുത്തിരിക്കുന്ന അക്ഷരങ്ങളിൽ ഓലാഫും (ܐ) ദോലാദും (ܕ) വലതു വശത്തെ അക്ഷരങ്ങളുമായി മാത്രമെ ബന്ധിപ്പിച്ച് എഴുതുകയുള്ളൂ.
2. ബേത്തും (ܒ) ഗോമാലും (ܓ) രണ്ട് വശങ്ങളിലെയും അക്ഷരങ്ങളുമായി ബന്ധിപ്പിച്ച് എഴുതുന്നു.
3. വലതുവശത്തെ അക്ഷരവുമായി ബന്ധിപ്പിച്ചെഴുതുമ്പോൾ ദോലാദിന്റെ (ܕ) രൂപം മാറുന്നു ( ‍ܕ )
4. ഗോമാൽ (ܓ) എന്ന അക്ഷരം നേർരേഖയിൽ നിന്ന് താഴോട്ടാണ് എഴുതുന്നത്. ദോലാദ് (ܕ) എന്ന അക്ഷരത്തിന്റെ പകുതി ഭാഗം വരയ്ക്ക് മുകളിലും പകുതി താഴെയുമാണ്.

**ആദ്യ 3 സ്വരങ്ങൾ**

| ഉച്ചാരണം | പേര് | സ്വരം |
|---|---|---|
| അ, ആ | പ്തോഹോ | ◌ܰ |
| ഒ, ഓ | സ്കോപ്പോ | ◌ܳ |
| എ, ഏ | റ്ബോസോ | ◌ܶ |

മുകളിൽ നല്കിയിരിക്കുന്ന പട്ടികയിൽ ബിന്ദുക്കൾക്കൊണ്ട് നിർമ്മിച്ച വൃത്തം അക്ഷരത്തിന് പകരം നില്ക്കുന്നു. സ്വരം ചേർക്കുന്നത് അക്ഷരത്തിന് മുകളിലാണ് എന്നത് കാണിക്കുവാനാണ് ബിന്ദുക്കൾക്കൊണ്ട് നിർമ്മിച്ച വൃത്തത്തിനു മുകളിൽ സ്വരം നല്കിയിരിക്കുന്നത്.



## സ്വരങ്ങൾ എഴുതുന്ന വിധം



എ ഏ ഒ ഓ അ ആ

## വായനാ പരിശീലനം

| | | |
|---|---|---|
| എ, ഏ = ܐܶ | ഒ, ഓ = ܐܳ | അ, ആ = ܐܰ |
| ബെ, ബേ = ܒܶ | ബൊ, ബോ = ܒܳ | ബ, ബാ = ܒܰ |
| ഗെ, ഗേ = ܓܶ | ഗൊ, ഗോ = ܓܳ | ഗ, ഗാ = ܓܰ |
| ദെ, ദേ = ܕܶ | ദൊ, ദോ = ܕܳ | ദ, ദാ = ܕܰ |

**ഉച്ചാരണനിയമങ്ങൾ**

ഒരു പദത്തിന്റെ മുകളിലെ സ്വരം ഹ്രസ്വമായിട്ടണോ (short) ദീർഘമായിട്ടാണോ (long) ഉച്ചരിക്കേണ്ടത് എന്ന് നിശ്ചയിക്കുന്നതിന് മൂന്ന് മുഖ്യ ഉച്ചാരണനിയമങ്ങളും, മൂന്ന് ചെറിയ ഉച്ചാരണനിയമങ്ങളും ഉണ്ട്. ഇവയിൽ ആദ്യത്തെ മുഖ്യ ഉച്ചാരണനിയമം താഴെ ചേർക്കുന്നു.

**ഒന്നാമത്തെ മുഖ്യ ഉച്ചാരണനിയമം**

**ഒരു പദത്തിലെ രണ്ടോ അതിലധികമോ അക്ഷരങ്ങൾക്ക് തുടർച്ചയായി സ്വരങ്ങൾ വന്നാൽ ആദ്യത്തേതുൾപ്പടെ എല്ലാ സ്വരങ്ങളും ദീർഘമായും (long) അവസാനത്തെ സ്വരം മാത്രം ഹ്രസ്വമായും (short) ഉച്ചരിക്കുന്നു.**



www.malankaralibrary.com

4

ܐܳܒܳܐ - ആബൊ. ഈ പദത്തിലെ അക്ഷരങ്ങൾക്ക് തുടർച്ചയായി സ്വരങ്ങൾ ഉണ്ട്. ഇവിടെ ആദ്യ സ്വരമായ ܳ (അ) ദീർഘമായും അവസാന സ്വരമായ ܳ (ഒ) ഹ്രസ്വമായും ഉച്ചരിക്കുന്നു. അവസാനത്തെ അക്ഷരമായ ഓലാഫിന് (ܐ) സ്വരം ഇല്ലാത്തതുകൊണ്ടും ഉച്ചാരണമില്ലാത്തതുകൊണ്ടും ഇങ്ങനെ ഒരു അക്ഷരം ഇല്ല എന്ന് കരുതി വേണം ഇപ്രകാരമുള്ള പദങ്ങൾ വായിക്കേണ്ടത്.

മറ്റ് ഉദാഹരണങ്ങൾ. ܒܳܒܳܐ - ബോബൊ. ܕܶܒܳܐ - ദേബൊ. ܕܳܕܳܐ - ദോദൊ.

**ഒന്നാമത്തെ ചെറിയ ഉച്ചാരണനിയമം**

**ഓലാഫിൽ അവസാനിക്കുന്ന പദത്തിന്റെ തൊട്ടു മുൻപുള്ള അക്ഷരത്തിന്റെ സ്വരം എപ്പോഴും ഹ്രസ്വമായി (short) ഉച്ചരിക്കുന്നു.**

ഉദാ. ܓܒܳܐ - ഗ്ബൊ

**പദപരിചയം**

(father) അച്ഛൻ ܐܳܒܳܐ

(baby) ശിശു ܒܳܒܳܐ

(bear) കരടി ܕܶܒܳܐ

(uncle) അമ്മാവൻ ܕܳܕܳܐ

(chose or elected) തിരഞ്ഞെടുത്തു ܓܒܳܐ

**വാക്യരചനാരീതി**

(അമ്മാവനെ)ܕܳܕܳܐ(തിരഞ്ഞെടുത്തു)ܓܒܳܐ (കുട്ടി)ܒܳܒܳܐ

കുട്ടി അമ്മാവനെ തിരഞ്ഞെടുത്തു ❖ ܕܳܕܳܐ ܓܒܳܐ ܒܳܒܳܐ

'❖' ഈ അടയാളം പൂർണ്ണവിരാമത്തെ (full stop) സൂചിപ്പിക്കുന്നു.

5

**പരിശീലനം 1.1 സുറിയാനിയിൽ എഴുതുക**

1. അ ആ ഒ ഓ എ ഏ
2. ബ ബാ ബൊ ബോ ബെ ബേ
3. ഗ ഗാ ഗൊ ഗോ ഗെ ഗേ
4. ദ ദാ ദൊ ദോ ദെ ദേ

**പരിശീലനം 1.2**
**സ്വരങ്ങൾ നല്കി അർത്ഥം എഴുതുക**

1. ܐܒܐ ❖ 2. ܒܒܐ ❖ 3. ܕܒܐ ❖ 4. ܕܕܐ ❖ 5. ܓܒܐ ❖

**പരിശീലനം 1.3 വിവർത്തനം ചെയ്യുക**

1. ܕܳܕܳܐ ܓܒܳܐ ܒܳܒܳܐ ❖
2. ܐܳܒܳܐ ܓܒܳܐ ܕܳܕܳܐ ❖
3. ܕܶܒܳܐ ܓܒܳܐ ܒܳܒܳܐ ❖

**പരിശീലനം 1.4 സുറിയാനിയിൽ എഴുതുക**

1. കുട്ടി അമ്മാവനെ തിരഞ്ഞെടുത്തു
2. കരടി അച്ഛനെ തിരഞ്ഞെടുത്തു
3. അച്ഛൻ, കരടി, കുട്ടി, അമ്മാവൻ



www.malankaralibrary.com

അനുഭവസാക്ഷ്യം

# ശാപമോക്ഷം



**ലെനി ഏബ്രഹാം പാക്കാനിക്കുഴിയിൽ**
(പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ, തിരുവല്ല സെൻട്രൽ കൗൺസിൽ)

2020 പുതുവർഷം – 2019 അർദ്ധരാത്രി കുർബാന. അന്ന്, തിരുമൂലപുരം മലങ്കര കത്തോലിക്കാപള്ളിയിൽ ക്ഷണിച്ചിരുന്നത്, ബഹു. സൈമൺ എലവുത്തിങ്കൽ അച്ചനെയണ്. ഈവാനിയൻ ദർശനം. ചരിത്രത്തിന്റെ ഗതി മാറ്റിയ വിശുദ്ധ വഴികൾ തേടിയുള്ള സൈമണച്ചന്റെ തീർത്ഥയാത്ര. ആത്മസംഘർഷങ്ങളുടെ കെട്ടു പിണഞ്ഞ വേരുകൾ ഇഴ പിരിച്ചെടുക്കാനുള്ള തീവ്രശ്രമം. ആ ആധ്യാത്മിക യാത്ര പല തലങ്ങളും മാനങ്ങളും പിന്നിട്ട്, ഈവാനിയോസ് പിതാവിന്റെ കബറിങ്കൽ എത്തി. വജ്രശോഭയോടെ വെളിവായ തിരിച്ചറിവുകൾ അച്ചൻ മലങ്കര മക്കൾക്കായി നിവേദിച്ചു. അനിതര സാധാരണമായ പാണ്ഡിത്യവും വിവിധ ഭാഷാ നൈപുണ്യവുമുള്ള അച്ചന്റെ പാദ സ്പർശനം ഏറ്റുവാങ്ങുവാൻ തിരുമൂലപുരത്തിന് അന്ന് ഭാഗ്യമുണ്ടായി. ഈവാനിയോസ് പിതാവിനാൽ പാവനമാക്കപ്പെട്ട പള്ളി ഈ പരിണത ശിഷ്യന്റെ ആഗമനത്തിൽ ആഹ്ലാദിച്ചിരിക്കാം. അച്ചൻ, 2021 പുതുവർഷത്തിൽ സ്വർഗ്ഗത്തിലിരുന്ന് മലങ്കര മക്കൾക്ക് സത്യത്തിന്റെ നിലാവ് വർഷിക്കുന്നു.

സീറോ മലബാർസഭയിൽ ജനിച്ച്, ലത്തീനിൽ കുർബാന അർപ്പിച്ച്, ഒഡീഷ്യയിലും മറ്റ് ആദിവാസികൾക്കുമിടയിൽ പ്രവർത്തിച്ചു. അന്ന് തിരുമൂലപുരത്ത് ആതിഥേയർ ഒരുക്കിയ സ്വാദേറിയ വിഭവങ്ങൾ സ്നേഹപൂർവ്വം നിരസിച്ച് അച്ചൻ പറഞ്ഞുവത്രേ, അവിടെയുള്ളവർ ഇത്തരം ഭക്ഷണം ഒന്നും കഴിച്ചിട്ടില്ല. അവർക്ക് അനുഭവവേദ്യമാകാത്ത ഭക്ഷണം തനിക്ക് ഇറങ്ങുകയില്ലെന്ന്. ദാരിദ്ര്യം എന്താണെന്ന് അറിയണമെങ്കിൽ നമ്മുടെ കണ്ണും മനസ്സും പുറം ലോകത്തിലേക്ക് ചെല്ലണം. കളിമണ്ണ്, അപ്പമായി കഴിച്ച് വിശപ്പകറ്റുന്ന വാട്ട്സ് ആപ്പ് ദൃശ്യങ്ങൾ കണ്ട് നാം സുഖദമായി പരിതപിച്ചിരിക്കാം. ഇന്ത്യയിൽതന്നെ ഒഡീഷ്യയിലും മറ്റുമുള്ളവരുടെ സ്ഥിതി നമ്മുടെ കാഴ്ചയ്ക്കും കാഴ്ചപ്പാടിനും അപ്പുറമാണ്. സൈമൺ അച്ചന്റെ പ്രബോധനങ്ങൾ ജനം ശ്വാസമടക്കി ശ്രവിച്ചു. പാതിരാ മയക്കത്തിലേക്ക് വഴുതി വീഴാതെ, ആ അനുഭവങ്ങൾ ഞങ്ങളെ ഞെട്ടി ഉണർത്തിക്കൊണ്ടിരുന്നു. അച്ചൻ താഴെ ഇറങ്ങിനിന്ന് പ്രസംഗിക്കുകയാണ്. അച്ചന്റെ തൊണ്ട വരണ്ടു. ചുമ. വെള്ളം സമീപത്ത് വെക്കാറുള്ളതാണ്. കാണുന്നില്ല. ചുമതലപ്പെട്ടവർ അതെടുക്കാൻ പോയി. വീണ്ടും ചുമ. തൊണ്ടയിൽ വെള്ളം വറ്റി, ഞാൻ എന്റെ ബാഗിൽനിന്നും വെള്ളക്കുപ്പി എടുത്തു. അടുത്തുള്ളവർ നിരുത്സാഹപ്പെടുത്തി. വെള്ളമെടുക്കാൻ പോയിട്ടുണ്ട് എന്നവർ ഓർമ്മിപ്പിച്ചു. അച്ചൻ വിഷമിക്കുകയാണ്. ഞാൻ ധൈര്യം സംഭരിച്ച്, വെള്ളക്കുപ്പി എടുത്ത്, അടുത്തു കണ്ട മിടുക്കി കുട്ടിയുടെ കൈയിൽ കൊടുത്തു. ആ ചുണക്കുട്ടി ആൾക്കാരെ വകഞ്ഞുമാറ്റി വേഗം അച്ചനെ ഏല്പിച്ചു. ഒരു ഇറക്ക് വെള്ളം കുടിച്ചതിനുശേഷം അച്ചൻ പറഞ്ഞു. 'മോൾക്ക് സ്വർഗ്ഗം കിട്ടും'. ഉടൻ നിഷ്കളങ്ക മറുപടി 'എന്റെയല്ല, ആ ആന്റി തന്നു വിട്ടതാണ്'. എങ്കിൽ ആ ആന്റിക്ക് സ്വർഗ്ഗത്തിൽ ഒരു മുറിയുണ്ട്. ഞാൻ സ്തംഭിച്ചുപോയി. ദൈവമേ, ആ വാക്കു നിവർത്തിക്കുവാൻ ഞാനെന്തു പണിപ്പെടണം. എല്ലാ വിശ്വാസികളെയുംപോലെ യേശുക്രിസ്തുവിൽ അടിയുറച്ചു വിശ്വസിക്കുന്നതിനാൽ സ്വർഗ്ഗരാജ്യത്തിന് അവകാശിയാണെന്ന് വ്യാമോഹിക്കുന്ന കൂട്ടത്തിലായിരുന്നു ഞാനും. പക്ഷേ, ലാസറിന്റെയും ധനവാന്റെയും കഥയിലെപ്പോലെ ഞാനുൾപ്പെടെയുള്ള വിശ്വാസികൾ ലാസറിനെ ബോധപൂർവം അവഗണിക്കാറില്ലേ?


പിന്നെ, വെള്ളത്തിന്റെ പിന്നാമ്പുറക്കഥകൾ എനിക്ക് പലതുണ്ട്. ഓഫീസിൽ മിക്കവരും വെള്ളക്കുപ്പി മേശപ്പുറത്ത് വയ്ക്കുമ്പോൾ, ഞാൻ എന്റെ കുപ്പിവെള്ളം ആരുടേയും ദൃഷ്ടിയിൽപ്പെടാതെ വയ്ക്കും. പുറത്തിരുന്നാൽ പോകുന്നവരും, വരുന്നവരും ഒരു രസത്തിന് അതെടുത്തു കുടിക്കും. വെള്ളം കിട്ടാതെ വരുമ്പോഴുള്ള വെപ്രാളം എനിക്കു മാത്രമേ അറിയൂ. പുറത്തുനിന്നുള്ള വെള്ളമൊന്നും എനിക്കു പഥ്യമല്ല. കൂട്ടുകാർ കളിയാക്കി പറയാറുണ്ട്, 'വെള്ളം കൊടുക്കാത്ത നീ, വെള്ളം കിട്ടാതെ മരിക്കും'. വെള്ളം കൊടുക്കാത്തവർക്ക് സ്വർഗ്ഗം കിട്ടില്ല. എനിക്ക് എന്റേതായ മറുപടികൾ ഉണ്ടായിരുന്നു. നിങ്ങളെപ്പോലെ വെറുതെ പൈപ്പിൽനിന്നു പിടിച്ചു കൊണ്ടുവരുന്ന വെള്ളമല്ലിത്. കിണറ്റിലെ ശുദ്ധജലം തിളപ്പിച്ച്, ആറിച്ച് ചുമന്നുകൊണ്ടു വരുന്നതാണ്.

അങ്ങനെ വെള്ളം കൊടുക്കാത്തതിന്റെ ശാപം എന്നും ഞാൻ ഏറ്റു വാങ്ങിയിരുന്നു. 2018 ലെ വെള്ളപ്പൊക്കം. ഞങ്ങളുടെ ശുദ്ധജല സ്രോതസ്സായ കിണറിന്റെ മുകളിലൂടെ പ്രളയം ഒഴുകിയപ്പോൾ, എന്റെ അഹങ്കാരം കുറെ ഒലിച്ചുപോയി. പിന്നെ ഓട്ടോ പിടിച്ച് നാടെല്ലാം കുപ്പിവെള്ളത്തിനും കുടിവെള്ളത്തിനും പരക്കം പാഞ്ഞപ്പോൾ ഞാൻ നിലം പറ്റി. അതിനുശേഷം വെള്ളത്തിന്റെ പിടിവാശി ഉപേക്ഷിച്ച് നന്നാവാൻ ഞാൻ തീരുമാനിച്ചു. ഒരു എക്സ്ട്രാ കുപ്പി വെള്ളം കരുതുക. പക്ഷേ, ആ ശാപമോക്ഷം സ്വർഗ്ഗത്തോളം ഉയർന്നപ്പോൾ ഞാൻ പകച്ചുപോയി. ഞാൻ കേഴുന്നു. ഞാൻ എത്രത്തോളം ഉയരണം, ആ വാക്കു പാലിക്കാൻ.



www.malankaralibrary.com

## അഭിനന്ദനങ്ങൾ.......ആശംസകൾ.....



ബഥനി സന്യാസസമൂഹത്തിന്റെ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ട **റവ. ഡോ. മത്തായി കടവിൽ ഒ. ഐ. സി.** യ്ക്കും കൗൺസിലേഴ്സിനും ഐക്യദീപം കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



മേരിമക്കൾ സന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറലായി തെരഞ്ഞെടുക്കപ്പെട്ട **മദർ ലിഡിയ ഡി.എം.** ന് ഐക്യദീപം കുടുംബത്തിന്റെ ആശംസകൾ.



ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽനിന്ന് സൈക്യാട്രിയിൽ ഒന്നാം റാങ്കും, രാജീവ് ഗാന്ധി യൂണിവേഴ്സിറ്റിയിൽനിന്ന് രണ്ടാം റാങ്കും നേടിയ ഡോ. അജയ് തോമസ് കുര്യൻ കരിപ്പായിലിന് അഭിനന്ദനങ്ങൾ. തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ഇടവകാംഗമാണ്.



എം. ജി. യൂണിവേഴ്സിറ്റിയിൽനിന്നും എം.എസ്.സി. കെമിസ്ട്രിയിൽ ഒന്നാം റാങ്ക് നേടിയ തെള്ളിയൂർ ഇടവകാംഗമായ സ്നേഹ അനീഷ് തടത്തിലിന് ഐക്യദീപം കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



എം. ജി. യൂണിവേഴ്സിറ്റിയിൽനിന്നും എം.എസ്.സി. അനലിറ്റിക്കൽ കെമിസ്ട്രിയിൽ ഒന്നാം റാങ്ക് നേടിയ തെള്ളിയൂർ ഇടവകാംഗമായ സിമി അച്ചൻകുഞ്ഞിന് ഐക്യദീപം കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

### ഉപകാരസ്മരണ – പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴികാണിച്ചുതരുകയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽനിന്ന് അകലുവാനോ വേർപിരിയുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...........ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചൊല്ലുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനു മുൻപ് താഴെപറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നല്കുക. 1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും. 2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയും അധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**മേഴ്സി വർഗീസ്**



www.malankaralibrary.com

# 41–ാം ചരമദിനം
## 26 ജനുവരി 2021



# ഷെവലിയാർ വർഗീസ് കരിപ്പായിൽ
## വേങ്ങൽ

പ്രാർത്ഥനയോടെ സന്തപ്ത കുടുംബാംഗങ്ങൾ :

ഭാര്യ :സൂസി വർഗീസ് (മടേലിൽ കുടുംബാംഗം)
മക്കൾ :മിനി പൗവത്ത്, മോൻസി കുര്യൻ, മനു വർഗീസ്
ഫാ. ജോസഫ് കരിപ്പായിൽ
മരുമക്കൾ : റ്റോണി പൗവത്ത്, സ്റ്റെല്ലാ മോൻസി, ഷിനു മനു
കൊച്ചുമക്കൾ: നിഖിൽ പൗവത്ത്, സ്നേഹ, ആഞ്ചലാ, നേഹ



www.malankaralibrary.com

## പുസ്തക നിരൂപണം




**'ഗുരുവന്ദനം'**. വൈദിക ജീവിതമത്രയും വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനായി സമർപ്പിച്ച് പതിനെട്ട് വർഷങ്ങൾക്ക് മുമ്പ് നിത്യപുരോഹിതനോട് ചേർക്കപ്പെട്ട ബഹുമാനപ്പെട്ട മാത്യു ചെമ്പോത്തിനാൽ അച്ചനെ അനുസ്മരിക്കുവാനുള്ള ശ്രമത്തിന്റെ അക്ഷര രൂപത്തിലുള്ള അവതരണമാണ് **'ഗുരുവന്ദനം'**. അസാധാരണ സിദ്ധികളുടെ നിറവായ ഒരു അനന്യ പ്രതിഭയായിരുന്നു ബഹു. മാത്യു ചെമ്പോത്തിനാൽ അച്ചൻ. ശാന്തൻ, സൗമ്യൻ, കുലീനൻ, മാന്യൻ. പൗരോഹിത്യത്തിന്റെ പൊരുൾ പൂർണ്ണമായും ഉൾക്കൊണ്ടിരുന്ന പുരോഹിതൻ. ആഴമായ ആദ്ധ്യാത്മികത അറിഞ്ഞ്, അനുഭവിച്ച്, പങ്കുവച്ചിരുന്ന വൈദിക ശ്രേഷ്ഠൻ. ബഹുഭാഷാ പണ്ഡിതൻ. സുറിയാനി, പാശ്ചാത്യ, കർണാട്ടിക്ക്, ഹിന്ദുസ്ഥാനി സംഗീതങ്ങളിൽ നിപുണൻ. ബുദ്ധി രാക്ഷസൻ. എന്നും എല്ലാത്തിലും എല്ലായിടത്തും ഒന്നാമൻ. എന്നാൽ, ഒരിക്കലും സ്ഥാനത്തിനോ അംഗീകാരത്തിനോവേണ്ടി കാംക്ഷിക്കാത്ത നിഷ്കാമകർമ്മൻ. ആരാധനാഭാഷ കഴിവതും മാതൃഭാഷയായിരിക്കുന്നതാണുത്തമം എന്നുള്ള രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് മലങ്കര സുറിയാനി കത്തോലിക്കസഭയുടെ പ്രാർത്ഥനകൾ; പ്രത്യേകിച്ച്, 'ശ്ഹീമ്മോ' നമസ്കാരവും വലിയനോമ്പിലെ നമസ്കാരവും സുറിയാനി ഭാഷയിൽനിന്നും അർത്ഥവും, അനുഭവവും, രാഗവും, താളവും, ഈണവും നിലനിർത്തിക്കൊണ്ട് ഗാനരൂപത്തിൽ മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്ത കാര്യം കൊണ്ടുതന്നെ അച്ചൻ മലങ്കര സഭാനഭസ്സിൽ കാലത്തെ അതിജീവിക്കുന്ന സാന്നിദ്ധ്യമായി മാറി.

കനത്ത കൂരിരുട്ടിൽ ആരും കാണാനും കേൾക്കാനുമില്ലാതെ ആരും കാണണമെന്നും കേൾക്കണമെന്നും ആഗ്രഹിക്കാതെ സ്വയപ്രകാശമെന്നോണം ഗാനമാലപിക്കുന്ന നൈറ്റിംഗൽ പക്ഷിയെപ്പോലെ, ആരുടെയും അംഗീകാരവും അഭിനന്ദനവും ആഗ്രഹിക്കാതെ അനന്യമായ അനേക ശുശ്രൂഷകൾ സഭയ്ക്കും, സമൂഹത്തിനും, ഭാഷക്കും, സാഹിത്യത്തിനും, കലയ്ക്കുമായി നല്കിയ ബഹു. ചെമ്പോത്തിനാൽ അച്ചനെയും അച്ചന്റെ സേവനങ്ങളെയും അനുസ്മരിക്കുവാനും തിരശ്ശീലയ്ക്കു പുറത്തേക്ക് പ്രകാശിപ്പിക്കുവാനുമുള്ള ശ്രമത്തിന്റെ ഫലമാണ് **'ഗുരുവന്ദനം'**. അച്ചന്റെ ഹ്രസ്വജീവചരിത്രം, അദ്ദേഹത്തെക്കുറിച്ചുള്ള ഏതാനും പേരുടെ അനുസ്മരണകൾ, 'ശ്ഹീമ്മോ' നമസ്കാരത്തിലെ പ്രാർത്ഥനകളെ സംബന്ധിച്ച് അദ്ദേഹം എഴുതിയ ധ്യാനങ്ങൾ, അദ്ദേഹത്തിന്റെ ഏതാനും ലേഖനങ്ങൾ, കവിതകൾ, ഗാനങ്ങൾ, ആന്തങ്ങൾ എന്നിവയാണ് 'ഗുരുവന്ദന'ത്തിന്റെ ഉള്ളടക്കം. വാങ്ങി സൂക്ഷിക്കേണ്ടതും, വായിച്ചിരിക്കേണ്ടതുമായ ഒരു ഉത്തമ ഗ്രന്ഥം.

എഡിറ്റർ : ഫാ. ചെറിയാൻ താഴമൺ

ലഭിക്കുന്ന സ്ഥലങ്ങൾ : മേരിഗിരി, ശാന്തിനിലയം തിരുവല്ല, ഇഗ്നേഷ്യൻ ബുക്ക് സെന്റർ പട്ടം തിരുവനന്തപുരം.

വില : 250 രൂപ



**മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്- കാതോലിക്കോസ് കർദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ രചിച്ച Beyond Time and Space - Inclusive and Integral Vision for Life എന്ന പുസ്തകത്തിന്റെ പ്രകാശനം സിബിസിഐ പ്രസിഡന്റ് കർദ്ദിനാൾ ഡോ. ഓസ്വാൾഡ് ഗ്രേഷ്യസ്, സീറോ മലബാർസഭ മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിക്കു പുസ്തകത്തിന്റെ കോപ്പി നൽകി നിർവഹിച്ചപ്പോൾ. റവ. ഡോ. സ്റ്റീഫൻ, മോൺ. പേഷേ, കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ, മോൺ. മർഫി. റവ. ഡോ. ജേക്കബ് പാലക്കപ്പള്ളി എന്നിവർ സമീപം.**



www.malankaralibrary.com

രണ്ടാം ചരമവാർഷികം
09 മാർച്ച് 2021



**മറിയാമ്മ മാത്യു**
**(മേഴ്സി)**
**പഴൂർ– കാരുണ്യദീപം**
**(1953–2019)**
സന്തപ്ത കുടുംബാംഗങ്ങൾ

## ആദരാഞ്ജലികൾ



**സി. ഡൊമിനിക് എസ്.ഐ.സി.**
**ബഥനി കോൺവന്റ്**
**തിരുമൂലപുരം**

## ആദരാഞ്ജലികൾ



**മോൺ. ലാമ്പർട്ട്**
**ജർമ്മനി**

## 25–ാം ചരമവാർഷികം
27 ജനുവരി 2021



**ഏലിയാമ്മ ഫിലിപ്പ് (വത്സ)**
**കല്ലറക്കൽ ഹൗസ്**
**കുറ്റൂർ, തിരുവല്ല**
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ


## ഉപകാരസ്മരണ

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**മെറിൻ**

## ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ



**സോജൻ**
**കുറിയന്നൂർ**

താമസിച്ചതിൽ
ക്ഷമാപണം



www.malankaralibrary.com

## REMEMBRANCE - FEBRUARY



**Fr. N.G. Kuriakose**
02 February 1953


**Fr. Abraham**
A hakath
05 February 1988


**Fr. Thomas**
Kottayil
07 February 2017


**Rt. Rev. Thomas**
Pathiparampil Corepiscopo
10 February 2009


**Fr. Stanislaus**
Kackanatt
16 February 2014



**Fr. Andrew**
Cheriyamadom
23 February 1943



**Fr. Mathews**
Pulikottil
27 February 1987

## REMEMBRANCE - MARCH


**Fr. George**
Manapurath
11 March 2017


**Fr. Jacob**
Thykattil
13 March 1978


**Fr. Thomas**
Varikaniku hy
13 March 1990


**Fr. Mathew**
Perumpallil
14 March 2000


**Fr. Varghese**
Kilichimala
17 March 2002

**Fr. George**
Thykadavil
20 March 1975


**Fr. Geevarghese**
Thombra
27 March 1986

## തിരുവല്ല അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിലെ നിയമന മാനദണ്ഡങ്ങൾ

1) അതിരൂപതയുടെ കീഴിലുള്ള സ്കൂളുകളിൽ ഉണ്ടാകാവുന്ന വിവിധ ഒഴിവുകളിലേക്ക് (അദ്ധ്യാപകർ, ക്ലാർക്ക്, ലാബ് അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ്, മീനിയൽ) അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നവർ സ്കൂൾ മാനേജ്മെന്റ് ഓഫീസിൽനിന്നും അപേക്ഷാഫാറം വാങ്ങി പൂരിപ്പിച്ചു നൽകേണ്ടതാണ്. തിരുവല്ലാ അതിരൂപതാ മലങ്കര കത്തോലിക്കാ സഭാംഗങ്ങൾ മാത്രം അപേക്ഷിക്കുക. 2) മലയാളം, ഹിന്ദി അദ്ധ്യാപക തസ്തികകളിലേക്ക് അടിയന്തിരമായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. 3)അദ്ധ്യാപകർ, ലാബ് അസിസ്റ്റന്റ്, ക്ലാർക്ക് എന്നീ തസ്തികകളിൽ അപേക്ഷിക്കുമ്പോൾ അധികമായി വേണ്ട യോഗ്യതാ പരീക്ഷകൾ (കെ-ടെറ്റ്, ലാബ് അസിസ്റ്റന്റ് ടെസ്റ്റ്, MOP etc..) പാസായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക - 04692630418, 9447084664

## Matrimonial

**M - 313**

BEd College ൽ Guest teacher ആയി (നെടുംകണ്ടം) ജോലി ചെയ്യുന്ന മലങ്കര കത്തോലിക്കാ യുവതി (25 വയസ് 164 c.m.ഉയരം, ഇരുനിറം) പത്തനംതിട്ട, തിരുവല്ല രൂപതയിലുള്ള, ഗ്രാജുവേഷനിൽ കുറയാത്ത വിദ്യാഭ്യാസ യോഗ്യതയുള്ള യുവാക്കളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചന ക്ഷണി ക്കുന്നു. തിരുവല്ല രൂപതയിൽ സ്ഥിരനിയമന ത്തിന് സാധ്യതയുള്ള യുവതിയാണ്. Contact : 7012738288, 8606804270, 9447497591

**M - 314**

Dubai ൽ Hotel ൽ Store keeper ആയി ജോലി ചെയ്യുന്ന മലങ്കര കത്തോലിക്കാ യുവാവ് (30 വയസ്, 170 c.m. ഉയരം) തിരുവല്ല രൂപതയിലുള്ള യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു. വിദ്യാഭ്യാസം BSc Maths. Contact : 6238058359



തിരുവല്ല എക്യുമെനിക്കൽ ക്ലെർജി ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ നടത്തിയ സഭൈക്യവാര പ്രാർത്ഥനയുടെ സമാപനം സെന്റ് ജോൺസ് കത്തീഡ്രലിൽ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ, യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലിത്താ, റൈറ്റ് റവ. ഡോ. സാബു കെ. ചെറിയാൻ തിരുമേനി എന്നിവർ സംയുക്തമായി നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു. ഫെലോഷിപ്പ് പ്രസിഡന്റ് ഫാ. ഡോ. ഐസക് പറപ്പള്ളിൽ, റവ. ജോജൻ മാത്യൂസ് ജോൺ, ഫാ. സ്കറിയ പറപ്പള്ളിൽ, ഫാ. ചെറിയാൻ ജേക്കബ്, ഫാ. റെജി മാത്യു, ഫാ. കോശി മണ്ണിൽ എന്നിവർ സമീപം.




ഫെബ്രു. 2-ാം തീയതി അമേരിക്ക-കാനഡ ഭദ്രാസനാദ്ധ്യക്ഷൻ അഭി.ഫീലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലീത്തയിൽനിന്ന് വൈദികപട്ടം സ്വീകരിച്ച ഫാ.വർഗ്ഗീസ് അഞ്ചാനിത്തടത്തിലിന് ഐക്യദീപത്തിന്റെ ആശംസകൾ



www.malankaralibrary.com

## മെത്രാഭിഷേക വാർഷികം - ഫെബ്രുവരി

ഫെബ്രുവരി 09



അഭി. ഏബ്രഹാം മാർ യൂലിയോസ് തിരുമേനി (2008)

ഫെബ്രുവരി 19



അഭി. ജോസഫ് മാർ തോമസ് തിരുമേനി (2005)

## ഓർമ്മപ്പെരുനാൾ - ഫെബ്രുവരി

ഫെബ്രുവരി 22




അഭി. തോമസ് മാർ ദിയസ്കോറസ് തിരുമേനി (1943)

## മാർച്ച് 05 കാതോലിക്കാ സ്ഥാനാരോഹണ വാർഷികം (2007)




മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവാ

## മാർച്ച് 18 നാമഹേതുക തിരുനാൾ



അഭി. തോമസ് മാർ കൂറിലോസ് തിരുമേനി

## മാർച്ച് 10 മെത്രാഭിഷേക വാർഷികം (2007)



അഭി. ജേക്കബ് മാർ ബർണബാസ് തിരുമേനി


## മാർച്ച് 13 - മെത്രാഭിഷേക വാർഷികം (2010)




അഭി. തോമസ് മാർ അന്തോണിയോസ്



അഭി. ഫിലിപ്പോസ് മാർ സ്തേഫാനോസ്



അഭി. വിൻസന്റ് മാർ പൗലോസ്



അഭി. സാമുവേൽ മാർ ഐറേനിയോസ്



തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിന്റെ നവതി സമാപനസമ്മേളനം അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്യുന്നു. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ, മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലിത്താ, ആന്റോ ആന്റണി എം.പി., അഡ്വ. മാത്യു ടി. തോമസ് എം.എൽ. എ., മോൺ. ചെറിയാൻ താഴമൺ, ഫാ. ഡോ. ഐസക് പറപ്പള്ളിൽ , ട്രസ്റ്റി എം.കെ.വർക്കി മുളമൂട്ടിൽ, ഷാജി മാത്യു കൂളിയാട്ട്, ഇടവകാംഗങ്ങളായ നഗരസഭാ കൗൺസിലർ സജി മാത്യു, ഗ്രാമപഞ്ചായത്തഗം ബെന്നി ദേവസ്യ എന്നിവർ സമീപം



www.malankaralibrary.com



ത്രിതല പഞ്ചായത്തു തിരഞ്ഞെടുപ്പിൽ വിജയിച്ച തിരുവല്ല അതിഭദ്രാസനത്തിലെ അംഗങ്ങൾ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്തായോടൊപ്പം



അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് പിതാവിന്റെ 66-ാം ഓർമ്മപെരുന്നാളിനോട് അനുബന്ധിച്ച് വാളക്കുഴി കുടുംബം ഏർപ്പെടുത്തിയ വിദ്യാഭ്യാസ സ്കോളർഷിപ്പ്, അഞ്ചേരി ഇടവകാംഗം കുമാരി റോസിയ ബിജുവിന് അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ സമ്മാനിക്കുന്നു. പ്രസിഡന്റ് ശ്രീ. ടോമി ഈപ്പൻ സമീപം.



**സാബു വലിയാഞ്ഞിലിക്കൽ**
വെണ്ണിക്കുളം (LDF)
പുറമറ്റം ഗ്രാമ പഞ്ചായത്ത്



**സിറിയക് തോമസ്**
വെച്ചൂച്ചിറ (LDF)
വെച്ചൂച്ചിറ ഗ്രാമ പഞ്ചായത്ത്



**പൊന്നമ്മ ചാക്കോ**
വെച്ചൂച്ചിറ (UDF)
വെച്ചൂച്ചിറ ഗ്രാമ പഞ്ചായത്ത്

(കഴിഞ്ഞ ലക്കം ഐക്യദീപത്തിൽ ചേർക്കുവാൻ സാധിക്കാതിരുന്ന ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ചവർ)



സെന്റ് ജോൺസ് കത്തീഡ്രൽ ഇടവകാംഗം കൊട്ടുവിരുത്തിൽ കെ.കെ. മാത്യുവിന്റെയും റെനിത സൂസൻ മാത്യുവിന്റെയും മകൻ ലൈജു കോശി മാത്യുവും (എം.സി.വൈ.എം. അതിഭദ്രാസന പ്രസിഡന്റ്), കുരിശുമൂട്ടിൽ ബിജു കെ. ജേക്കബിന്റെയും മോളി സി. പോളിന്റെയും മകൾ ഡോ. ബെക്കി മറിയം ബിജുവും (എം.സി.വൈ.എം. തിരുവല്ല മേഖലാ സെക്രട്ടറി) തമ്മിലുള്ള വിവാഹം അതിഭദ്രാസനാദ്ധ്യക്ഷൻ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ ആശീർവ്വദിച്ചു.



www.malankaralibrary.com



പാണ്ടനാട് തേലപ്പുറത്ത് റ്റി.പി. വർഗീസിന്റെയും മറിയാമ്മ വർഗീസിന്റെയും മകൻ ഡോൺ പി. വർഗീസും, കുമരകം വാക്കയിൽ സോണി തോമസിന്റെയും കൊച്ചുറാണിയുടെയും മകൾ സ്നേഹ സോണിയും തമ്മിലുള്ള വിവാഹം സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ അതിഭദ്രാസനാദ്ധ്യക്ഷൻ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ ആശീർവ്വദിച്ചു.



സെന്റ് ജോൺസ് കത്തീഡ്രൽ ഇടവക ചേരിയിൽ ജി. ജോണിന്റെയും ഷേർലി ജോണിന്റെയും മകൻ ഡോ. രോഹിത് ജോണും, ഓയൂർ ചെങ്കുളം തരകൻബംഗ്ലാവ് ഷാജി ജേക്കബ് തരകന്റെയും ജയ്നസി ഷാജിയുടെയും മകൾ ഡോ. ജിഷ എസ്. തരകനും തമ്മിലുള്ള വിവാഹം സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ അതിഭദ്രാസനാദ്ധ്യക്ഷൻ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ ആശീർവ്വദിച്ചു.

www.malankaralibrary.com

**AIKYADEEPAM MONTHLY**

Marygiri, Tiruvalla, Kerala

Ph : 0469-2600626, Fax : 0469-2600822

Date of Publication : 01.02.2021

Price : ₹10/-

R.N.I. 35982/80

February-March 2021




Printed and Published by Fr. Thomas Kodinattukunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Mangalam Web Media, Kottayam, Kerala, Chief Editor : Rev. Dr. Isaac Parappallil

www.malankaralibrary.com